

# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



Vol. LXXV No. 11 November 2025 പള്ളിക്കൂദാശക്കാലം


50 Years Golden Jubilee
Golden Jubilee Greetings
Fr. KOTHOLIL ANTONY
21-12-1975
Fr. KOTTAYIL JOSEPH
21-12-1975
Fr. POTHEETTEL JOHN
21-12-1975
Fr. THAYYIL SEBASTIAN
21-12-1975
Fr. PERIAPURAM EMMANUEL
10-05-1976
25th Silver Jubilee
Silver Jubilee Greetings
Fr. CHILLACKAL THOMAS
01-01-2001
Fr. KUTTIANICKAL SEBASTIAN
01-01-2001
Fr. PANACKAKU
THOMAS
01-01-2001
Fr. PUZHAKKARA SEBASTIAN
01-01-2001
Fr. THANNIPPARA THOMAS
01-01-2001
MICHAEL
01-01-2001
JACOB
01-01-2001













ഇന്ത്യൻ പ്രസിഡന്റ് ആദരണീയയായ ശ്രീമതി ദ്രൗപദി മുർമു മുഖ്യാതിഥിയായ
സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി സമാപനത്തിന്
അദ്ധ്യക്ഷത വഹിച്ച അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രസിഡന്റിന്
ഉപഹാരം സമ്മാനിക്കുന്നു.



# മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 39–ാം ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് 2025 നവംബർ 21-ാം തീയതി 39 വർഷം പൂർത്തിയാവുകയാണ്. നവംബർ 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 6.45 ന് പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വിശുദ്ധ കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

03.10.2025

**ഉജ്ജയിൻ അതിരൂപതയുടെ മെത്രാപ്പോലീത്ത
അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെ
സ്ഥാനാരോഹണകർമ്മങ്ങളിൽ പങ്കെടുക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്**















19.10.2025

കല്യാൺ അതിരൂപതയുടെ മെത്രാപ്പോലീത്ത
അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ
സ്ഥാനാരോഹണകർമ്മങ്ങളിൽ സംബന്ധിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്













# Priestly Ordination & HOLY QURBANA

**27**
November, 2025
09 : 30 am

**Dn. John Kunnumpurath**

St. Antony the Abbot Church
Elamthottam

**29**
November, 2025
09 : 30 am

**Dn. Sebastian (Dan) Kaduppil**

St. Antony's Church
Paduva

04.10.2025

ഉജ്ജയിൻ റൂഹാലയ സെമിനാരിയിൽ
രൂപത വൈദികവിദ്യാർത്ഥികൾക്കൊപ്പം




പൂനെ പേപ്പൽ സെമിനാരിയിൽ രൂപത
വൈദികവിദ്യാർത്ഥികൾക്കൊപ്പം

20.10.2025



16.10.2025







രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ
വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

13.10.2025








ബിഷപ്സ് ഹൗസിൽനിന്ന് ആരംഭിച്ച കുഞ്ഞച്ചൻ വിളംബര ജാഥ
ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

15.10.2025













സമകാലിക ക്രൈസ്തവ വിദ്യാഭ്യാസമേഖല നേരിടുന്ന പ്രതിസന്ധികളെപ്പറ്റി ചർച്ചചെയ്യാൻ കൂടിയ എക്യുമെനിക്കൽ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

29.09.2025







കർദിനാൾ മാർ ജോർജ് കൂവക്കാട് പിതാവിനെ
ബിഷപ്സ് ഹൗസിൽ സ്വീകരിക്കുന്നു.

16.10.2025





ശങ്കരപുരി എക്യുമെനിക്കൽ ഫോറം സംഘടിപ്പിച്ച
മാർ ക്രിസോസ്തോം സ്മൃതിസംഗമത്തിൽ അധ്യക്ഷത വഹിച്ച്
സംസാരിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**NOVEMBER 2025**
**Vol. LXXV No. 11**

# CONTENTS

ലേഖനം....................................................................763

ലേഖനം....................................................................766

Transfer List....................................................................775

Collection List....................................................................776

വാർത്തകൾ .................................................................... 786

അഭിവന്ദ്യപിതാവിന്റെ ഡയറി .................................................. 838

ലേഖനം

# മാർ ജേക്കബ് തൂങ്കുഴിപ്പിതാവിന് പാലാ രൂപതയുടെ ഹൃദയാഞ്ജലി

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

തൃശൂർ അതിരൂപത ആർച്ചുബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴിപ്പിതാവിന്റെ നിര്യാണത്തിൽ പാലാ രൂപത അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. പാലാ രൂപതയിൽ വിളക്കുമാടം ഇടവകയിലെ പുരാതന ക്രൈസ്തവതറവാടാണ് തൂങ്കുഴിയിൽ. ആത്മീയവും സാമൂഹികവുമായ ഇടപെടലും സ്വാധീനവും വഴി അദ്ദേഹം ഉന്നതസഭാനേതാക്കളിൽ ഒരാളായിത്തീർന്നു.

തൃശൂർ അതിരൂപതയുടെ ചരിത്രത്തിൽ നിർണായകമായ വ്യക്തിത്വമായിരുന്നു മുൻ ബിഷപ്പായിരുന്ന മാർ ജേക്കബ് തൂങ്കുഴിപ്പിതാവ്. സഭയുടെ ആത്മീയവളർച്ചയ്ക്കും, വിദ്യാഭ്യാസ, ആതുര, സാമൂഹികമേഖലകളിലെ പുരോഗതിക്കും, വിശ്വാസികളുടെ ഐക്യത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ എന്നും അനുസ്മരണീയമാണ്.അദ്ദേഹം സേവനമനുഷ്ഠിച്ച എല്ലാ ഇടങ്ങളിലും സൗമ്യനും ദയാലുവുമായ സാന്നിധ്യമായിരുന്നു, പ്രാർത്ഥനാനിരനമായ ഒരു ഉപാസകനെപ്പോലെ. ആത്മീയനേതാവും സഭാസംവിധാനങ്ങളുടെ സ്ഥാപകനുമായിട്ടാണ് അദ്ദേഹത്തെ സഭ ഓർക്കുന്നത്.

സഭാസേവനം അദ്ദേഹത്തിനൊരു പദവി മാത്രമല്ലായിരുന്നു; മറിച്ച്, ഒരു ജീവിതവിളിയായിരുന്നു. വിനയവും ലാളിത്യവും നിറഞ്ഞിരുന്ന അദ്ദേഹത്തിന്റെ ശുശ്രൂഷ ജനങ്ങളുടെ ഹൃദയങ്ങളിൽ വിശ്വാസവും കരുത്തും പകർന്നു. കുരിശിന്റെ വഴിയിൽ നടന്നുകൊണ്ട്, സഭയുടെ ദൗത്യങ്ങളിൽ എന്നും മുൻപന്തിയിലുണ്ടായിരുന്ന അദ്ദേഹം, സാധാരണക്കാരുമായി

ഇടകലർന്ന് അവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കാളിയായി. സ്നേഹത്തിന്റെ അനന്തഖനിയായിരുന്നു പിതാവ്. അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴും ആരോടും മനസ്സിൽ വിദ്വേഷം കൊണ്ടുനടന്നില്ല.

വിദ്യാഭ്യാസത്തോട് അദ്ദേഹം പുലർത്തിയ പ്രതിബദ്ധത ഏറെ പ്രശസ്തമായിരുന്നു. യുവതലമുറയ്ക്കു മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസവും വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ജീവിതവും നൽകേണ്ടതിന്റെ ആവശ്യം അദ്ദേഹം എല്ലായിടത്തും മുന്നോട്ടുവച്ചു. ആഭിമുഖ്യങ്ങളുടെയും അറിവിന്റെയും നൂതനാഭിമുഖ്യങ്ങളുടെയും വിത്തുകൾ വിതറി. പല വിദ്യാഭ്യാസ-സാമൂഹിക സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും അദ്ദേഹത്തിന്റെ നേതൃത്വവും ദീർഘവീക്ഷണവും മാർഗ്ഗദർശനമായി. മേരി മാതാ മേജർ സെമിനാരി, ജൂബിലി മിഷൻ മെഡിക്കൽ കോളജ്, ജ്യോതി എഞ്ചിനീയറിങ് കോളജ്, ക്രിസ്തുദാസി സൊസൈറ്റി എന്നിവയുടെ സ്ഥാപകനാണ് മാർ ജേക്കബ് തൂങ്കുഴി. പിതാവിന്റെ ശാന്തപ്രകൃതത്തിൽ സർഗസൂര്യൻ പ്രകാശിച്ചു എന്നുതന്നെ പറയാം. തെളിച്ചവും വെളിച്ചവും ഉള്ള ഫലിതം നിറഞ്ഞ വർത്തമാനങ്ങളായിരുന്നു അദ്ദേഹത്തിന്റേത്.

തൃശ്ശൂർ, താമരശ്ശേരി, മാനന്തവാടി എന്നീ മൂന്നു രൂപതകളിൽ നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ ആത്മീയവും സാമൂഹികവുമായ സ്വാധീനം മായാത്തതാണ്. തൃശൂർനഗരവും വിശ്വാസികളും അദ്ദേഹത്തെ തങ്ങളിലൊരാളായി സ്നേഹിക്കാൻ പഠിച്ചു. വളരെ നല്ല ഒരു ധ്യാനപ്രസംഗകൻകൂടിയായിരുന്നു അദ്ദേഹം. ചെറിയ ശബ്ദത്തിലൂടെയുള്ള വാക്കുകളിൽ അഴകാഴങ്ങളുടെ ആകർഷകത്വം നിലനിർത്തി. കത്തുകൾ എഴുതുകയും എല്ലാ കത്തുകൾക്കും മറുപടി അയയ്ക്കുകയും ചെയ്തുകൊണ്ട് 'കത്തുകളുടെ കല' വളർത്തിയ അപൂർവ വ്യക്തിത്വമാണ് തൂങ്കുഴിപ്പിതാവ്.

വിനയത്തിന്റെ, പ്രാർത്ഥനയുടെ, സേവനത്തിന്റെ പ്രതീകമായിരുന്നു മാർ തൂങ്കുഴിപ്പിതാവ്. അദ്ദേഹം സഭയ്ക്കു

നൽകിയ സേവനം, ആത്മീയജീവിതത്തിൽ വിതച്ച വിത്തുകൾ, വിശ്വാസികളുടെ ഹൃദയങ്ങളിൽ എന്നും ജീവിക്കുന്നുണ്ട്. അനേകർക്കു പിതാവ് ഒരു സിദ്ധൗഷധമായിരുന്നു. ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ, സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നൽകിയ മഹത്തായ സംഭാവനകൾക്കു നന്ദി പറയുന്നു. അദ്ദേഹത്തിന്റെ ജീവിതം വിശ്വാസികൾക്കുമുന്നിൽ ഒരിക്കലും മായാത്ത ഒരു മാതൃകയായി നിലകൊള്ളും. അനേകരുടെ മനസ്സിൽ പിതാവിനെക്കുറിച്ചുള്ള ഓർമ്മകളുടെ കടൽ ഇരമ്പുന്നുണ്ട്. കണ്ണടയുവോളം കർമ്മനിരതനായിരുന്ന പിതാവ് ഇനി നിത്യതയിൽ വിശ്രമിക്കട്ടെ. മരണത്തിലൂടെ ശരീരം വീണുടഞ്ഞാലും ഉള്ളിലെ വെട്ടം കെടുന്നില്ല. ധന്യവും ഋഷിതുല്യവുമായ ആ ജീവിതം ഒരു പുഴപോലെ ഒഴുകി നിത്യതയിലേക്കു പ്രവേശിക്കുന്നു. ഗ്രഹണം സംഭവിച്ചാലും സൂര്യൻ കുറച്ചുകഴിയുമ്പോൾ ഇരുട്ടിൽനിന്നു പുറത്തുവരും. തൂങ്കുഴിപ്പിതാവിനെക്കുറിച്ചുള്ള ഓർമ്മ കാലാതിവർത്തിയാകുന്നു.

---

*NB: ഈ ലേഖനം 2025 സെപ്റ്റംബർ മാസം 18 ന് ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്.*

ലേഖനം

# കാലം കാത്തുസൂക്ഷിച്ച കെടാവിളക്ക്

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

അറിവിന്റെ വൻമരമായ പാലാ സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനംജൂബിലിയാഘോഷം, നന്ദിയോടെ കഴിഞ്ഞ കാലത്തേക്കു നോക്കാനും അഭിമാനത്തോടെ ഈ കാലത്തെ കാണാനും പ്രതീക്ഷയോടെ ഭാവിയെ നോക്കാനുമുള്ള അവസരമാണല്ലോ. കാർഷികപാരമ്പര്യത്തിലധിഷ്ഠിതവും വിവിധ മതവിശ്വാസങ്ങളാൽ സമ്പന്നവുമായ പാലായിലും പരിസര പ്രദേശങ്ങളിലും കഴിഞ്ഞ നൂറ്റാണ്ടുകളിൽ ആശാൻകളരികൾ ആയിരുന്നു അക്ഷരങ്ങളിലേക്കുള്ള കുഞ്ഞുങ്ങളുടെ കിളിവാതിൽ. പള്ളിക്കൂടങ്ങൾ അക്ഷരങ്ങളിൽനിന്നും അറിവിന്റെ മഹാവിസ്മയത്തിലേക്ക് അവരെ നയിച്ചു.

ഉന്നതവിദ്യാഭ്യാസത്തിനായി ഒരു കോളജ് സ്ഥാപിക്കണമെന്ന ആഗ്രഹത്തിന്റെ ആദ്യഘട്ടമെന്നനിലയിൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിനെ ഒരു സെക്കന്റ് ഗ്രേഡ് കോളജായി ഉയർത്തണമെന്ന ആശയത്തെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പാലാ വലിയപള്ളിവികാരിയായിരുന്ന ബഹുമാനപ്പെട്ട കുളംകുത്തിയിൽ ദേവസ്യാ കത്തനാർ, കെ.സി. സെബാസ്റ്റ്യൻ, എ.ഒ. ജോസഫ്, ജോർജ് തോമസ് കൊട്ടുകാപ്പള്ളി, മാത്യു സി. കട്ടക്കയം എന്നിവരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. മദ്രാസ് യൂണിവേഴ്സിറ്റിയിലാണ് ആദ്യ അപേക്ഷ സമർപ്പിച്ചതെങ്കിലും തിരുവിതാംകൂർ യൂണിവേഴ്സിറ്റി ഉടൻ ആരംഭിക്കാൻ നീക്കം നടക്കുന്നതിനാൽ തിരുവിതാംകൂർഗവൺമെന്റിനാണ് അപേക്ഷ നല്കേണ്ടത് എന്നായിരുന്നു മദ്രാസ് യൂണിവേഴ്സിറ്റി അധികൃതരുടെ നിലപാട്. തുടർന്ന് ദിവാൻ സി.പി. രാമസ്വാമി അയ്യർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കുവാൻ പിന്നെയും കാത്തിരിക്കേണ്ടിവന്നു. 1937 ൽ

ആരംഭിച്ച ഉദ്യമങ്ങൾ ലക്ഷ്യത്തോടടുക്കുന്നത് ഭാരതം സ്വത ന്ത്രമായതിനുശേഷമാണ്. ദിവാൻഭരണം അവസാനിച്ചതിനു ശേഷം പാലാ വലിയപള്ളി വികാരിയായിരുന്ന ബഹുമാനപ്പെട്ട എമ്മാനുവേൽ മേച്ചേരിക്കുന്നേലച്ചൻ 1948 ഓഗസ്റ്റ് 15 ന് തിരു വിതാംകൂർ സർക്കാരിന് ഒരു അപേക്ഷകൂടി സമർപ്പിക്കുകയും 1949 ഓഗസ്റ്റ് 22 ന് പാലായിൽ ഒരു മഹാപൗരസമ്മേളനം വിളി ച്ചുചേർക്കുകയും ചെയ്തു. ചങ്ങനാശ്ശേരി എസ്.ബി. കോളജ് പ്രിൻസിപ്പലായിരുന്ന ബഹുമാനപ്പെട്ട വില്യം സി.ഡി. അച്ചനാ യിരുന്നു യോഗത്തിന്റെ അധ്യക്ഷൻ. കോളേജിന് അനുവാദ വും ആശീർവാദവും നല്കിക്കൊണ്ടുള്ള അഭിവന്ദ്യ ജയിംസ് കാളാശ്ശേരിപ്പിതാവിന്റെ കത്ത് യോഗത്തിൽ വായിച്ചു. നിർമ്മാ ണക്കമ്മിറ്റിയുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ട ഫാ. മാണി സെബാസ്റ്റ്യൻ വയലിൽ കളപ്പുരയാണ് അന്നു സ്വാഗതപ്രസംഗം നടത്തിയത്.

പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ആദ്യത്തെ ജന കീയമന്ത്രിസഭ തിരുവിതാംകൂർഭരണം ഏറ്റെടുത്ത സന്ദർഭത്തിൽ ആർ.വി. തോമസ്, ചെറിയാൻ ജെ. കാപ്പൻ, കെ. എം. ചാണ്ടി എന്നിവർ നിയമസഭാംഗങ്ങൾ എന്ന നിലയിൽ ചെലുത്തിയ സ്വാധീനവും ശ്രീ ജോർജ് തോമസ് കൊട്ടുകാപ്പള്ളിയുടെയും വയലിൽ കളപ്പുരമാണിയച്ചന്റെയും നേതൃത്വത്തിൽ നടന്നു കൊണ്ടിരുന്ന ശ്രമങ്ങളും കോളജ് സ്ഥാപിക്കുന്നതിനുവേണ്ടി നടത്തിയ പരിശ്രമങ്ങളെ ലക്ഷ്യത്തോടടുപ്പിച്ചു. 1949 ഡിസം ബർ 6 ന് കോളജിന് താത്കാലിക അനുമതി ലഭിച്ചു. 1950 ൽ ചങ്ങനാശ്ശേരി രൂപത അഡ്മിനിസ്ട്രേറ്റർ മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ പാലായിൽ ഒരു കോളജ് ആരംഭിക്കു വാൻ കല്പന പുറപ്പെടുവിച്ചു.

1950 ഏപ്രിൽ 16 ന് മദ്രാസ് ആർച്ചുബിഷപ് മാർ മത്യാസ് തിരുമേനി കോളജിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. തുടർന്ന് ഇന്റർമീഡിയറ്റ് ക്ലാസുകൾ ആരംഭിക്കാനുള്ള അനുവാദം ലഭി ക്കുകയും വിദ്യാർത്ഥികളിൽനിന്നു പ്രവേശനത്തിന് അപേക്ഷ

ക്ഷണിക്കുകയും ചെയ്തു. 1950 ഓഗസ്റ്റ് 7 ന് അഭിവന്ദ്യ തോമസ് തറയിൽപിതാവ് കോളജിന്റെ ഉദ്ഘാടനം നിർവഹിച്ചു. അതേദിനം തന്നെയാണ് പാലാ രൂപതയുടെ പ്രഥമ മെത്രാനായി വയലിൽ കളപ്പുര മാണിയച്ചൻ നിയുക്തനായത് എന്നതു ധന്യമായ മറ്റൊരു സ്മരണയാണ്. 'ആരോഗ്യവാന്മാരും ഐശ്വര്യവാന്മാരും വിജ്ഞാനികളും സന്മാർഗനിഷ്ഠരുമായ ഒരു തലമുറയെ സൃഷ്ടിക്കുക എന്ന സ്വപ്നമായിരുന്നു പാലാ സെന്റ് തോമസ് കോളജിന്റെ പിറവിക്കു പിന്നിലെ വലിയ പ്രചോദന' മെന്ന് കോളജിന്റെ സ്ഥാപകപിതാവുകൂടിയായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി അനുസ്മരിച്ചിട്ടുണ്ട്.

ജവഹർലാൽ നെഹ്റുവിന്റെ സാമ്പത്തികോപദേഷ്ടാവും ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയുടെ പ്രതിനിധിയുമായിരുന്ന ഡോ. പി.ജെ. തോമസായിരുന്നു പ്രഥമപ്രിൻസിപ്പൽ. പ്രൊഫ. വി. ജെ. ജോസഫ് വൈസ് പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. മുന്നൂറിലധികം വിദ്യാർത്ഥികളും 14 അധ്യാപകരും ഏതാനും അനധ്യാപകരുമാണ് ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നത്. 1953 ഡിസംബർ 1 ന് പൗരസ്ത്യ തിരുസംഘം സെക്രട്ടറി കർദിനാൾ ടിസറന്റ് കോളജിന്റെ പ്രധാനമന്ദിരമായ 'എ' ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. കോളജിന്റെ രണ്ടാമത്തെ പ്രിൻസിപ്പലും കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗവുമായിരുന്ന മോൺ. ജോസഫ് കുരീത്തടത്തിലച്ചന്റെ നേതൃത്വത്തിലാണ് അക്കാദമിക്മേഖലയിലും ഭൗതികരംഗത്തും സെന്റ് തോമസ് കോളജ് ശക്തമായി നിലയുറപ്പിച്ചത്. ഒട്ടനേകം പുതിയ കോഴ്സുകൾ ആരംഭിച്ചതും പുതിയ കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കപ്പെട്ടതും ഇക്കാലഘട്ടത്തിലായിരുന്നു. മഹത്തായ സ്വപ്നങ്ങളുടെയും ഉന്നതമായ ദീർഘവീക്ഷണത്തിന്റെയും തുടർച്ചയെന്നവണ്ണം ദേശീയതലത്തിലും അന്തർദേശീയതലത്തിലും വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം വ്യക്തികളെ സമൂഹത്തിന് സമ്മാനിച്ചുകൊണ്ടാണ് സെന്റ് തോമസ് കോളജ് 75 വർഷം പിന്നിടുന്നത്.

വിദ്യാഭ്യാസ സാംസ്കാരിക രാഷ്ട്രീയമേഖലകളിൽ വലിയ സംഭാവനകളാണ് സെന്റ് തോമസ് കോളജ് നല്കിയിട്ടുള്ളത്. രാഷ്ട്രീയനേതാക്കൾ, മന്ത്രിമാർ, ഭരണാധികാരികൾ, ശാസ്ത്രജ്ഞർ, വൈസ് ചാൻസിലർമാർ, സാഹിത്യകാരന്മാർ, കായികതാരങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച അനേകം വ്യക്തികൾ കോളജിൽ പഠിച്ചിരുന്നവരും പഠിപ്പിച്ചിരുന്നവരുമാണ് എന്നു പറയുന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. എം.ജി. യൂണിവേഴ്സിറ്റിയുടെ പ്രഥമ വൈസ് ചാൻസിലർ ഡോ. എ.റ്റി. ദേവസ്യാ ഈ കോളജിലെ അധ്യാപകനായിരുന്നു. പിന്നീട് ഡോ. സിറിയക് തോമസ്, ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവരും സെന്റ് തോമസിലെ അധ്യാപകനിരയിൽനിന്ന് മഹാത്മാഗാന്ധി സർവകലാശാലയുടെ വൈസ് ചാൻസലർ പദവിയിലെത്തി. കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. എൻ. ഉണ്ണികൃഷ്ണൻ നായർ സെന്റ് തോമസ് കോളേജിലെ പൂർവവിദ്യാർത്ഥിയാണ്. മുൻ വനംവകുപ്പുമന്ത്രി പ്രൊഫ.എൻ.എം. ജോസഫ്, മുൻ എം. എൽ.എ വി. ജെ. ജോസഫ്, മുൻ ഗവർണർ കെ. എം. ചാണ്ടി എന്നിവർ സെന്റ് തോമസിലെ അധ്യാപകരായിരുന്നു. ഇപ്പോൾ കേന്ദ്രമന്ത്രിയായിരിക്കുന്ന ശ്രീ. ജോർജ് കുര്യൻ, സംസ്ഥാന ജലവിഭവവകുപ്പു മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ, ആന്റോ ആന്റണി എം.പി, ഗ്രേറ്റ് ബ്രിട്ടൺ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് സഹായ മെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, മുൻ എം.പി മാരായ ജോയി എബ്രാഹം, ജോയി നടുക്കര, മുൻ എം.എൽ.എ ജോസഫ് വാഴയ്ക്കൻ, സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന കെ.ജി. ബാലകൃഷ്ണൻ, ജസ്റ്റിസ് സിറിയക് ജോസഫ്, മുൻ ചീഫ് സെക്രട്ടറിമാരായ കെ.ജെ. മാത്യു IAS,ടോം ജോസ് IAS മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയും വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷൻ ചെയർമാനുമായ ടി.കെ ജോസ് IAS, സിബി ജോർജ് IFS, സക്കീർ തോമസ് IRS, ജ്യോതിസ് മോഹൻ IRS, അഗസ്റ്റിൻ

പീറ്റർ IES, ഗഹന നവ്യ ജയിംസ് IFS, പ്രസിദ്ധ സാഹിത്യകാരൻ സക്കറിയ, ചലച്ചിത്രതാരം മിയ ജോർജ് എന്നിങ്ങനെ ശ്രദ്ധേയരായ ഒട്ടേറെ വ്യക്തികൾ ഉൾപ്പെട്ട പൂർവവിദ്യാർത്ഥിനിര കൊണ്ടും സെന്റ് തോമസ് കോളേജ് സമ്പന്നമാണ്.

കായികരംഗത്ത് സെന്റ് തോമസ് കോളജിന്റെ സംഭാവനകൾ നിസ്തുലമാണ്. അർജുന അവാർഡ്ജേതാക്കളായ ജിമ്മി ജോർജ്, വിൽസൺ ചെറിയാൻ, ദ്രോണാചാര്യ അവാർഡ് ജേതാവ് എൻ.എസ് പ്രദീപ്, ജി. വി. രാജ അവാർഡ് ജേതാവ് മനോജ് ലാൽ എന്നിവരിലൂടെ സെന്റ് തോമസ് കോളജിന്റെ യശസ്സ് ആഗോളതലത്തിലുയർത്തപ്പെട്ടു.

ആധുനികവിദ്യാഭ്യാസകാലഘട്ടത്തിലും സെന്റ് തോമസ് കോളജ് അതിന്റെ പ്രയാണം ഉർജ്ജസ്വലമായി തുടരുന്നു. 2021 ൽ നടന്ന നാക് റീ അക്രിഡിറ്റേഷനിൽ A++ ഗ്രേഡ് കരസ്ഥമാക്കി. 2024 ൽ ഓട്ടോണമസ്പദവിയിലേക്ക് ഉയർത്തപ്പെട്ടു. വിദ്യാഭ്യാസമേഖലയിൽ എല്ലാവർക്കും തുല്യമായ അവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ പ്രോഗ്രാമുകളിലും പെൺകുട്ടികൾക്കു പ്രവേശനം ഉറപ്പാക്കിക്കൊണ്ടാണ് കോളജ് പ്ലാറ്റിനം ജൂബിലിക്കു തുടക്കം കുറിച്ചത്. നിലവിൽ 2200 ൽ പരം വിദ്യാർത്ഥികളും 150 ൽ പരം അധ്യാപകരും 46 അനധ്യാപകരുമാണ് കോളജിലുള്ളത്.

കോളജിൽ ആദ്യമായി ബിരുദാനന്തരബിരുദകോഴ്സ് ആരംഭിക്കുന്നത് 1957 ൽ ഹിന്ദി വിഭാഗത്തിലാണ്. കോളജിൽ ഏറ്റവും ആദ്യം ഗവേഷണകേന്ദ്രമായി മാറിയതും ഏറ്റവും കൂടുതൽ പി.എച്ച്ഡി. അവാർഡ് ചെയ്യപ്പെട്ടതും ഹിന്ദി വിഭാഗത്തിൽത്തന്നെയായിരുന്നു. കോളജിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ സന്ദർഭവും സാഹചര്യവുമനുസരിച്ച് വ്യത്യസ്ത വിഷയങ്ങളിൽ ബിരുദപ്രോഗ്രാമുകളും ബിരുദാനന്തര പ്രോഗ്രാമുകളും ഗവേഷണവിഭാഗങ്ങളും ആരംഭിച്ചു. നിലവിൽ 15 യു.ജി. പ്രോഗ്രാമുകളും, 16 പി.ജി. പ്രോഗ്രാമുകളും, 11 പി.എച്ച്.ഡി. പ്രോഗ്രാമുകളും കോളജിലുണ്ട്. മാനവികവിഷയങ്ങൾ

ക്കും ശാസ്ത്രവിഷയങ്ങൾക്കുമൊപ്പം തൊഴിലധിഷ്ഠിതകോഴ്സുകൾക്കും കോളജ് പ്രാധാന്യം നല്കുന്നു. ബി.എസ്.സി. സൈക്കോളജി, എം.എസ്.സി. ഫുഡ് സയൻസ് ആൻഡ് ടെക്നോളജി എന്നീ കോഴ്സുകളും ബി.സി.എ. യുടെ ഒരു അധികബാച്ചുമാണ് ഈ വർഷം ആരംഭിച്ചത്. കൂടാതെ മൈക്രോബയോളജി, ബയോസ്റ്റാറ്റിസ്റ്റിക്സ്, ബയോടെക്നോളജി തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളും നമുക്കുണ്ട്. സിവിൽ സർവീസ് പരിശീലനരംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് കോളേജ് കാമ്പസിലാണ് ആരംഭിച്ചതും വികസിച്ചതും. കോളജ് വിദ്യാർത്ഥികൾക്ക് ബിരുദപഠനത്തോടൊപ്പം സിവിൽ സർവീസ് ഉൾപ്പെടെയുള്ള വിവിധ മത്സരപ്പരീക്ഷകൾക്കു പരിശീലനം നൽകുവാനും ഇൻസ്റ്റിറ്റ്യൂട്ട് വഴി സാധിക്കുന്നു.

ഇക്കാലഘട്ടത്തിലും അക്കാദമിക്-അക്കാദമികേതര മണ്ഡലത്തിൽ നമ്മുടെ ശ്രദ്ധ സജീവമാണ്. കോളജിൽ പ്രവർത്തിക്കുന്ന കരിയർ ആൻഡ് പ്ലേസ്മെന്റ് സെല്ലിലൂടെ വിദ്യാർത്ഥികൾക്കു മികച്ച സ്ഥാപനങ്ങളിൽ ജോലിനേടാനുള്ള അവസരം ലഭിക്കുന്നു. അർണോസ് പാതിരി ചെയർ, ഫാ. കുര്യാക്കോസ് പാറപ്ലാക്കൽ ചെയർ, റവ.ഡോ. കുര്യൻ മറ്റം ഫൗണ്ടേഷൻ, ഡോ. പി.ജെ. തോമസ് സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് തുടങ്ങിയവയുടെയും, ഡിപ്പാർട്മെന്റുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിവിധ അസോസിയേഷനുകളുടെയും എൻ.സി.സി., എൻ.എസ്.എസ്. മുതലായ സന്നദ്ധസംഘടനകളുടെയും വിവിധ ആർട്സ്, സ്പോർട്സ് ക്ലബ്ബുകളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ സമഗ്രമായ വികസനം കോളജ് ഉറപ്പുവരുത്തുന്നു. വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം വഴിയായി സ്ഥാപിച്ചിരിക്കുന്ന ഉടമ്പടിവഴി വിദ്യാർത്ഥികൾക്കു വൈവിധ്യമാർന്ന ഗവേഷണപദ്ധതികൾക്കും കോളജ് അവസരമൊരുക്കുന്നു.

ഒളിമ്പിക്നിലവാരത്തിലുള്ള സ്വിമ്മിങ് പൂൾ, വുഡൻ ഫ്ളോറിങ്ങിലുള്ള മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം, ടെന്നീസ് കോർട്ട്, മൂന്ന് ടർഫ് വിക്കറ്റുകളോടു കൂടിയ ക്രിക്കറ്റ് ഫീൽഡ്, ഇൻഡോർ-ഔട്ട്ഡോർ സൗകര്യങ്ങളോടുകൂടിയ വോളിബോൾ-ബാസ്കറ്റ്ബോൾ കോർട്ടുകൾ, രണ്ടു ഫുട്ബോൾ സ്റ്റേഡിയം എന്നിവയും ക്രിക്കറ്റ്, വോളിബോൾ, സ്വിമ്മിങ്, അത്ലറ്റിക്സ് അക്കാദമികളും ഇന്നു കോളജിനു സ്വന്തമാണ്. ഇന്റഗ്രേറ്റഡ് സ്പോർട്സ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ബാഡ്മിന്റൺ അക്കാദമിയിലൂടെ സ്കൂൾതലം മുതലുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന-ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കാനും മികച്ച വിജയം നേടുവാനും സാധിക്കുന്നു.

കാലഘട്ടത്തിന്റെ ചുവരെഴുത്തു വായിച്ച കർമ്മയോഗി അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ നിശ്ചയദാർഢ്യമാണ് പാലായ്ക്കു വിജ്ഞാനത്തിന്റെ മഹാത്ഭുതമായ സെന്റ് തോമസ് കോളജിനെ സമ്മാനിച്ചത്. 'എന്റെ സർവശ്രദ്ധയും കോളജ് സ്ഥാപനത്തിലായിരുന്നു. എന്റെ സമയവും കഴിവുകളും അതിനുവേണ്ടി പൂർണ്ണമായി സമർപ്പിച്ച് അദ്ധ്വാനിച്ചുകൊണ്ടിരുന്നു. പാലായിൽ ഒരു കോളേജ് സ്ഥാപിക്കുക എന്നത് എന്റെ ജീവിതാഭിലാഷമായിരുന്നു. നമ്മുടെ കുട്ടികൾ വിദ്യയഭ്യസിച്ച് ജ്ഞാനികളും സംസ്കൃതചിത്തരുമായിത്തീരുന്നതു വഴി വീടും നാടും നന്നാകുമല്ലോ എന്ന ചിന്തയാണ് എന്നെ നയിച്ചിരുന്നത്. അതിനുവേണ്ടി പരിശ്രമിക്കുന്നതും ക്ലേശങ്ങൾ സഹിക്കുന്നതും എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്തു...' എന്നാണ് കോളജിന്റെ സ്ഥാപനത്തെക്കുറിച്ചു വയലിൽ പിതാവ് തന്റെ ആത്മകഥയിൽ കുറിച്ചത്. വയലിൽപിതാവിന്റെ സ്വപ്നസാക്ഷാത്കാരത്തിനുവേണ്ടി കർമ്മോത്സുകതയോടെ പ്രവർത്തിച്ച അഭിവന്ദ്യ ജോസഫ് പള്ളിക്കാപറമ്പിൽപിതാവും ഈ കോളജിനെ രൂപതയുടെ അഭിമാനമായി കരുതി അതിനെ സമഗ്രവളർച്ചയിലേക്കു നയിച്ചു. പാലാരൂപതയോളം ചരിത്ര

മുള്ള ഈ വിജ്ഞാനകേന്ദ്രം രൂപതയുടെ ബാലാരിഷ്ടതയിലും അറിവിന്റെ വെളിച്ചത്തിനു നേർക്കു തുറന്ന സഭയുടെ കണ്ണുകളായി. വിദ്യാഭ്യാസത്തിലൂടെ ദരിദ്രരുടെ ഉന്നമനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ, പൊതുസമൂഹത്തോടുള്ള സഭയുടെ ഉത്തരവാദിത്വത്തിന്റെ പ്രതീകമായി ഈ കലാലയം നിലകൊള്ളുന്നു. നവീനമായ ആശയങ്ങളും ധാർമ്മികചിന്തകളും ഉജ്ജ്വലമായ കാഴ്ചപ്പാടുകളും ജാതിമതഭേദമെന്യേ വിദ്യാർത്ഥിലോകത്തിനു നൽകുവാൻ തക്കവിധം ശക്തമായ ഉപാധിയായി വിദ്യാഭ്യാസത്തെ രൂപപ്പെടുത്താനുള്ള പ്രതിബദ്ധതയാണ് ഈ കോളജിന്റെ മുഖമുദ്ര. കഴിഞ്ഞ 75 വർഷങ്ങളിലും ഗുണമേന്മയും മൂല്യബോധവുമുള്ള വിദ്യാഭ്യാസം നൽകുക എന്ന ശുശ്രൂഷയിൽനിന്ന് ഈ സ്ഥാപനം ഒരടിപോലും പിന്നോട്ടുപോയിട്ടില്ല എന്ന് അഭിമാനത്തോടെ എനിക്ക് പറയാനാവും. ഈ പ്രഖ്യാപിതലക്ഷ്യത്തെ അഭംഗുരം കാത്തുസൂക്ഷിക്കുവാൻ കോളജിന്റെ മാനേജർ മോൺ. ഡോ. ജോസഫ് തടത്തിൽ അക്ഷീണം പ്രയത്നിക്കുന്നു എന്നത് ഏറെ അഭിമാനകരവും സന്തോഷദായകവുമാണ്. പ്രിൻസിപ്പൽ ഡോ. സിബി ജെയിംസിന്റെ നേതൃത്വത്തിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും ദീർഘവീക്ഷണവും കഠിനാധ്വാനവും കോളജിന് കൂടുതൽ കരുത്തേകുന്നു. ഈ കലാലയത്തിൽ നിന്നു പഠിച്ചിറങ്ങിയ പൂർവവിദ്യാർത്ഥികളുടെയും ഇപ്പോഴത്തെ വിദ്യാർത്ഥികളുടെയും സന്തോഷത്തിൽ ഞാൻ പങ്കുചേരുന്നു. ഈ സ്ഥാപനം യാഥാർഥ്യമാകുന്നതിന് അക്ഷീണം പരിശ്രമിച്ചവർക്കും ഇതിനെ വളർത്തിയ  മുൻ മാനേജർമാർ, പ്രിൻസിപ്പൽമാർ, അധ്യാപകർ, അനധ്യാപകർ എന്നിവർക്കും ഇതിന്റെ ഗുണപരമായ വളർച്ചയ്ക്കു നിരന്തരം സംഭാവന ചെയ്യുന്ന എല്ലാ നല്ല മനസ്സുകൾക്കും നന്ദി.

ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ ഗാന്ധി, മുൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാം,

മുൻ ഗവർണർ വി.വി. ഗിരി, മുൻമേഘാലയ ഗവർണർ എം എം. ജേക്കബ്, കേരളത്തിന്റെ മുൻമുഖ്യമന്ത്രിമാരായിരുന്ന ശ്രീ ഇ.കെ നായനാർ, ശ്രീ ഉമ്മൻ ചാണ്ടി, നൊബേൽ സമ്മാന ജേതാക്കളായ പ്രൊഫ. അദാ ഇ.യോനാഥ്, പ്രൊഫ. ക്ലോസ് വോൺ ക്ലിറ്റ്സിങ്ങ്, ലോകപ്രശസ്ത സ്കോട്ടിഷ് ചരിത്രകാര നായ വില്യം ഡാൽറിംപിൾ തുടങ്ങിയ പ്രശസ്ത വ്യക്തികളുടെ മഹനീയസാന്നിധ്യത്താൽ അനുഗൃഹീതമായ ഈ കലാലയം അതിന്റെ പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ ഇന്ത്യയുടെ പ്രസി ഡന്റ് ആദരണീയയായ ശ്രീമതി ദ്രൗപദി മുർമുവിന്റെ ശ്രേഷ്ഠസ ന്ദർശനത്തിലൂടെ കൂടുതൽ യശസ്സിലേക്കും വിജ്ഞാനത്തിന്റെ ശോഭയിലേക്കും കുതിക്കട്ടെ. മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തി ലൂടെയും ക്രിയാത്മകപദ്ധതികളിലൂടെയും വരും തലമുറകളെ നല്ല പൗരന്മാരായി രൂപപ്പെടുത്തുവാൻ സെന്റ് തോമസ് കോളേ ജിന് ഈ പ്ലാറ്റിനം ജൂബിലിവർഷം പ്രചോദനമാകട്ടെ.

---

*NB: ഈ ലേഖനം 2025 ഒക്ടോബർ മാസം 23ന് ദീപിക, മലയാള മനോരമ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചത്.*

# കച്ചേരിക്കാര്യം

## Transfers & Appointments

Very Rev. Frs/Rev. Frs

| | |
|---|---|
| Fr. Vanchipurackal Abraham | Vicar, Mallikassery |
| Fr. Paravummel Joseph | Asst. Manager, Sea-view Estate Parathanam |
| Fr. Mukkamkuzhiyil Kurian | Secretary to Bishop |
| Fr. Pendanam Sebastian | German Language Study,<br>Residence at Alphonsian Pastoral Centre |

## അറിയിപ്പ്

ഈ വർഷത്തെ സബർമതി മിഷൻ ദിനം നവംബർ 23 ഞായറാഴ്ചയാണ്. അന്നത്തെ സംഭാവനശേഖരണം സബർമതി മിഷനെ സഹായിക്കാൻ വേണ്ടിയാണ്. അന്നേദിവസം പിരിഞ്ഞുകിട്ടുന്ന തുക ഡിസംബർമാസം 15-ാം തീയതിക്കകം രൂപതാകേന്ദ്രത്തിൽ ഏല്പിക്കണം. തുക ചെക്കായിട്ടു മാത്രമേ സ്വീകരിക്കൂ. REGINA MANAV SEVA TRUST VADODARA എന്ന പേരിലാണ് ചെക്ക് എഴുതേണ്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

പൗരോഹിത്യത്തിന്റെ സുവർണ - രജത ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ കൂട്ടായ്മ 2025 നവംബർമമാസം 25, 26 തീയതികളിൽ ബിഷപ്സ് ഹൗസിൽ നടത്തപ്പെടുന്നു. 25-ാം തീയതി 6.30 pm ന് ജൂബിലേറിയൻസ് എത്തിച്ചേരുമല്ലോ.

## വൈദികസമ്മേളനം

നമ്മുടെ രൂപതയിലെ വൈദികരുടെ സമ്മേളനം (പ്രസ്ബിത്തേരിയം) ഡിസംബർ 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെടുന്നു.

## COLLECTION LIST FROM APRIL TO OCTOBER

| No | Parish | AKCC | Jesus Fraternity | Justice Sunday | Peters Pence | KCYM | Mathru Dinam | Sabha Dinam | Mass Media |
|---|---|---|---|---|---|---|---|---|---|
| 1 | Adivaram | 370.00 | | | | | | | |
| 2 | Adukkam | 500.00 | | | | | | | |
| 3 | Aimkombu | 1500.00 | 750.00 | 1250.00 | 1000.00 | 1250.00 | 1500.00 | 3620.00 | 750.00 |
| 4 | Alphonsagiri | 500.00 | | | | | | | |
| 5 | Alphonsapuram | 500.00 | 500.00 | 500.00 | 1000.00 | 1000.00 | 1000.00 | 1850.00 | 500.00 |
| 6 | Amparanirappel | 1100.00 | 850.00 | 900.00 | 1500.00 | 900.00 | 1100.00 | 4000.00 | 750.00 |
| 7 | Anthialam | 1000.00 | | | | | | | |
| 8 | Anthinad | 616.00 | 346.00 | 415.00 | 1155.00 | 1112.00 | 1216.00 | 9010.00 | 222.00 |
| 9 | Arakkulam New | 2000.00 | | | | | | | |
| 10 | Arakkulam Old | 900.00 | | | | | | | |
| 11 | Arunapuram | 2000.00 | 1000.00 | 2000.00 | 2000.00 | 1500.00 | 1500.00 | 3000.00 | 1500.00 |
| 12 | Arunnoottimangalam | 2975.00 | 2140.00 | 2625.00 | 4230.00 | 1000.00 | 3304.00 | 5302.00 | 1000.00 |
| 13 | Aruvithura | 15280.00 | 2000.00 | 7500.00 | 2000.00 | 3000.00 | 3000.00 | 25460.00 | 2000.00 |
| 14 | Ayyampara | | 400.00 | 500.00 | | 500.00 | | 2284.00 | 400.00 |
| 15 | Bharananganam | 3000.00 | 3500.00 | 3500.00 | 3500.00 | 3500.00 | 3500.00 | 21276.00 | 3500.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 16 | Chakkampuzha | 8150.00 | | | 8603.00 | 8526.00 | 8770.00 | 5949.00 | |
| 17 | Chemmalamattam | 7300.00 | 6200.00 | 7100.00 | 7550.00 | 7150.00 | 6900.00 | 19467.00 | 6800.00 |
| 18 | Chempilavu | 2100.00 | 2010.00 | 2110.00 | 2060.00 | 2060.00 | 2050.00 | 3430.00 | 2380.00 |
| 19 | Chennadu | 2000.00 | 1165.00 | 1500.00 | 3710.00 | 1805.00 | 2390.00 | 5600.00 | 1335.00 |
| 20 | Cherpunkal | 16736.00 | 10000.00 | 22000.00 | 21000.00 | 22000.00 | 20000.00 | 19000.00 | 10000.00 |
| 21 | Chettuthodu | 1000.00 | 1500.00 | 2000.00 | 2000.00 | 1500.00 | 1500.00 | 2500.00 | 1500.00 |
| 22 | Chittar | 1700.00 | 2500.00 | 2500.00 | 2600.00 | 2300.00 | 1600.00 | 4520.00 | 2000.00 |
| 23 | Cholathadam | 250.00 | | | | | | | |
| 24 | Choondacherry | 500.00 | 1000.00 | 750.00 | 1000.00 | 1000.00 | 1000.00 | 2000.00 | 800.00 |
| 25 | Edadu | 500.00 | | | | | | | |
| 26 | Edamaruku | 3000.00 | 1500.00 | 1500.00 | 2000.00 | 1500.00 | 1500.00 | 5000.00 | 1500.00 |
| 27 | Edappady | 1000.00 | | | | | | | |
| 28 | Elamthottam | | | | | | | 5000.00 | |
| 29 | Elanji | 4000.00 | | | 9500.00 | 7000.00 | 7000.00 | 10000.00 | |
| 30 | Elappally | 500.00 | 500.00 | 400.00 | 400.00 | 650.00 | 600.00 | 1000.00 | 500.00 |
| 31 | Eravimangalam | 650.00 | | | | | | | |
| 32 | Ezhacherry | 1000.00 | | | | | | | |
| 33 | Fathimapuram | 350.00 | 500.00 | 500.00 | 1000.00 | 400.00 | 400.00 | 5212.00 | 500.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 34 | Gagultha (Mattathippara) | 1000.00 | 1010.00 | 1010.00 | 1020.00 | 1020.00 | 1000.00 | 1150.00 | 1010.00 |
| 35 | Geovalley | 500.00 | | | 600.00 | 400.00 | 500.00 | 4100.00 | |
| 36 | Idamattom | 3000.00 | | | 2000.00 | 2500.00 | 2000.00 | 5800.00 | |
| 37 | Jaigiri | 3000.00 | 2015.00 | 1743.00 | 2659.00 | 2500.00 | 2079.00 | 2965.00 | 1686.00 |
| 38 | Jose Mount (Illiary) | 950.00 | 495.00 | 612.00 | 705.00 | 710.00 | 685.00 | 1188.00 | 555.00 |
| 39 | Josegiri | 1000.00 | 1000.00 | 1100.00 | 2000.00 | 1000.00 | 1500.00 | 5500.00 | 900.00 |
| 40 | Kadanad | 6500.00 | | | | | | | |
| 41 | Kadaplamattam | 2500.00 | 3000.00 | 2500.00 | 3000.00 | 2800.00 | 3000.00 | 10200.00 | 3000.00 |
| 42 | Kaduthuruthy | 9000.00 | | | | | | | |
| 43 | Kaippally | 500.00 | | | | | | | |
| 44 | Kakkoor | 1000.00 | 500.00 | 600.00 | 1000.00 | 500.00 | 500.00 | 6200.00 | 500.00 |
| 45 | Kakombu | 800.00 | 1750.00 | 850.00 | 850.00 | 750.00 | 1100.00 | 3200.00 | 750.00 |
| 46 | Kalathookadavu | 2000.00 | 1500.00 | 2000.00 | 1500.00 | 1500.00 | 1500.00 | 4500.00 | 1500.00 |
| 47 | Kalathoor | 2300.00 | | | 4190.00 | 3019.00 | 2566.00 | 8000.00 | |
| 48 | Kalikavu | 5000.00 | | 8500.00 | 7306.00 | 8000.00 | 7002.00 | 14816.00 | 6000.00 |
| 49 | Kanjiramattam | 2000.00 | 1500.00 | 2000.00 | 2000.00 | 2000.00 | 4000.00 | 12000.00 | 1500.00 |
| 50 | Kanjirathanam | 2500.00 | 3000.00 | 3500.00 | 4000.00 | 3500.00 | 3500.00 | 12800.00 | 3000.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 51 | Karimpani | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 3600.00 | 1000.00 |
| 52 | Karoor | 1200.00 | 1400.00 | 1600.00 | 2500.00 | 1100.00 | 1500.00 | 1300.00 | 1300.00 |
| 53 | Kattampak | 1500.00 | | | | | | | |
| 54 | Kavaly | 600.00 | 800.00 | 800.00 | 800.00 | 800.00 | 800.00 | 1200.00 | 800.00 |
| 55 | Kaveekunnu | 1000.00 | 750.00 | 1500.00 | 750.00 | 1000.00 | 1000.00 | 4000.00 | 1000.00 |
| 56 | Kavumkandam | 2800.00 | 500.00 | 600.00 | 500.00 | 500.00 | 500.00 | 1500.00 | 500.00 |
| 57 | Kayyoor | 500.00 | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 4000.00 | 1000.00 |
| 58 | Keezhoor | 500.00 | 500.00 | 500.00 | 500.00 | 500.00 | 500.00 | 4040.00 | 500.00 |
| 59 | Kizhaparayar | 1750.00 | 1600.00 | 1800.00 | 1900.00 | 1800.00 | 1850.00 | 3500.00 | 1600.00 |
| 60 | Kizhathadiyoor | 12799.00 | 10500.00 | 10263.00 | 9726.00 | 16674.00 | 11732.00 | 5252.00 | 10981.00 |
| 61 | Kondadu | | 400.00 | 400.00 | 500.00 | 450.00 | 400.00 | 7200.00 | 400.00 |
| 62 | Koodaloor | 10000.00 | 5000.00 | 5000.00 | 15000.00 | 5000.00 | 5000.00 | 10000.00 | 5000.00 |
| 63 | Koothattukulam | 10000.00 | | | | | | 9000.00 | |
| 64 | Koottikkal | 2500.00 | 1500.00 | 3000.00 | | 2650.00 | 1500.00 | 6010.00 | 1800.00 |
| 65 | Kothanalloor | 15000.00 | 16500.00 | 17000.00 | 17000.00 | 17000.00 | 19000.00 | 16000.00 | 15500.00 |
| 66 | Kozhuvanal | 1500.00 | 8000.00 | 8000.00 | 4000.00 | 7000.00 | 6000.00 | 12000.00 | 5500.00 |
| 67 | Kudakkachira | | | | | | | | |
| 68 | Kudayathoor | 1200.00 | 1250.00 | 1500.00 | 2000.00 | | 1250.00 | 1250.00 | 1250.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 69 | Kulamavu | 500.00 | | | | | | | |
| 70 | Kunnonni | 1500.00 | 2500.00 | 2500.00 | 2500.00 | 2500.00 | 2500.00 | 2460.00 | 2500.00 |
| 71 | Kuravilangadu | 11260.00 | 22360.00 | 22070.00 | 20030.00 | 17740.00 | 25700.00 | 42970.00 | 21080.00 |
| 72 | Kurichithanam | 2800.00 | 2370.00 | 2500.00 | 4660.00 | 2500.00 | 4500.00 | 5980.00 | 2600.00 |
| 73 | Kurinji | 500.00 | | | | | | | |
| 74 | Kurumannu | 1000.00 | | | | | | | |
| 75 | Kuruvinal | 1500.00 | | | 2500.00 | 1500.00 | 1500.00 | 4000.00 | |
| 76 | Lalam New | 15173.00 | 12515.00 | 16945.00 | 16165.00 | 14015.00 | 16205.00 | 7015.00 | 14073.00 |
| 77 | Lalam Old | 10754.00 | 8460.00 | 8342.00 | 10392.00 | 10151.00 | 10636.00 | 12871.00 | 7093.00 |
| 78 | Lourds Mount | 400.00 | 320.00 | 350.00 | 350.00 | 400.00 | 350.00 | 600.00 | 300.00 |
| 79 | Malapuram | 2000.00 | 2500.00 | 2500.00 | 2500.00 | 2500.00 | 2500.00 | 4400.00 | 2500.00 |
| 80 | Malayinchippara | 1000.00 | 500.00 | 750.00 | 1000.00 | 750.00 | 750.00 | | 750.00 |
| 81 | Mallikassery | 2500.00 | 2750.00 | 3000.00 | 3500.00 | 3000.00 | 3000.00 | 5500.00 | 2750.00 |
| 82 | Manalumkal | 1000.00 | 1500.00 | 1200.00 | 2300.00 | 1000.00 | 1000.00 | 4000.00 | 1000.00 |
| 83 | Manathoor | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 5000.00 | 1000.00 |
| 84 | Mangalagiri | 1000.00 | | | 3700.00 | 1000.00 | 1000.00 | 2500.00 | |
| 85 | Mangalaram | 1500.00 | 2500.00 | | 1300.00 | 1400.00 | 1200.00 | 3300.00 | 1000.00 |
| 86 | Maniyamkulam | 544.00 | 490.00 | 673.00 | 571.00 | 500.00 | 606.00 | 2208.00 | 500.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 87 | Maniyamkunnu | 700.00 | | | 1200.00 | | 800.00 | | |
| 88 | Manjamattam | 1428.00 | | | 1238.00 | 1320.00 | 1156.00 | 3250.00 | |
| 89 | Mannakanad | 1500.00 | | | 2500.00 | | 2000.00 | 5912.00 | |
| 90 | Mannar | 2000.00 | 3000.00 | 3000.00 | 3000.00 | 3000.00 | 3000.00 | 5000.00 | 3000.00 |
| 91 | Mannarappara | 7000.00 | 6750.00 | 6000.00 | 4500.00 | 5750.00 | 5000.00 | 7000.00 | 6500.00 |
| 92 | Manvettom | 3500.00 | 2500.00 | 3000.00 | | 2000.00 | 2300.00 | 14000.00 | 2000.00 |
| 93 | Marangattupally | 7522.00 | 4816.00 | 6383.00 | 5857.00 | 6347.00 | 5761.00 | 9767.00 | 1717.00 |
| 94 | Marangoly | 3820.00 | 3535.00 | 4022.00 | 4624.00 | 4785.00 | 4773.00 | 3745.00 | |
| 95 | Maryland | 800.00 | 2800.00 | 3068.00 | 4670.00 | 2800.00 | 3320.00 | 4000.00 | 2890.00 |
| 96 | Mattakkara | 500.00 | | 11782.00 | | | | 5687.00 | |
| 97 | Mavady | 600.00 | | | | | | | |
| 98 | Meenachil | 720.00 | 1100.00 | 1160.00 | 1070.00 | 1000.00 | 1280.00 | 3200.00 | 1000.00 |
| 99 | Melukavumattom | 3000.00 | 2000.00 | 2000.00 | 2000.00 | 2000.00 | 2000.00 | 8144.00 | 2000.00 |
| 100 | Mevada | 1000.00 | | | 1000.00 | 1000.00 | 1000.00 | 4000.00 | |
| 101 | Monippally | 4500.00 | 6100.00 | 5020.00 | 9430.00 | 8015.00 | 9140.00 | 7085.00 | 4000.00 |
| 102 | Moolamattom | 5000.00 | 9408.00 | 11840.00 | | 10200.00 | | | 8700.00 |
| 103 | Moonnani | 260.00 | 1000.00 | 2500.00 | 500.00 | | 500.00 | 2372.00 | 500.00 |
| 104 | Moonnilavu | 2200.00 | 2200.00 | 2300.00 | 2800.00 | 2000.00 | 2800.00 | 6716.00 | 2200.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 105 | Moozhoor | 1400.00 | 1300.00 | 1350.00 | 1200.00 | 1500.00 | 1400.00 | 3500.00 | 1250.00 |
| 106 | Mulakulam | 2000.00 | | 800.00 | 800.00 | 800.00 | 750.00 | 4000.00 | 850.00 |
| 107 | Mundankal | 4000.00 | 2000.00 | 2000.00 | 3000.00 | 3000.00 | 3500.00 | 8870.00 | 2000.00 |
| 108 | Mutholapuram | | | 5985.00 | | 5705.00 | | 9179.00 | |
| 109 | Mutholy | 4091.00 | 5248.00 | 5316.00 | 5248.00 | | 5987.00 | 6000.00 | 4710.00 |
| 110 | Muttuchira | 4325.00 | 1834.00 | 15522.00 | 12480.00 | 4617.00 | 2620.00 | 12370.00 | 1884.00 |
| 111 | Nambiakulam | 1000.00 | 1000.00 | 1000.00 | 2000.00 | 1500.00 | 1000.00 | 3000.00 | 500.00 |
| 112 | Narianganam | 500.00 | | | | | | | |
| 113 | Neeloor | 3000.00 | 2000.00 | 2000.00 | 3000.00 | 2000.00 | 3000.00 | 4000.00 | 2000.00 |
| 114 | Neeranthanam | 1500.00 | | | | | | 5560.00 | |
| 115 | Nellappara | 1000.00 | 756.00 | 665.00 | 1000.00 | 863.00 | 807.00 | 1000.00 | 896.00 |
| 116 | Nelliyani | 1300.00 | 1200.00 | 1100.00 | | 1250.00 | | 1350.00 | 1200.00 |
| 117 | Paduva | 2014.00 | 1955.00 | 1606.00 | 1081.00 | 1499.00 | 1931.00 | 5468.00 | 1131.00 |
| 118 | Paika | 1000.00 | | | 1000.00 | 1500.00 | 1000.00 | 7040.00 | |
| 119 | Paingulam | 2100.00 | 2300.00 | 3100.00 | 3200.00 | 2600.00 | 3100.00 | 5200.00 | 2400.00 |
| 120 | Pala Cathedral | 29554.00 | 33789.00 | 32049.00 | 31637.00 | 32340.00 | 34740.00 | 29165.00 | 34763.00 |
| 121 | Palakad | 250.00 | 250.00 | 300.00 | 250.00 | 300.00 | 250.00 | 5500.00 | 200.00 |
| 122 | Palakattumala | 1000.00 | | | 1380.00 | 2020.00 | 1200.00 | 3000.00 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 123 | Palayam | 900.00 | 900.00 | 1000.00 | 1100.00 | 1100.00 | 900.00 | 3340.00 | 900.00 |
| 124 | Parathanam | 1050.00 | 1270.00 | 1210.00 | 1050.00 | 1050.00 | 1100.00 | 6500.00 | 1200.00 |
| 125 | Payyanithottam | | | | | | | | |
| 126 | Periappuram | 2500.00 | 1200.00 | 1300.00 | 1400.00 | 1400.00 | 1500.00 | 4600.00 | 1300.00 |
| 127 | Peringulam | 1000.00 | | | | | | | |
| 128 | Perumthuruth | 500.00 | | 2000.00 | | 2000.00 | | 2000.00 | |
| 129 | Piousmount | 200.00 | | | | | | | |
| 130 | Piravom | 500.00 | 1500.00 | 2000.00 | | 1500.00 | 500.00 | 6000.00 | 1000.00 |
| 131 | Plassanal | 2232.00 | | | 3000.00 | 3532.00 | 3000.00 | 10468.00 | |
| 132 | Poonjar | 2000.00 | 2500.00 | 2500.00 | 6000.00 | 2500.00 | 3000.00 | 12000.00 | 3000.00 |
| 133 | Poovakkulam | 2000.00 | 500.00 | 500.00 | 600.00 | 500.00 | 500.00 | 2240.00 | 500.00 |
| 134 | Poovarany | 1800.00 | | | | | | | |
| 135 | Poovathod | 1000.00 | 1460.00 | 1390.00 | | 1510.00 | | 1290.00 | |
| 136 | Poozhikkol | 2000.00 | 2500.00 | 3500.00 | 3000.00 | 2000.00 | 3000.00 | 6000.00 | 2500.00 |
| 137 | Pravithanam | 1400.00 | | | 1650.00 | | 1500.00 | | |
| 138 | Ramapuram | 5100.00 | | | | 10055.00 | | 23100.00 | |
| 139 | Retnagiri | | | 15000.00 | 17843.00 | 18692.00 | 15746.00 | 16972.00 | 12000.00 |
| 140 | Santhigiri | 350.00 | | | 350.00 | 350.00 | 400.00 | 1500.00 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 141 | Santhipuram | 500.00 | | | | | | | |
| 142 | Sibigiri (Muttom) | | | | | | | | |
| 143 | Sleevapuram | 500.00 | 500.00 | 500.00 | 500.00 | 500.00 | 500.00 | 4000.00 | 500.00 |
| 144 | Teekoy | 2000.00 | | | | | | | |
| 145 | Thakidi | 1081.00 | | | | | | | |
| 146 | Thidanadu | 3500.00 | 3000.00 | 3000.00 | 3000.00 | 3500.00 | 3500.00 | 15700.00 | |
| 147 | Thirumarady | 800.00 | 500.00 | 1500.00 | 600.00 | 500.00 | 600.00 | 1800.00 | 500.00 |
| 148 | Thodanal | 2600.00 | | | | | | | |
| 149 | Thudanganad | 2346.00 | 3798.00 | 3337.00 | 4020.00 | 2346.00 | 3975.00 | 4150.00 | 3200.00 |
| 150 | Thuruthippally | 1520.00 | 2000.00 | 3000.00 | 2000.00 | 2500.00 | 3000.00 | 5715.00 | 2000.00 |
| 151 | Udayagiri | 1000.00 | | | 2000.00 | 2000.00 | | 4000.00 | |
| 152 | Ullanad | 1500.00 | | | 3000.00 | 3000.00 | 3000.00 | 8000.00 | 1500.00 |
| 153 | Urulikunnam | 1300.00 | | | | | | | |
| 154 | Urumpukavu (Pizhaku) | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 1000.00 | 4000.00 | 1000.00 |
| 155 | Vadakara | 2000.00 | | | | | | | |
| 156 | Vagamon | 750.00 | | | | | | | |
| 157 | Vakakkad | 1800.00 | 2000.00 | 2500.00 | 3250.00 | 3000.00 | 3800.00 | 3900.00 | 2500.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 158 | Vakkad | 800.00 | 750.00 | 800.00 | 850.00 | 900.00 | 800.00 | 2500.00 | 850.00 |
| 159 | Valachira | 550.00 | 600.00 | 600.00 | 1000.00 | 800.00 | 800.00 | 2250.00 | 600.00 |
| 160 | Valavoor | 1000.00 | 1500.00 | 1800.00 | 2400.00 | 1600.00 | 1250.00 | 4920.00 | 1700.00 |
| 161 | Varianikkad | 400.00 | | | | | | | |
| 162 | Vayala | 2200.00 | | | | | | | |
| 163 | Vedagiri | 500.00 | | | | | | | |
| 164 | Velanilam | 500.00 | | | | | | | |
| 165 | Velliamattom | 1000.00 | | | | | | 8500.00 | |
| 166 | Vellikulam | 2000.00 | 2000.00 | 4200.00 | 2700.00 | 2500.00 | 2300.00 | 4000.00 | 1500.00 |
| 167 | Vezhanganam | 300.00 | 200.00 | 200.00 | 200.00 | 200.00 | 200.00 | 2200.00 | 200.00 |
| 168 | Vilakkumadom | 1000.00 | | | 1500.00 | 2000.00 | | 7800.00 | |
| 169 | Vimalagiri (Chakkikkavu) | 150.00 | | | | | | | |
| 170 | Xavierpuram | 1032.00 | 520.00 | 530.00 | 518.00 | 518.00 | 516.00 | 2040.00 | 513.00 |
| 171 | Yenthayar | 10000.00 | 6000.00 | 10000.00 | 10000.00 | 6000.00 | 5000.00 | 9200.00 | 5000.00 |
| 172 | Kalloorkulam Chapel | | | | | 600.00 | | | |
| 173 | Valakattukunnu Chapel | 500.00 | | | 1000.00 | | | 1000.00 | |




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**കാൻ ഹെൽപ്പ് – 'കാൻസറിനെതിരേ ഒരുമിച്ച്' പദ്ധതിക്ക് ഇടുക്കി ജില്ലയിൽ നിന്നു തുടക്കമായി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാൻ ഹെൽപ്പ് – 'കാൻസറിനെതിരെ ഒരുമിച്ച്' എന്ന പേരിൽ ഒരു ബൃഹദ് പദ്ധതിക്ക് ഇടുക്കി ജില്ലയിൽനിന്നു തുടക്കമായി. വാഴത്തോപ്പ് സെന്റ് ജോർജ് കത്തീദ്രലിൽ മന്ത്രി റോഷി അഗസ്റ്റിൻ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ഓങ്കോളജിവിഭാഗം മേധാവി ഡോ.റോണി ബെൻസൺ പദ്ധതി അവതരിപ്പിച്ചു. വാഴത്തോപ്പ് സെന്റ് ജോർജ് പള്ളി വികാരി റവ.ഫാ.ടോമി ആനിക്കുഴിക്കാട്ടിൽ, മാർ സ്ലീവാ മെഡിസിറ്റി ഓപ്പറേഷൻസ്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത് കെയർ പ്രമോഷൻസ് വിഭാഗം ഡയറക്ടർ റവ.ഫാ.ഗർവാസീസ് ആനിത്തോട്ടത്തിൽ, ഇടുക്കി

രൂപത മാതൃവേദി സെക്രട്ടറി ആഗ്നസ് ബേബി എന്നിവർ പ്രസംഗിച്ചു. പദ്ധതിയുടെ ഭാഗമായി വനിതകൾക്കായി സ്തനാർബുദത്തെക്കുറിച്ചു ബോധവൽക്കരണപരിപാടികളും സ്ക്രിനിങ് പരിശോധനകളും ശലഭം എന്ന പേരിൽ നടത്തി. കൂടാതെ വായിലെ കാൻസർ, ഗർഭാശയകാൻസർ എന്നിവയുടെ പരിശോധനയും നടത്തി

**മാർ സ്ലീവാ മെഡിസിറ്റിക്ക്**
**യൂണിവേഴ്സൽ വേൾഡ് റിക്കോർഡ് ഫോറത്തിന്റെ ആദരവ്**

ലോകഹൃദയദിനത്തിൽ 1000 പേർക്ക് ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകിയതിന് മാർ സ്ലീവാ മെഡിസിറ്റിക്ക് യൂണിവേഴ്സൽ വേൾഡ് റിക്കോർഡ് ഫോറത്തിന്റെ ദേശീയ ആദരവ്. ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ നടന്ന ചടങ്ങിൽ മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, യൂണിവേഴ്സൽ റിക്കോർഡ് ഫോറം ഇന്റർനാഷണൽ ജൂറി ഗിന്നസ് സുനിൽ ജോസഫിൽനിന്ന് ദേശീയ ആദരവ് ഏറ്റുവാങ്ങി. പ്രായോഗിക അറിവുകളിലൂടെ ജീവൻരക്ഷ എങ്ങനെ സാധിക്കാം എന്ന തിരിച്ചറിവ് പകർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മെഗാ ബി.എൽ.എസ് പരിശീലനം നൽകിയത്. സമ്മേളനം ഉദ്ഘാടനവും മോൺ.ഡോ.ജോസഫ് കണിയോടിക്കൽ നിർവഹിച്ചു. എസ്.ജെ.സി.ഇ.റ്റി ഡയറക്ടർ റവ.പ്രഫ.ജെയിംസ് ജോൺ മംഗലത്ത് അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി കാർഡിയോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ.ജെയിംസ് തോമസ് ഹൃദയാരോഗ്യദിന സന്ദേശം നൽകി. കോളജ് പ്രിൻസിപ്പൽ ഡോ.വി.പി.ദേവസ്യ, സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീൻ ഡോ. ലിജോ പോൾ എന്നിവർ പ്രസംഗിച്ചു. സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി, സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിങ് ടെക്നോളജി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, പൊതുജനങ്ങൾക്കും ഉൾപ്പെടെയാണ് ഒറ്റദിവസം ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകിയത്.

**ഹൃദയത്തെക്കുറിച്ചു ചോദിക്കാം പ്രോഗാം**
**മാർ സ്ലീവാ മെഡിസിറ്റിയിൽ നടന്നു**

ലോകഹൃദയദിനാഘോഷങ്ങളുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ പരിപാടികളുടെ ഭാഗമായി പൊതുജനങ്ങൾക്കുവേണ്ടി 'ഹൃദയത്തെകുറിച്ചു ചോദിക്കാം' – എന്ന വിഷയത്തിൽ ചർച്ചയും ലൈവ് ഫോൺ ഇൻ പ്രോഗ്രാമും നടത്തി. ഹൃദയ

സംബന്ധമായ രോഗങ്ങളെക്കുറിച്ചും ആധുനികഹൃദയചികിത്സകളെ ക്കുറിച്ചും വിദഗ്ധഡോക്ടർമാർ മറുപടി നൽകി.

കാർഡിയാക് സയൻസസ് വിഭാഗം മേധാവി ഡോ.രാംദാസ് നായിക് എച്ച്, സീനിയർ കൺസൾട്ടന്റുമാരായ പ്രഫ.ഡോ.രാജു ജോർജ്, ഡോ.ജെയിംസ് തോമസ്, ഡോ.ബിബി ചാക്കോ ഒളരി, ഡോ.രാജീവ് എബ്രഹാം, കാർഡിയാക് തൊറാസിക് ആൻഡ് വാസ്കുലാർ സർജറി വിഭാഗം മേധാവി ഡോ.കൃഷ്ണൻ സി എന്നിവർ ചർച്ചയ്ക്കും പൊതുജന ങ്ങളുടെ സംശയങ്ങൾക്കും മറുപടി നൽകി. കാർഡിയാക് അനസ്തേഷ്യ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. നിതീഷ് പി.എൻ. ചർച്ചയ്ക്കു മോഡറേറ്ററായി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഹൃദയദിനാഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ലോകഹൃദയദിനാഘോഷം നടത്തി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടി ക്കൽ ഹൃദയദിനസന്ദേശം നൽകി.ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ.പൗളിൻ ബാബു, കാർഡിയാക് സയൻസസ് വിഭാഗം സീനിയർ കൺസൾട്ടന്റ് പ്രഫ.ഡോ.രാജു ജോർജ്, കാർഡിയാക് തൊറാസിക് ആൻഡ് വാസ്കുലാർ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കൃഷ്ണൻ സി എന്നിവർ ആശംസകൾ നേർന്നു. ഹൃദയദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി നടന്ന ഫിറ്റ്നെസ് ചലഞ്ച് മെഡിക്കൽ സൂപ്രണ്ട് ഡോ.നിതീഷ് പി.എൻ. ഉദ്ഘാടനം ചെയ്തു.

**ലുലുമാളിൽ ഹൃദയദിനാഘോഷം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ലുലു മാളിൽ ലോകഹൃദയദിനാഘോഷം നടത്തി. പൊതുജനങ്ങൾക്കായി സൗ ജന്യ ഹെൽത്ത് ചെക്ക് അപ്പ്, ബോധവൽക്കരണസന്ദേശവുമായി ഫ്ളാഷ് മൊബ്, ഫിറ്റ്നെസ് ചലഞ്ച് എന്നിവയും നടത്തി. തുടർന്നുനടന്ന സമ്മേ ളനത്തിൽ ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഹൃദയദിനസന്ദേശം നൽകി. കാർഡിയാക് സയൻസസ് വിഭാഗം കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാം, ആശുപത്രി ഓപ്പറേ ഷൻസ്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് ഡയറക്ടർ റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, ലുലുമാൾ മാനേജർ പ്രിൻസ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂട്രീഷൻമാസാചരണം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂട്രീഷൻമാസാചരണത്തോടനു ബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ആശുപത്രി മാനേജിങ്

ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ സന്ദേശം നൽകി. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ.പൗളിൻ ബാബു, ചീഫ് ക്ലിനിക്കൽ ഡയറ്റീഷ്യൻ ജിനു ജെ. എന്നിവർ പ്രസംഗിച്ചു. പൊതുജനങ്ങൾക്കായി ബോധവൽക്കരണപരിപാടിയും ഫ്ളാഷ് മൊബും നടത്തി.

**കൂനമ്മാക്കൽ തോമ്മാ കത്തനാർക്ക് ആദരവ് നൽകി**

ഭാരതത്തിന്റെ വലിയ മല്പാൻ എന്ന പദവിക്ക് ആദ്യമായി അർഹനായ പ്രസിദ്ധ സുറിയാനിപണ്ഡിതനും ദൈവശാസ്ത്രവിദഗ്ദനുമായ കൂനമ്മാക്കൽ തോമ്മാക്കത്തനാരെ പാലാ രൂപതയുടെ നേതൃത്വത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആദരിച്ചു. മാർ സ്ലീവാ മെഡിസിറ്റിയോടനുബന്ധിച്ചുള്ള വൈദികമന്ദിരമായ കാസാ ദെൽ ക്ലെയറോയിൽ നടന്ന ചടങ്ങിൽ കേക്കു മുറിച്ച് മധുരം പങ്കുവയ്ക്കുകയും ചെയ്തു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ആശുപത്രി പ്രൊജക്ട്സ്, ഐടി, ലീഗൽ ആൻഡ് ലെയ്സൺ ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, വികാരി ജനറാൾമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് എന്നിവർ ഉൾപ്പെടെ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോകമാനസികാരോഗ്യദിനം ആചരിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോകമാനസികാരോഗ്യദിനം വിവിധ പരിപാടികളോടെ നടത്തി. സെൻട്രൽ ട്രാവൻകൂർ സൈക്യാട്രിക് സൊസൈറ്റി, മാർ സ്ലീവാ കോളജ് ഓഫ് നഴ്സിങ്, പാലാ സെന്റ് തോമസ് കോളജ് സൈക്കോളജി വിഭാഗം എന്നിവയുമായി സഹകരിച്ചായിരുന്നു പരിപാടി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ.ജോസഫ് കണിയോടിക്കൽ സന്ദേശം നൽകി. സൈക്യാട്രിവിഭാഗം കൺസൾട്ടന്റും കോ-ഓർഡിനേറ്ററുമായ ഡോ. ടിജോ ഐവാൻ ജോൺ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ. പൗളിൻ ബാബു എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ആശുപത്രിയിലും, സെന്റ് തോമസ് കോളജിലും, ചേർപ്പുങ്കൽ മാർ സ്ലീവാ കോളജ് ഓഫ് നഴ്സിങിലും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിച്ചു. ആശുപത്രി ആയുഷ് വിഭാഗം ഡയറക്ടറും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ റവ.ഫാ.മാത്യു ചേന്നാട്ട്, ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരായ ഡോ.എയ്ഞ്ചൽ തോമസ്, ഡോ.സിസ്റ്റർ ജൂലി എലിസബത്ത്, സൈക്യാട്രിക് സോഷ്യൽവർക്കർ സ്റ്റെഫി ജോസഫ്, സൈക്യാട്രിക് വിഭാഗത്തിലെ ഡോ. ഷെറിൻ, ഡോ. നിതിൻ തുടങ്ങിയവർ നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിലേക്ക്**
**കെ.എസ്.ആർ.ടി.സി ബസ് സർവീസ് ആരംഭിച്ചു**

മൂലമറ്റത്തുനിന്നു ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലേക്കു കെ.എസ്.ആർ.ടി.സി ബസ് സർവീസ് ആരംഭിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിൽ ബസിനു സ്വീകരണം നൽകി. മാണി സി. കാപ്പൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ.ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ആശുപത്രി ഓപ്പറേഷൻസ്, ബ്രാൻഡിങ് ആൻഡ് ഹെൽത്ത്കെയർ പ്രമോഷൻസ് ഡയറക്ടർ റവ.ഫാ.ഗർവാസീസ് ആനിത്തോട്ടത്തിൽ, പാലാ ആർ.ടി.ഒ. അശോക് കുമാർ, മാർട്ടിൻ കോലടി, സന്തോഷ് കാവുകാട്ട് എന്നിവർ പ്രസംഗിച്ചു.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - പ്ലാശനാൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്ലാശനാൽ സെന്റ് മേരീസ് പള്ളിയിൽ എസ്.എം.വൈ.എമ്മുമായി സഹകരിച്ച് സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. അസി.നഴ്സിങ് സൂപ്രണ്ട് അലോഷ്യസ് ഫ്രാൻസിസ്കാ ഫ്രാൻസിസ് ക്ലാസ്സ് നയിച്ചു.

**സൗജന്യ ഹെൽത്ത് ചെക്ക് അപ്പ് - ഏറ്റുമാനൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോക വയോജന ദിനാഘോഷങ്ങളുടെ ഭാഗമായി ഫെഡറേഷൻ ഓഫ് സീനിയർ സിറ്റിസൺ കേരള ഏറ്റുമാനൂരിൽ സംഘടിപ്പിച്ച സംസ്ഥാനസമ്മേളനത്തിൽ സൗജന്യ മെഡിക്കൽ ചെക്ക് അപ്പ് നടത്തി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - അൽഫോൻസാഗിരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അൽഫോൻസാഗിരി സെന്റ് അൽഫോൻസാ പള്ളിയിൽ എസ്.എം.വൈ.എമ്മുമായി സഹകരിച്ച് സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - മുത്തോലപുരം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുത്തോലപുരം സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം - പാറമ്പുഴ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാറമ്പുഴ ഹോളി ഫാമിലി ഹൈസ്കൂളിൽ സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നൽകി. ഇ.എം.ടി ടെക്നീഷ്യൻ വി.അഖിൽ നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും - റബ്ബർബോർഡ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം റബ്ബർ ബോർഡ് ഹെഡ്ക്വാർട്ടേഴ്സിലെ ഉദ്യോഗസ്ഥർക്കായി സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സും മെഡിക്കൽക്യാമ്പും നടത്തി. ഓങ്കോളജിവിഭാഗം കൺസൾട്ടന്റ് ഡോ.സോൻസ് പോൾ ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് - പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ബാർ അസോസിയേഷനുമായി സഹകരിച്ച് ജീവിതശൈലീരോഗങ്ങളെക്കുറിച്ച് സൗജന്യബോധവൽക്കരണക്ലാസ്സ് നടത്തി.കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - കാവാലി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാവാലി ഫാ.ബോഡ്‌വിഗ് ഡേ കെയർ സ്പെഷ്യൽ സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - പെരിങ്ങുളം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പെരിങ്ങുളം സെന്റ് അഗസ്റ്റിൻ ഹൈസ്കൂളിൽ സൗജന്യബോധവൽക്കരണക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് - അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരുവിത്തുറ സെന്റ് ജോർജ് കോളജിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചു ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ ഫാർമസിസ്റ്റ് പ്രിറ്റി തരകൻ നേതൃത്വം നൽകി.

**രക്തദാനക്യാമ്പ് - അരീപ്പറമ്പ്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ അരീപ്പറമ്പ് ഗവ.എച്ച്.എസ്.എസിൽ എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് രക്തദാന ക്യാമ്പ് നടത്തി.

**സൗജന്യ വൈദ്യസഹായം നൽകി - ചേർപ്പുങ്കൽ**

ഗാന്ധിജയന്തിയാഘോഷങ്ങളുടെ ഭാഗമായി നടന്ന ചേർപ്പുങ്കൽ ജലോത്സവത്തിന് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ക്രമീകരിച്ചു നൽകി.

**സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സും മെഡിക്കൽക്യാമ്പും – കുര്യനാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുര്യനാട് സെന്റ് ആൻസ് എച്ച്.എസ്.എസിൽ സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും നടത്തി. ഓങ്കോളജിവിഭാഗം അസോ.കൺസൾട്ടന്റ് ഡോ. വിഷ്ണു രഘു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – മുതലക്കോടം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുതലക്കോടം സെന്റ് ജോർജ് എച്ച്.എസ്.എസിൽ സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം – അറക്കുളം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ എസ്.എം.വൈ.എമ്മുമായി സഹകരിച്ച് അറക്കുളം പുത്തൻപള്ളിയിൽ സൗജന്യ ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നടത്തി. ക്ലിനിക്കൽ എജ്യുക്കേറ്റർ നീതു ജോർജ് നേതൃത്വം നൽകി.

**സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് – അരുവിത്തുറ**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ ലിവർ കാൻസർ ബോധവൽക്കരണമാസാചാരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കുവേണ്ടി സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് സംഘടിപ്പിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – മേച്ചാൽ**

മാർ സ്ലീവാ മെഡിസിറ്റി അസംപ്ഷൻ മെഡിക്കൽ സെന്റർ മേലുകാവുമറ്റത്തിന്റെ നേതൃത്വത്തിൽ മേച്ചാൽ സെന്റ് തോമസ് സി.എസ്.ഐ ചർച്ചിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മേച്ചാൽ സി.എസ്.ഐ ചർച്ച് വികാരി റവ.ഫാ.പി.വി.ആൻഡ്രൂസ് ഉദ്ഘാടനം ചെയ്തു. ഫാമിലി ഫിസിഷ്യൻ ഡോ.ആൻ ടോമിന തോമസ് നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – അണക്കര**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കുമളി അണക്കരയിൽ തോണിക്കുഴി മറിയാമ്മ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാക്കുന്നേൽ ഉദ്ഘാടനം നിർവഹിച്ചു.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സും,**
**ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും - പാമ്പാടി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗത്ത് പാമ്പാടി ജൂണിയർ ബസേലിയോസ് പബ്ലിക് സ്കൂളിൽ സൗജന്യ ബോധവൽക്കരണ ക്ലാസ്സും, ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും നടത്തി. സ്കൂൾ മാനേജർ അഡ്വ.സിജു.കെ.ഐസക്ക് ഉദ്ഘാടനം ചെയ്തു. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് ക്ലാസ്സിനു നേതൃത്വം നൽകി. ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനത്തിനു ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് നേതൃത്വം നൽകി.

**സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് - പൊൻകുന്നം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി ഓഫിസുമായി സഹകരിച്ച് പൊൻകുന്നം പൊലീസ് സ്റ്റേഷനിൽ സൗജന്യ ഫൈബ്രോസ്കാൻ ക്യാമ്പ് നടത്തി. കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി സാജു വർഗീസ് ഉദ്ഘാടനം നിർവഹിച്ചു.

**സൗജന്യ ബോധവൽക്കരണക്ലാസ്സും**
**ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും - പ്ലാശനാൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പ്ലാശനാൽ സെന്റ് ആന്റണീസ് എച്ച്.എസ്.എസിൽ സൗജന്യബോധവൽക്കരണക്ലാസ്സും ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനവും നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ്, ക്ലിനിക്കൽ എജ്യൂക്കേറ്റർ നീതു ജോർജ് എന്നിവർ നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ്സ് - മാന്നാനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാന്നാനം കെ.ഇ. കോളജിൽ സൗജന്യ കാൻസർ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഓങ്കോളജി വിഭാഗം അസോ. കൺസൾട്ടന്റ് ഡോ.വിഷ്ണു രഘു ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - മണ്ണയ്ക്കനാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മണ്ണയ്ക്കനാട് ഒ.എൽ.സി.ഡഫ് സ്കൂളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ.കെലീറ്റ ജോർജ് നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - മടുക്ക**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോരുത്തോട് മടുക്ക സാന്ത്വനം മെഡിക്കൽ സെന്ററുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ

ക്യാമ്പ് നടത്തി. വിവിധ വിഭാഗങ്ങളിലെ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – കിടങ്ങൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കിടങ്ങൂർ എൻ.എസ്. എസ്.എച്ച്.എസ്.എസിൽ മാനസികാരോഗ്യം എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – കാഞ്ഞിരപ്പള്ളി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജുമായി സഹകരിച്ച് 'സ്ട്രെസ്-വെല്ലുവിളികളും മാനേജ്മെന്റും' എന്ന വിഷയത്തിൽ ബോധവൽക്കരണക്ലാസ്സ് നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.ഏയ്ഞ്ചൽ തോമസ് നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – ചങ്ങനാശേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചങ്ങനാശേരി സീനിയർ സിറ്റിസൺ ഫോറവുമായി സഹകരിച്ച് ഏജിങ് & ഡയബറ്റിക്സ് എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് വിഭാഗത്തിലെ ഡോ. കെലീറ്റ ജോർജ് നേതൃത്വം നൽകി

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – പള്ളം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം പള്ളം ട്രാവൻകൂർ സിമന്റ്സ് കമ്പനിയിൽ 'ഹൃദയാരോഗ്യം' എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. കാർഡിയോളജിവിഭാഗം കൺസൾട്ടന്റ് ഡോ.രാജീവ് എബ്രഹാം ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – ചൂണ്ടച്ചേരി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കേറ്ററിങ് ടെക്നോളജിയിൽ 'മാനസികാരോഗ്യം' എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് നേതൃത്വം നൽകി.

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – കൊഴുവനാൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോക സ്ട്രോമാദിനാചാരണത്തിന്റെ ഭാഗമായി കൊഴുവനാൽ പഞ്ചായത്തുമായി സഹക

രിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. എമർജൻസി ഫിസിഷ്യൻ ഡോ. അഖിൽ ബാബു ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവൽക്കരണക്ലാസ്സ് – ഇലഞ്ഞി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇലഞ്ഞി സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസിൽ 'മാനസികാരോഗ്യം' എന്ന വിഷയത്തിൽ സൗജന്യ ബോധവൽക്കരണക്ലാസ്സ് നടത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ.സിസ്റ്റർ ജൂലി എലിസബത്ത് നേതൃത്വം നൽകി,

**സൗജന്യ ബോധവൽക്കരണ ക്ലാസ്സ് – പാലാ**

മാർ സ്ലീവാ മെസിസിറ്റിയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് എച്ച്.എസ്.എസിൽ സുരക്ഷിത ആരോഗ്യശീലങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. ക്ലിനിക്കൽ ഡയറ്റീഷ്യൻ നിയമോൾ ജോസഫ് നേതൃത്വം നൽകി.

**ഡോ.ലിജി ജോമോൻ പാറശേരിൽ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ ഒഫ്താൽമോളജി വിഭാഗത്തിൽ ഒഫ്താൽമോളജിസ്റ്റായി ഡോ. ലിജി ജോമോൻ പാറശേരിൽ ചുമതല യേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

## അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ
(പ്രഥമ ആർച്ചുബിഷപ്, കല്യാൺ രൂപത)

മാർ ജോസഫ് തച്ചാപറമ്പത്ത് (അദിലാബാദ് രൂപത നിയുക്തമെത്രാൻ)
Very Rev. Fr. S. Bhaskaran (Vicar Forane , Our Lady of Fatima Church, Trichy)

**നാമകരണവാർഷികദിനാചരണം**

വിശുദ്ധ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ പതിനേഴാം വാർഷികം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ സമുചിതമായി ആഘോഷിച്ചു. ഒക്ടോബർ 10 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്കുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം ജപമാലയും തുടർന്ന് ആഘോ ഷമായ റംശാപ്രാർത്ഥനയും നടത്തി. തീർത്ഥാടനകേന്ദ്രം അഡ്മിനിസ് ട്രേറ്റർ റവ. ഫാ. മാത്യു കുറ്റിയാനിക്കൽ റംശാപ്രാർത്ഥനയ്ക്കു നേതൃത്വം

നൽകി. 7 മണി മുതൽ 8 വരെ പാലാ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ആരാധന നടത്തി. റവ. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. തുടർന്ന് എഫ്.സി.സി. ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ രാത്രി ആരാധന നടത്തപ്പെട്ടു.

11 ന് രാവിലെ 9.30 മുതൽ രോഗശാന്തിശുശ്രൂഷയും ദിവ്യകാരുണ്യആരാധനയും നടത്തി. 11.30 നുള്ള വിശുദ്ധ കുർബാനയോടെ ശുശ്രൂഷകൾ സമാപിച്ചു.റവ. ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap. ശുശ്രൂഷകൾക്കു നേതൃത്വം നല്കി. വൈകുന്നേരം അഞ്ചുമണിയുടെ വിശുദ്ധകുർബാനയ്ക്കുശേഷം ഭരണങ്ങാനം സെന്റ് മേരിസ് ഫൊറോന പ്പള്ളിയുടെ നേതൃത്വത്തിൽ ആഘോഷമായ മെഴുകുതിരി ജപമാലപ്രദക്ഷിണവും നടത്തപ്പെട്ടു.

12-ാം തീയതി രാവിലെ 11:30 ന് കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ചെറുപുഷ്പമിഷൻ ലീഗ് തീർത്ഥാടനം**

വിശുദ്ധ അൽഫോൻസാമ്മയുടെ നാമകരണവാർഷികദിനത്തോടനുബന്ധിച്ച് ഒക്ടോബർ 17 ന് പാലാ രൂപതയിലെ ചെറുപുഷ്പമിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേക്കു തീർത്ഥാടനം നടത്തി. രൂപതയിലെ ഫൊറോനാകൾ നാലു ബാച്ചുകളായി തിരിച്ച് രാവിലെ 9 മണിക്ക് ആരംഭിച്ച തീർത്ഥാടനം വൈകിട്ട് 2.30 ന് സമാപിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി ആയിരക്കണക്കിന് മിഷൻലീഗ് അംഗങ്ങളാണ് തീർഥാടനകേന്ദ്രത്തിൽ എത്തിയത്.

**ഇതര സംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന അന്യസംസ്ഥാനക്കാരായ സഹോദരങ്ങൾക്കുവേണ്ടി ഒക്ടോബർ 5 ഞായറാഴ്ച വിശുദ്ധ കുർബാനയും, കുമ്പസാരവും നടത്തപ്പെട്ടു. റവ. ഫാ. ബാബു കാക്കാനിയിൽ SVD ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**കൊന്തനമസ്കാരം**

ജപമാലമാസത്തോടനുബന്ധിച്ച് തീർത്ഥാടനകേന്ദ്രത്തിൽ കൊന്തനമസ്കാരം നടത്തി. ഒക്ടോബർ 1 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ വൈകിട്ട് 5 മണിയുടെ കുർബാനയ്ക്കുശേഷം വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചാണ് കൊന്തനമസ്കാരം നടത്തിയത്. തീർത്ഥാടനകേന്ദ്രത്തിലെ ബഹുമാനപ്പെട്ട വൈദികർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**രാത്രിയാരാധന**

ഒക്ടോബർ 25 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ രാത്രി ആരാധന നടത്തപ്പെട്ടു. വൈകിട്ട് ഏഴു മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച ആരാധന രാവിലെ 4 മണിക്കുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു. ഫാ. നോബിൾ തോട്ടത്തിൽ HGN (ഗുഡ് ന്യൂസ് ധ്യാനകേന്ദ്രം, പാമ്പാടി) ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**കോഴ്സ് 2025-26**

2025-26 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ക്ലാസ്സുകൾ ഒക്ടോബർ 1, 2, 20 തീയതികളിൽ നടന്നു. റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

നവംബർമാസത്തിലെ ക്ലാസ്സ്:

നവംബർ 8: Church History II - Rev. Dr. James Puliurumpil.

**പാലാ രൂപത കലോത്സവം 2025-26**

ഈ വർഷത്തെ രൂപതതലവിശ്വാസ-പ്രേഷിതപരിശീലനകലോത്സവം 2025 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ പാലാ സെന്റ് തോമസ് സ്കൂളിൽ വച്ചു നടത്തപ്പെട്ടു.17 വേദികളിലായി നടന്ന വിവിധ മത്സരങ്ങളിൽ 2300 മത്സരാർത്ഥികൾ പങ്കെടുത്തു. ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ സൺഡേസ്കൂളുകൾ:

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| Ist | മാവടി | പറത്താനം | രാമപുരം |
| IInd | അടിവാരം | മേലുകാവുമറ്റം | ചേർപ്പുങ്കൽ |
| IIIrd | വെള്ളികുളം | മുത്തോലപുരം | കുറവിലങ്ങാട് |

*ഏറ്റവും കൂടുതൽ പോയിന്റ് നേടിയ മേഖലകൾ*

| | |
|---|---|
| Ist | കുറവിലങ്ങാട് |
| IInd | രാമപുരം |
| IIIrd | ഭരണങ്ങാനം |

**സംസ്ഥാനകലോത്സവം 2025-26**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനകലോത്സവം 2025 നവംബർ 08-ാം തീയതി ശനിയാഴ്ച കോട്ടയം അതിരൂപതയിലെ കിടങ്ങൂർ

സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ചു നടത്തപ്പെടും. നമ്മുടെ രൂപതയിൽ നിന്നു യോഗ്യത നേടിയവർ സംസ്ഥാനകലോത്സവത്തിൽ പങ്കെടുക്കും.

**ഒന്നാം ടേം പരീക്ഷ**

2025-26 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2025 ഒക്ടോബർ 26 ഞായറാഴ്ച നടത്തപ്പെട്ടു. പരീക്ഷയ്ക്കുള്ള ചോദ്യ പേപ്പറുകൾ ഒക്ടോബർ 25 ശനിയാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നു വിതരണം ചെയ്തു.

**അധ്യാപകസംഗമം**

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഭരണങ്ങാനം മാതൃഭവനിൽവച്ച് 2025 ഒക്ടോബർ 4-ാം തീയതി സ്കൂളുകളിൽ എട്ടാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന അധ്യാപകർക്കായി പ്രത്യേക സംഗമം നടത്തി. പാഠപുസ്തകത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചകളും നിർദേശങ്ങളും ഈ സംഗമത്തിൽ പങ്കുവച്ചു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ സംഗമത്തിൽ റവ. ഫാ. തോമസ് മണ്ണൂർ ക്ലാസ്സ് നയിച്ചു.

**Mission Quest**

സീറോ മലബാർസഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധനകമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച Mission Quest എന്ന പേരിലുള്ള ഓൺലൈൻ ക്വിസ്മത്സരത്തിന്റെ സഭാതല മത്സരം 2025 നവംബർ 8 ശനിയാഴ്ച രാത്രി 6 മണിക്കു നടത്തപ്പെടും.

*പഠനഭാഗങ്ങൾ:*

ബൈബിൾ : വി. ലൂക്കായുടെ സുവിശേഷം (17-24 അധ്യായങ്ങൾ) (ഈശോയുടെ മിഷൻപ്രവർത്തനങ്ങൾ) -30%

മിഷൻ: ഏഷ്യയിലെ സഭ - Ecclesia In Asia (A Post-Synodal Apostolic Exhortation 1999) 30%

മതബോധനം: സീറോ മലബാർസഭയുടെആരാധനക്രമ വിശ്വാസപരിശീലനം : അധ്യായം 3 (പേജ് 37-65) 30%

പൊതുവിജ്ഞാനം: സഭയും മിഷനും -10%

**20, 40, 50 വർഷം സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ ആദരിക്കൽ**

വിശ്വാസപരിശീലനരംഗത്ത് 20,40,50 വർഷങ്ങൾ സേവനം പൂർത്തിയാക്കിയ വിശ്വാസപരിശീലകരെ രൂപത വിശ്വാസപരിശീലനകേന്ദ്രം ആദരി

ക്കുന്നു. ഈ വർഷം മേല്പറഞ്ഞ കാലയളവ് പൂർത്തിയാക്കുന്ന വിശ്വാസപരിശീലകരുടെ പേരും ഫോട്ടോയും വികാരിയച്ചന്റെ അംഗീകാരത്തോടെ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തിൽ 2025 നവംബർ 29-നു മുമ്പായി രൂപത വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**വിശ്വാസപരിശീലകപുരസ്കാരം**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി നാമനിർദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേരും ഫോട്ടോയും വികാരിയച്ചന്റെ അംഗീകാരത്തോടെ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു ലഭിക്കുന്ന നിശ്ചിതഫോറത്തിൽ 2025 നവംബർ 29-നു മുമ്പായി രൂപത വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്. മുമ്പ് ഈ അവാർഡ് ലഭിക്കാത്ത, CTP യും ചുരുങ്ങിയത് പത്തുവർഷത്തെ സർവീസുമുള്ള അധ്യാപകരെ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ.

**തിരുബാലസഖ്യം - എന്റെ ഡയറി**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറി മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതതലമത്സരത്തിൽ പങ്കെടുക്കാവുന്നത്. ഡയറികൾ 2025 ഡിസംബർ 14 നുമുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

നിർദേശങ്ങൾ തിരുബാലസഖ്യം പ്രവർത്തനമാർഗരേഖയുടെ പേജ് 7-ൽ നൽകിയിട്ടുണ്ട്.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ഒക്ടോബർമാസത്തെ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർമാസം അഞ്ചാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**ഹാദൂസ് മെൽസ**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ നേതൃത്വത്തിൽ ഹാദൂസ് മെൽസ എന്ന പേരിൽ രൂപത കലോത്സവം ഒക്ടോബർമാസം പതിനൊന്നാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ചു നടന്നു. പാലാ രൂപതയിലെ ഇരുപതു മേഖലകളിൽനിന്നുള്ള വിജയികൾ മത്സരങ്ങളിൽ പങ്കെടുത്തു. എ കാറ്റഗറിയിൽ മാവടി, അടിവാരം, വെള്ളികുളം എന്നീ ശാഖകളും ബി കാറ്റഗറിയിൽ പറത്താനം, മേലുകാവുമറ്റം, മുത്തോലപുരം എന്നീ ശാഖകളും സി കാറ്റഗറിയിൽ രാമപുരം, ചേർപ്പുങ്കൽ, കുറവിലങ്ങാട് എന്നീ ശാഖകളും യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾക്ക് അർഹരായി.

**അൽഫോൻസാ തീർത്ഥാടനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അൽഫോൻസാ തീർത്ഥാടനം ഒക്ടോബർ പന്ത്രണ്ടാം തീയതി ഭരണങ്ങാനത്തു നടന്നു. രാവിലെ 8.30 മുതൽ ഉച്ചകഴിഞ്ഞ് 3:00 മണി വരെയുള്ള സമയത്ത് 4 ഘട്ടങ്ങളായാണ് തീർത്ഥാടനം ക്രമീകരിച്ചത്. രൂപതയിലെ വിവിധ ശാഖകളിൽനിന്നായി ഒമ്പതിനായിരം കുട്ടികൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, പാലാ രൂപത പ്രോട്ടോ സിഞ്ചല്ലൂസ് റവ. ഡോ. ജോസഫ് തടത്തിൽ, വികാരി ജനറാൾമാരായ റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ, റവ. ഫാ. ജോസഫ് കണിയോടിക്കൽ, റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് എന്നിവർ തീർത്ഥാടകരായ കുട്ടികളോടു സംവദിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

## കെ.സി.എസ്.എൽ.

**സംസ്ഥാന സാഹിത്യോത്സവം**

ഈ വർഷത്തെ കെ.സി.എസ്.എൽ സംസ്ഥാന സാഹിത്യോത്സവം ഒക്ടോബർ 11 ശനിയാഴ്ച പാലാ മാനത്തൂർ സെന്റ് ജോസഫ് ഹൈസ്കൂളിൽ വച്ചു രാവിലെ 10.00 മണിമുതൽ ഉച്ചയ്ക്ക് 1.00 മണിവരെ നടത്തപ്പെട്ടു. കഥ, കവിത, ഉപന്യാസം, ചിത്രരചന, ബൈബിൾ ക്വിസ്, കെ.സി.എസ്.എൽ ക്വിസ്, സ്കോളർഷിപ്പ്, കൈയെഴുത്തുമാസിക എന്നീ മത്സരങ്ങളാണ് നടന്നത്. പാലാ രൂപതയിൽനിന്നു 92 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു.

**കൈയെഴുത്തുമാസികമത്സരം**

രൂപതാ സാഹിത്യോത്സവത്തോടനുബന്ധിച്ചു നടത്തുന്ന കൈയെഴുത്തുമാസികമത്സരത്തിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ അറക്കുളം സെന്റ് മേരീസ് എച്ച്.എസ്.എസ് ഒന്നാംസ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം രാമപുരം സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസും, മൂന്നാംസ്ഥാനം കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്.എസ്.എസും കരസ്ഥമാക്കി.

ഹൈസ്കൂൾവിഭാഗത്തിൽ എൽ.എഫ്.എച്ച്.എസ്. ചെമ്മലമറ്റം ഒന്നാം സ്ഥാനവും സെന്റ് മേരീസ് ജി.എച്ച്.എസ്. കുറവിലങ്ങാട് രണ്ടാം സ്ഥാനവും മേരിമാതാ പബ്ലിക് സ്കൂൾ മൂന്നാംസ്ഥാനും കരസ്ഥമാക്കി. യു.പി. വിഭാഗത്തിൽ എസ്.എച്ച്.ജി.എച്ച്.എസ് ഭരണങ്ങാനം ഒന്നാംസ്ഥാനവും എൽ.എഫ്.എച്ച്.എസ്. ചെമ്മലമറ്റം രണ്ടാംസ്ഥാനവും സെന്റ് ജോൺസ് എച്ച്.എസ് കുറുമുണ്ണ് മൂന്നാംസ്ഥാനും കരസ്ഥമാക്കി.

**സാഹിത്യോത്സവം ഓവറോൾ**

രൂപതാ സാഹിത്യോത്സവത്തിൽ ഓവറോൾ നേടിയ സ്കൂളുകൾ

**എച്ച്.എസ്.എസ്**

ഫസ്റ്റ് - സെന്റ് തോമസ് എച്ച്.എസ്.എസ്, പാലാ
സെക്കൻഡ്- സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, പ്ലാശ്ശനാൽ
തേർഡ് - സെന്റ് മേരീസ് എച്ച്.എസ്.എസ്, അറക്കുളം

**എച്ച്.എസ്**

ഫസ്റ്റ് - സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്
സെക്കൻഡ് - എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
തേർഡ് - സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്, പ്രവിത്താനം

**യു.പി**

ഫസ്റ്റ് - എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം
സെക്കൻഡ് - എ.ആർ.എസ്, ഭരണങ്ങാനം
തേർഡ് - സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്

**ഏകവർഷ കോഴ്സ്**

കെ.സി.എസ്.എലിന്റെ ആഭിമുഖ്യത്തിൽ 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തുന്ന ഏകവർഷ കോഴ്സിന്റെ ഒക്ടോബർമാസത്തിലെ ക്ലാസ്സ് 20-ാം തിയതി തിങ്കളാഴ്ച പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 9.30 മുതൽ 3.30 വരെ നടത്തപ്പെട്ടു. റോബിൻ സാർ കുട്ടികൾക്കു ക്ലാസ്സ് എടുത്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. - കെ.സി.വൈ.എം.

**കളമശ്ശേരി മാർത്തോമാഭവനു നേരേയുണ്ടായ അതിക്രമം പ്രതിഷേധാർഹം**

കളമശ്ശേരി മാർത്തോമാ ഭവനുനേരേയുണ്ടായ അതിക്രമം പ്രതിഷേധാർഹമെന്നും, കുറ്റക്കാർക്കെതിരേ നിയമനടപടി സ്വീകരിക്കാനുള്ള കാലവിളംബം അപലപനീയമെന്നും പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം പാലാ രൂപത. കളമശ്ശേരിയിൽ നടന്നത് അത്യന്തം ഗുരുതരമായ നിയമലംഘനവും, മനുഷ്യാവകാശനിഷേധവുമാണ്. നിസ്സഹായരായ ആശ്രമവാസികൾക്കു നേരേ സമൂഹവിരുദ്ധർ അതിക്രമം നടത്തിയിട്ട് ദിവസങ്ങളായിട്ടും ആക്രമികൾക്കെതിരേ നടപടി സ്വീകരിക്കാത്തത് സാധാരണപൗരന്മാരോടുള്ള വെല്ലുവിളിയാണ്. നഗ്നമായ നിയമലംഘനത്തിനെതിരേ യുക്തമായ നടപടികൾ സ്വീകരിക്കാനും, ആസൂത്രിതവും സംഘടിതവുമായ ഈ കുറ്റകൃത്യത്തിനു പിന്നിലുള്ളവരെ അറസ്റ്റു ചെയ്യാനും പൊലീസ് തയ്യാറാകണം. പരിഹാരം കണ്ടെത്താൻ ആവശ്യമായ ക്രിയാത്മകമായ ഇടപെടലുകൾ ജനപ്രതിനിധികൾ നടത്തണമെന്നും യോഗം ആവശ്യപ്പെട്ടു. എസ്എംവൈഎം പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു.

**പാലാ രൂപത ബേസ് അപ്രേം നസ്രാണി ദയറാ അടുത്തറിഞ്ഞ് യുവജനങ്ങൾ**

പാലാ രൂപതയുടെ കാപ്പുംതല ബേസ് അപ്രേം നസ്രാണി ദയറാ അടുത്തറിഞ്ഞ് പാലാ രൂപതയിലെ യുവജനങ്ങൾ. പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ നേതൃത്വപരിശീലനക്യാമ്പിന്റെ ഭാഗമായാണ് യുവജനങ്ങൾ പുരാതന സുറിയാനി ദയറാ സന്ദർശിക്കുകയും, ആശ്രമജീവിതം അടുത്തറിയുകയും ചെയ്തത്. വി. ബൈബിൾ, പരിശുദ്ധകുർബാന, സുറിയാനിഭാഷ എന്നിവയുമായി ബന്ധപ്പെട്ട സെഷനുകളും, യാമനമസ്കാരങ്ങളും ദയറാ ഡയറക്ടർ റവ.ഫാ.ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, അസി. ഡയറക്ടർമാരായ ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിലിൽ, ഫാ. ജോർജ് പൊന്നുംവരിക്കയിൽ എന്നിവർ നയിച്ചു.

**ഭിന്നശേഷിനിയമനം സംബന്ധിച്ച് വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവന തെറ്റിദ്ധാരണജനകം**

'ഭിന്നശേഷിക്കാരായ ആളുകൾക്കു നിയമനം നൽകുന്നതിൽ ക്രൈസ്തവമാനേജ്മെന്റുകൾ തടസ്സം നിൽക്കുന്നു' എന്നു ധ്വനിപ്പിക്കുന്ന

വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവന തികച്ചും തെറ്റിദ്ധാരണജനകമെന്നു പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം പാലാ രൂപത. കേരളത്തിലെ ക്രിസ്ത്യൻ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് അധ്യാപകർ സർക്കാരിന്റെ തികഞ്ഞ പക്ഷപാതപരമായ നിലപാടുമൂലം ഗൗരവമായ പ്രതിസന്ധിയിലായിരിക്കുന്ന ഈ കാലത്ത് മന്ത്രിതന്നെ ക്രൈസ്തവസമൂഹത്തിനെതിരേ ദുരുദ്ദേശ്യപരമായ പ്രസ്താവനകൾ നടത്തുന്നതു പ്രതിഷേധാർഹമാണ്. കോടതിവിധി അനുസരിച്ചും, സർക്കാരിന്റെ ഉത്തരവുപ്രകാരവും നിശ്ചിതശതമാനം ഒഴിവുകൾ ഭിന്നശേഷിക്കാർക്കായി ക്രിസ്ത്യൻ മാനേജ്മെന്റുകൾ മാറ്റിവച്ചിട്ടുണ്ട്. എന്നിട്ടും അധ്യാപകനിയമനങ്ങൾ അംഗീകരിക്കില്ലെന്ന് സർക്കാർ ശാഠ്യം പിടിക്കുന്നത് അപലപനീയമാണ്.

ഈ വിഷയങ്ങൾ ഉന്നയിക്കുമ്പോളെല്ലാമുള്ള വിദ്യാഭ്യാസവകുപ്പിന്റെ ധിക്കാരപൂർവകമായ മറുപടി അംഗീകരിക്കാനാവില്ല. നിയമസഭയിൽ വിദ്യാഭ്യാസമന്ത്രി; അഡ്വ മോൻസ് ജോസഫ് എംഎൽഎക്കു നൽകിയ മറുപടിയും തെറ്റുധാരണ ഉണ്ടാക്കുന്നതും നിയമസഭയെ കബളിപ്പിക്കുന്നതുമാണ്. അധ്യാപകരും തൊഴിൽ ചെയ്തു ജീവിക്കുന്നവരാണെന്നും; കുഞ്ഞുങ്ങൾക്ക് അറിവു പകർന്നുകൊടുക്കുന്ന, നാളത്തെ സമൂഹത്തെ വാർത്തെടുക്കുന്ന അധ്യാപകരെ സംരക്ഷിക്കേണ്ട മുഖ്യ ഉത്തരവാദിത്വം സർക്കാരിന്റേതാണെന്നും, എത്രയും വേഗം അവർക്കു നീതി ലഭ്യമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

**യൂത്ത് പ്രിവിലേജ് കാർഡ്**

പാലാ രൂപത യുവജനപ്രസ്ഥാനം മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ചു പുറത്തിറക്കിയ യൂത്ത് പ്രിവിലേജ് കാർഡിന് അർഹരായ യുവജനങ്ങളുടെ ആദ്യഘട്ടപട്ടിക മെഡിസിറ്റി ഡയറക്ടർ റവ. ഫാ. ഗർവാസീസ് ആനിത്തോട്ടത്തിലിനു കൈമാറി.

**ആദരിച്ചു**

സത്യവിശ്വാസത്തിന്റെ വിശ്രുതസംരക്ഷകനും ഹെന്ദോയുടെ വലിയ മല്പാനുമായ കൂനമ്മാക്കൽ തോമാക്കത്തനാരെ പാലാ രൂപത യുവജനപ്രസ്ഥാനം ആദരിച്ചു.

**മെന്റൽ ഗെയിംസ്**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ എസ്എംവൈഎം കുറവിലങ്ങാട് ഫൊറോനയുടെയും മണ്ണയ്ക്കനാട് യൂണിറ്റിന്റെയും സഹകരണത്തോടെ  മെന്റൽ ഗെയിംസ്; ചെസ്, ക്യാരംസ് ടൂർണമെന്റ് നടത്തപ്പെട്ടു. മണ്ണയ്ക്കനാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഹാളിൽ നടന്ന ടൂർണമെന്റ്

എസ്എംവൈഎം മണ്ണയ്ക്കനാട് യൂണിറ്റ് ഡയറക്ടർ ഫാ. സ്കറിയ മലമാക്കൽ ഉദ്ഘാടനം ചെയ്തു. മുപ്പതോളം ടീമുകൾ പങ്കെടുത്ത ചെസ് ടൂർണമെന്റിൽ കടനാട് ഫൊറോനയിലെ കാവുംകണ്ടം യൂണിറ്റും, ക്യാരംസ് ടൂർണമെന്റിൽ കടപ്ലാമറ്റം ഫൊറോനയിലെ കൂടല്ലൂർ യൂണിറ്റും ചാമ്പ്യന്മാരായി. കടപ്ലാമറ്റം ഫൊറോനയിലെ കടപ്ലാമറ്റം, അരുവിത്തുറ ഫൊറോനയിലെ തിടനാട് എന്നീ യൂണിറ്റുകൾ രണ്ടാം സ്ഥാനത്തിന് അർഹത നേടി. എസ്എംവൈഎം പാലാ രൂപത ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ആനിമേറ്റർ സി. ആൻസ് എസ്എച്ച്, മുൻ പ്രസിഡന്റ് എഡ്വിൻ ജോസി എന്നിവർ സമ്മാനദാനം നിർവഹിച്ചു.

**മോക്ക് അസംബ്ലി നടത്തപ്പെട്ടു**

പൊതുതിരഞ്ഞെടുപ്പുകൾക്കു മുന്നോടിയായി മോക്ക് അസംബ്ലിയുമായി പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപത. യുവജനങ്ങൾക്കു രാഷ്ട്രീയത്തോടും തിരഞ്ഞെടുപ്പിനോടുമുള്ള താൽപര്യക്കുറവ് പരിഹരിക്കുക, അവരെ ജനാധിപത്യബോധമുള്ളവരാക്കിത്തീർക്കുക, പാർലമെന്ററി കാര്യങ്ങൾ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് മോക്ക് അസംബ്ലി സംഘടിപ്പിച്ചത്. ചെമ്മലമറ്റം പന്ത്രണ്ടുശ്ലീഹന്മാരുടെ പള്ളിയിൽ നടന്ന പരിപാടി എസ്എംവൈഎം ചെമ്മലമറ്റം യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് കടുതോടിൽ ഉദ്ഘാടനം ചെയ്തു. ഗവർണർ, സ്പീക്കർ, മുഖ്യമന്ത്രി, വകുപ്പുമന്ത്രിമാർ, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ തുടങ്ങിയവരെല്ലാം പുനരാവിഷ്കരിക്കപ്പെട്ട മോക്ക് അസംബ്ലി കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ സിറിയക് ചാഴികാടൻ നയിച്ചു.

**മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ്**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെയും, എസ്എംവൈഎം കടനാട് ഫൊറോനയുടെയും സംയുക്താഭിമുഖ്യത്തിൽ മാർ സെബാസ്റ്റ്യൻ വയലിൽ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് നടത്തപ്പെട്ടു. കൊല്ലപ്പള്ളി ഫ്ളഡ്‌ലൈറ്റ് വോളിബോൾ സ്റ്റേഡിയത്തിൽ നടന്ന ടൂർണമെന്റ് കടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജിജി തമ്പി ഉദ്ഘാടനം ചെയ്തു. നിരവധി ടീമുകൾ മാറ്റുരച്ച ടൂർണമെന്റിൽ കൊഴുവനാൽ ഫൊറോനയിലെ പൈക യൂണിറ്റ് ചാമ്പ്യന്മാരായി. കടനാട് ഫൊറോന ടീം, അരുവിത്തുറ യൂണിറ്റ് ടീം എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എസ്എംവൈഎം കടനാട് ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ആട്ടങ്ങാട്ടിൽ ട്രോഫികൾ വിതരണം ചെയ്തു.

**പള്ളുരുത്തി സെന്റ് റീത്താസ് സ്കൂളിൽ നടന്ന അതിക്രമം അപലപനീയം**

കൊച്ചി പള്ളുരുത്തി സെന്റ് റീത്താസ് പബ്ലിക് സ്കൂളിൽ നടന്ന അതിക്രമം അപലപനീയമെന്ന് പാലാ രൂപത എസ്എംവൈഎം. മത പരമായ ചിഹ്നം യൂണിഫോമിന്റെ ഭാഗമാക്കണമെന്നാവശ്യപ്പെട്ട്, സ്കൂളിന്റെ നിയമങ്ങൾ ലംഘിച്ച് ഒരുകൂട്ടം വർഗീയവാദികൾ സ്കൂളിലേക്ക് അതിക്രമിച്ചു കയറി ഭീകരാന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിച്ചത് തികച്ചും പ്രതിഷേധാർഹമാണ്. വിദ്യാഭ്യാസം, അച്ചടക്കം, മതേതരമായ അന്തരീക്ഷം എന്നിവയെ തകർക്കാൻ ലക്ഷ്യമിട്ടുള്ള ഈ നീക്കം യാതൊരു കാരണവശാലും അനുവദിക്കാനാവില്ല. ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും സമാധാനപരമായ അന്തരീക്ഷം നിലനിർത്താനും അധികാരികൾ ശ്രദ്ധിക്കണമെന്നും പാലാ രൂപത എസ്എംവൈഎം ആവശ്യപ്പെട്ടു.

**കരുതൽപദ്ധതി**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം, പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ചു നടത്തുന്ന ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനപദ്ധതിയായ 'കരുതൽ' പ്ലാശനാൽ, അൽഫോൻ സാഗിരി, അറക്കുളം ന്യൂ യൂണിറ്റുകളിൽ വച്ചു നടത്തപ്പെട്ടു.

**എസ്എംവൈഎം പാലാ രൂപത കലോത്സവം 'ഉത്സവ്' നടത്തപ്പെട്ടു**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം - കെസിവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കലോത്സവം 'ഉത്സവ് 2025' നടത്തപ്പെട്ടു. പാലാ അൽഫോൻസാകോളജിൽ വച്ചു നടത്തപ്പെട്ട കലോത്സവത്തിൽ രൂപതയിലെ ഇരുപതു ഫൊറോനകളിൽ നിന്നും വിജയിച്ചുവന്ന അഞ്ഞൂറിൽപരം യുവജനങ്ങൾ പങ്കെടുത്തു. വാശിയേറിയ മത്സരങ്ങൾക്കൊടുവിൽ ഈ വർഷത്തെ കലാകിരീടം കുറവിലങ്ങാട് ഫൊറോന കരസ്ഥമാക്കി. രാമപുരം ഫൊറോന, അരുവിത്തുറ ഫൊറോന എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ഫൊറോന നേതൃസംഗമം നടത്തപ്പെട്ടു**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്എംവൈഎം-കെസിവൈഎം പാലാ രൂപതയുടെ രണ്ടാംഘട്ട ഫൊറോനാനേതൃസംഗമം നടത്തപ്പെട്ടു. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്ന സംഗമം എസ്എംവൈഎം പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ഫൊറോനതലനേതാക്കന്മാർ പങ്കെടുത്ത യോഗത്തിൽ യൂണിറ്റ് തിരഞ്ഞെടുപ്പ്, വിലയിരുത്തൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട്

നിർണായകമായ ചർച്ചകൾ നടത്തപ്പെടുകയും, തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, ജോയിന്റ് ഡയറക്ടർ സി. നവീന സിഎംസി, വൈസ് പ്രസിഡന്റ് ജോസഫ് വടക്കേൽ, ബിൽന സിബി എന്നിവർ പ്രസംഗിച്ചു.

**വി. ജോൺപോൾ രണ്ടാമൻ അനുസ്മരണം നടത്തപ്പെട്ടു**

എസ്എംവൈഎം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ എസ്എംവൈഎം യുവജനസംഘടനയുടെ സ്വർഗീയമധ്യസ്ഥനായ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ അനുസ്മരണം നടത്തപ്പെട്ടു. ഒക്ടോബർ ഇരുപത്തിരണ്ട് സീറോ മലബാർ യുവജനദിനാചരണത്തിന്റെ ഭാഗമായാണ് അനുസ്മരണം നടത്തപ്പെട്ടത്. പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്ന അനുസ്മരണത്തിൽ വി. ജോൺപോൾ രണ്ടാമന്റെ ഛായാചിത്രത്തിനു മുമ്പിൽ യുവജനങ്ങൾ പൂക്കൾ അർപ്പിച്ചു. രൂപതയിലെ യുവജനനേതാക്കൾ പരിപാടിയിൽ പങ്കെടുത്തു. ഫൊറോനകളിലും യൂണിറ്റുകളിലും യുവജനദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**VERITAS**

പാലാ രൂപതയിലെ യുവജനങ്ങൾക്കായി ഒക്ടോബർ 17 മുതൽ 20 വരെ പാലാ സെന്റ് തോമസ് കോളജിൽ വച്ച് വേരിത്താസ് – നവീകരണധ്യാനം നടത്തപ്പെട്ടു. ജീസസ് യൂത്ത് പാലാ ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ആനിമേറ്റർ സി. മെൽവിൻ FCC എന്നിവരുടെ നേതൃത്വത്തിൽ ധ്യാനസെഷനുകൾ, ഗ്രൂപ്പ് ആക്റ്റിവിറ്റികൾ, ആരാധന, സാക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്രമീകരിച്ച പ്രോഗ്രാമിൽ 130 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**സ്കൂൾ ആനിമേറ്റേഴ്സ് ഗാതെറിങ്**

പാലാ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അൽഫോൻസാ കോളജിൽ വച്ച് രൂപതയിലെ സ്കൂളുകളിൽ ജീസസ്സ് യൂത്ത് നേതൃത്വം നൽകുന്ന അധ്യാപകരുടെയും കുട്ടികളുടെയും സംഗമം നടത്തപ്പെട്ടു. വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ആനിമേറ്റർ സി. മെൽവിൻ FCC എന്നിവരുടെ അധ്യക്ഷതയിൽ നടത്തപ്പെട്ട സംഗമത്തിൽ 40 അധ്യാപകരും നൂറിലധികം കുട്ടികളും പങ്കെടുത്തു.

**വേരിത്താസ് പോസ്റ്റർ പ്രകാശനം**

ഒക്ടോബർ 17 മുതൽ 20 വരെ സെന്റ് തോമസ് കോളജിൽ വച്ചു യുവജനങ്ങൾക്കായി നടത്തപ്പെടുന്ന VERITAS പ്രോഗ്രാമിന്റെ പോസ്റ്റർ പ്രകാശനം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**ബുധനാഴ്ച്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ച ക്കൂട്ടായ്മ നടന്നുവരുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**മ്യൂസിക് മിനിസ്ട്രി ഗാതെറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ച് ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി എല്ലാ ശനിയാഴ്ചയും രാത്രി 9 മണിക്ക് ഗൂഗിൾ മീറ്റിൽ വച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.

**സ്കൂൾ പ്രയർ ഗ്രൂപ്പ്**

ടീനേജ് കുട്ടികളുടെ ഇടയിൽ അവരുടെ ദൈവവിശ്വാസം ഊട്ടിയുറപ്പിക്കുവാനും ഈശോയോടുള്ള സ്നേഹത്തിൽ വളർന്നുവരുവാനുമായി സ്കൂൾ പ്രയർ മീറ്റിങ്ങുകൾ സംഘടിപ്പിച്ചുവരുന്നു. അതിന്റെ ഭാഗമായി വടകര ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ പുതിയ പ്രാർത്ഥനക്കൂട്ടായ്മ ആരംഭിച്ചു.

**VERITAS വോളണ്ടിയേഴ്സ് ട്രെയിനിങ്**

ക്യാമ്പസ്കുട്ടികൾക്കായി ഒക്ടോബർ 17 മുതൽ 20 വരെ തീയതികളിലായി നടത്തപ്പെടുന്ന വേരിത്താസ് പ്രോഗ്രാമിന്റെ ഒരുക്കമായുള്ള വോളണ്ടിയഴ്സ് ട്രെയിനിങ് ഒക്ടോബർ 2 നു കണ്ണാടിയുറുമ്പ് മേരിമാതാ സ്കൂളിൽ വച്ചു നടത്തപ്പെട്ടു. ഈശോയുടെകൂടെ തങ്ങൾ ചെയ്യാൻ പോകുന്ന ഈ ആത്മീയശുശ്രുഷയുടെ ഗൗരവത്തെപ്പറ്റിയും അതിന്റെ ഒരുക്കത്തെക്കുറിച്ചും കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ട്രെയിനിങ്ങിലൂടെ സാധിച്ചു.

**അനുദിന വിശുദ്ധർ**

വിശുദ്ധരാകാനും വിശുദ്ധിയിൽ വളരാനും അനേകരെ പ്രചോദിപ്പിക്കുവാൻ ജീസസ് യൂത്ത് പാലാ ഇന്റർസെഷൻ ടീമിന്റെ നേതൃത്വത്തിൽ

EVERYDAY SAINTS എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ചു. പല പേരുകളിൽ, പല ജീവിതങ്ങളിലൂടെ ക്രിസ്തുവിനെ ലക്ഷ്യമാക്കി ജീവിച്ച സഭയുടെ വിശുദ്ധരെ ഓരോ ദിവസവും അടുത്തറിയുവാനും അവരുമായുള്ള സൗഹൃദത്തിൽ ഈ കാലഘട്ടത്തിന്റെ വിശുദ്ധരായി മാറുവാനുമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

**വി. ഫ്രാൻസിസ് അസ്സീസിദിനം**

ജീസസ് യൂത്തിന്റെ സ്വർഗീയമധ്യസ്ഥനായ, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിനോടനുബന്ധിച്ച്, പാലാ സോൺ ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 4 ശനിയാഴ്ച വൈകുന്നേരം 5 മുതൽ 7.30 വരെ ഭരണങ്ങാനം അസ്സീസി റിന്യൂവൽ സെന്ററിൽ വച്ച് കുടുംബസംഗമവും തിരുനാളാചരണവും നടത്തപ്പെട്ടു. വിശുദ്ധകുർബാനയും വചനസന്ദേശവും സ്നേഹസംഗമവും ലഘുഭക്ഷണവും പ്രോഗ്രാമിന്റെ ഭാഗമായിരുന്നു.

**ഹൗസ്ഹോൾഡ്**

2025 ഒക്ടോബർ 5 ഞായറാഴ്ച അരുവിത്തുറ, പാലാ, കടുത്തുരുത്തി, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽ വെച്ച് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് നടത്തപ്പെട്ടു.

**അമ്മയോടൊപ്പം ജെറീക്കോപ്രാർത്ഥന**

വേരിത്താസ് പ്രോഗ്രമിന്റെ ഒരുക്കമായി, പരിശുദ്ധമറിയത്തിന്റെ കരങ്ങളിലേക്ക് എല്ലാം ഏല്പിച്ച്, പാലാ സോണിലുടനീളം ജെറീക്കോ പ്രാർത്ഥന നടത്തപ്പെട്ടു. ഒക്ടോബർ 13 തിങ്കളാഴ്ച വൈകുന്നേരം 4.00 മുതൽ 5:00 വരെ പാലാ എസ്.എച്ച് മീഡിയയിൽ വച്ച് മധ്യസ്ഥപ്രാർത്ഥന നടത്തുകയും തുടർന്ന് ഭരണങ്ങാനം, അരുവിത്തുറ, തുടങ്ങനാട്, രാമപുരം, കൂത്താട്ടുകുളം, ഇലഞ്ഞി, കടുത്തുരുത്തി, കുറവിലങ്ങാട് തുടങ്ങിയ ഇടങ്ങളിലൂടെ വിവിധ വാഹനങ്ങളിൽ പരി. അമ്മയുടെ തിരുസ്വരൂപം പ്രയാണം നടത്തുകയും ചെയ്തു. പ്രയാണം പാലാ കുരിശുപള്ളിയിൽ സമാപിച്ചു.

ഈ പ്രാർത്ഥനായഞ്ജത്തിൽ പാലാ ക്യാമ്പസ് ടീം ചാപ്ലയിൻ ഫാ. ജെയ്മോൻ വടക്കേടം CRM, പാലാ സോണൽ കൗൺസിൽ അനിമേറ്റർ സി.മെൽവിൻ FCC എന്നിവരും പങ്കുചേർന്നു.

**ജാഗോ യാത്ര**

വരാൻപോകുന്ന നാഷണൽ കോൺഫെറൻസ് 'ജാഗോ 2025' തയ്യാറെടുപ്പിന്റെ ഭാഗമായി നമ്മുടെ മാതൃരാജ്യത്തെ ഈശോയുടെ തിരുരക്തസംരക്ഷണത്തിനു സമർപ്പിച്ചു പ്രാർത്ഥിക്കുന്നതിന്റെ ഭാഗമായി,

ഇന്ത്യയുടെ നാലു ഭാഗങ്ങളിൽനിന്നും ഇൻറർസെഷൻ ജേർണി - ജാഗോ യാത്ര ആരംഭിച്ച് കേരളത്തിലൂടെയുള്ള യാത്ര, ഒക്ടോബർ 15 രാത്രി 10 മണിയോടെ പാലാ സോണിലെ കടുത്തുരുത്തി SVD പ്രാർത്ഥനാനികേതനിൽ എത്തിച്ചേർന്നു. പിറ്റേദിവസം രാവിലെ കടുത്തുരുത്തി SVD പ്രാർത്ഥനാനികേതനിൽനിന്നാരംഭിച്ച്, പാലാ സോണിലെ കുറവിലങ്ങാട്, ഇലഞ്ഞി, കൂത്താട്ടുകുളം, രാമപുരം, ഭരണങ്ങാനം, പാലാ എന്നിവിടങ്ങളിലൂടെ യാത്ര ചെയ്ത്, കണ്ണാടിയുറുമ്പ് FCC കോൺവെന്റിൽ ഉച്ചയ്ക്ക് 1.00-1.30 വരെ ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുകയും തുടർന്നു കോട്ടയം സോണിനു കൈമാറുകയും ചെയ്തു.

**ദിവ്യകാരുണ്യ ആരാധന**

എല്ലാ മാസവും മൂന്നാംതിങ്കളാഴ്ച അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽവച്ച് അരുവിത്തുറ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തിവരുന്നു. അതോടൊപ്പം, പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും വേരിത്താസ് സമർപ്പിച്ച് പ്രാർത്ഥിക്കാനായി എല്ലാ ദിവസവും വൈകുന്നേരം 4 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തപ്പെട്ടു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1)** 01/10/2025 കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ഇടവകയിൽ കുടുംബക്കൂട്ടായ്മയുടെ രൂപത റിസോഴ്സ് ടീം അംഗങ്ങളുടെ നേതൃത്വത്തിലുള്ള യൂണിറ്റുതലക്ലാസുകൾ ആർച്ചുപ്രീസ്റ്റ് വെരി.റവ.ഡോ. തോമസ് മേനാച്ചേരിയച്ചന്റെ പ്രാർത്ഥനാശീർവാദത്തോടെ ആരംഭിച്ചു. തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ 5.15 pm ന് ആരംഭിച്ച കുടുംബക്കൂട്ടായ്മകൾ കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. പോൾ കുന്നുംപുറത്ത്, ഫാ. ജോസഫ് മണിയൻചിറ, ഫാ. ആന്റണി വാഴക്കാലയിൽ, ഫാ. ജോസഫ് ചൂരയ്ക്കൽ, ഫാ. തോമസ് താന്നിമലയിൽ വ.ഫാ. ജോസ് കോട്ടയിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 81 യൂണിറ്റുകളിലും ക്ലാസുകൾ നടത്തപ്പെട്ടു. സോൺ ജനറൽ ലീഡർ ബോബിച്ചൻ നിധീരി, സോൺ ലീഡർമാർ, യോഗപ്രതിനിധികൾ, കൂട്ടായ്മാഭാരവാഹികൾ എന്നിവർ കൂട്ടായ്മപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. 28/10/2025 ചൊവ്വാഴ്ച ക്ലാസുകൾ സമാപിച്ചു.

**2)** 07/10/2025 ചൊവ്വാഴ്ച കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ഷലോം പാസ്റ്ററൽ സെൻററിൽ ചേർന്നു. ജീവമന്ന ബൈബിൾപഠനപരമ്പരയുടെ അടുത്തഘട്ടപ്രവർത്തനങ്ങളെക്കുറിച്ച്

ആലോചിക്കുകയും കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദേശങ്ങൾ ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്ത് നൽകുകയുംചെയ്തു.

**3)** 12/10/2025, 19/10/2025 തീയതികളിൽ മണലുങ്കൽ സെന്റ് മേരീസ് ഇടവകയിൽ കുടുംബക്കൂട്ടായ്മയുടെ രൂപത റിസോഴ്സ് ടീമംഗങ്ങളുടെ നേതൃത്വത്തിൽ വാർഡുതലക്ലാസുകൾ നടത്തപ്പെട്ടു. വികാരി റവ.ഫാ.തോമസ് ആയിലൂകുന്നേലിന്റെ പ്രാർത്ഥനയോടെ ക്ലാസുകൾ ആരംഭിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽബിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

ഒക്ടോബർ 13-15, 30-നവംബർ 2 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 220 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

നവംബർ 07-09, 21-23, ഡിസംബർ 05-07, 18-20, 29-31 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഒക്ടോബർമാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ റവ. ഫാ. തോമസ് വടക്കേൽ, പ്രൊഫ. ആൻസി വടക്കേചിറയാത്ത് എന്നിവർ ക്ലാസ്സെടുത്തു. 417 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. സ്ഥാനാരോഹണച്ചടങ്ങ്**

ഒക്ടോബർ 19-ാം തീയതി കല്യാൺരൂപതയിലെ പുതിയ മെത്രാന്റെ സ്ഥാനാരോഹണച്ചടങ്ങിൽ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

**B. പിതൃവേദി**

**1. പതാക ഉയർത്തൽ**

ഒക്ടോബർ 3-ാം തീയതി രാമപുരം ഇടവകയിൽവച്ചു നടക്കുന്ന കുഞ്ഞച്ചൻതീർത്ഥാടനത്തിന്റെ പതാക ഉയർത്തൽകർമ്മം ഫാമിലി അപ്പോസ്തൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. ഫോറോന വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുപുറം സന്നിഹിത

നായിരുന്നു. തുടർന്ന് 7-ാം തീയതി നടക്കാനിരിക്കുന്ന കുഞ്ഞച്ചൻ തീർത്ഥാടനചടങ്ങുകളെക്കുറിച്ച് പിതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു.

**2. കുഞ്ഞച്ചൻ തീർത്ഥാടനം**

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാമേഖലകളായ മാതൃവേദി-പിതൃവേദിയുടെ നേതൃത്വത്തിൽ കുഞ്ഞച്ചൻതീർത്ഥാടനം നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ, തുടർന്ന് ജപമാല. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ സഹകാർമ്മികൻ ആയിരുന്നു. തുടർന്ന് 11.30 ന് പള്ളിയിൽനിന്നാരംഭിച്ച ജപമാലപ്രദക്ഷിണത്തിൽ 2500 ഓളം പ്രവർത്തകർ പങ്കെടുത്തു. ചടങ്ങുകൾക്കു ഫാമിലി അപ്പോസ്തലേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു മുതുപ്ലാക്കൽ, മാതൃവേദി ജോ.ഡയറക്ടർ പി.കുസുമം എസ്. എച്ച്, മാതൃ-പിതൃവേദി രൂപത ഭാരവാഹികളായ ശ്രീ. ജോസ് തോമസ് മുത്തനാട്ട്, ടോമി തുരുത്തിക്കര, മാത്യു പൈലോ, ബിൻസ് തൊടുകയിൽ, ജോസുകുട്ടി അറയ്ക്കപ്പറമ്പിൽ, ഷേർളി ചെറിയാൻ മഠത്തിൽപ്പറമ്പിൽ, മേഴ്സി മാണി, സബീന സഖറിയാസ്, ലൗലി കടനാട്, ഡയാന രാജു തുടങ്ങിയവർ നേതൃത്വം നൽകി. ഉച്ചഭക്ഷണത്തോടെ പരിപാടികൾ അവസാനിച്ചു.

**3. പുതിയ യൂണിറ്റ്**

ഒക്ടോബർ 7-ാം തീയതി മേവിട ഇടവകയിലും, 15-ാം തീയതി പൂവത്തോട് ഇടവകയിലും, ഒക്ടോബർ 26 ന് പൈക ഇടവകയിലും പിതൃവേദി പുതിയ യൂണിറ്റ് ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. ഒക്ടോബർ 19 ഞായറാഴ്ച ചേർപ്പുങ്കൽ ഇടവകയിലും, മീനച്ചിൽ ഇടവകയിലും പിതൃവേദി പുതിയ യൂണിറ്റ് രൂപീകരിച്ചു.

**C. മാതൃവേദി**

**1. രൂപതാസമിതി**

ഒക്ടോബർ 3 ന് രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തപ്പെട്ടു. സമിതിയംഗങ്ങളെല്ലാവരും പങ്കെടുക്കുകയും കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**2. വിധവാസംഗമം**

ഒക്ടോബർ 11-ാം തീയതി തിരുവല്ലായിൽ വച്ചു നടത്തപ്പെട്ട വിധവാസംഗമം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

**3. ഗ്ലോബൽ മീറ്റിങ്**

ഒക്ടോബർ 14,15 തീയതികളിലായി ഇരിങ്ങാലക്കുടയിൽവച്ചു നടത്തപ്പെട്ട സീറോ മലബാർ ഗ്ലോബൽ മീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. ചടങ്ങിൽ സീറോ മലബാർ മാതൃവേദി ഡലഗേറ്റ് മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, അനുഗ്രഹപ്രഭാഷണവും ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ എന്നിവർ അധ്യക്ഷപ്രസംഗവും നടത്തി. സീറോ മലബാർ രൂപതയുടെ കീഴിലുള്ള 34 രൂപതകളിൽനിന്നായി എത്തിച്ചേർന്ന മാതൃവേദി അംഗങ്ങളുടെ വിവിധ പരിപാടികൾ മീറ്റിങ്ങിൽ നടത്തപ്പെട്ടു.

**D.സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർസഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**3. സ്റ്റാഫ് മീറ്റിങ്**

ഒക്ടോബർ 30-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ നടത്തപ്പെടുന്നു. സെപ്റ്റംബർ 16-ാം തീയതി മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കേക്കുനിർമ്മാണ ക്ലാസ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി

ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ -- 7306293048

**2. വെഞ്ചരിപ്പുകർമ്മം**

ഒക്ടോബർ 9-ാം തീയതി ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാമേഖലയായ മഡോണ ഹോം സയൻസ് പുതിയ ഓഫീസ് വെഞ്ചരിപ്പുകർമ്മം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നടത്തി. റവ. ഫാ. സിറിയക് തടത്തിൽ, റവ. ഫാ. മാത്യു തെന്നാട്ടിൽ, മഡോണ സ്റ്റാഫ് അംഗങ്ങൾ, ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**3. കേക്ക്, ബിസ്കറ്റ്, പുഡിങ്**

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ നവംബർ 5-ാം തീയതി (ബുധൻ) അമ്മമാർക്കും കുട്ടികൾക്കുമായി കേക്ക്, ബിസ്കറ്റ്, പുഡിങ് പാചകക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ - 7306293048

**H. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായ പദ്ധതിയായ മംഗല്യനിധിവഴി ഫാത്തിമാപുരം ഇടവകയിലെ പെൺകുട്ടിക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

## കത്തോലിക്കാ കോൺഗ്രസ്

**1. രൂപതാകമ്മിറ്റി**

കത്തോലിക്കാകോൺഗ്രസ് പാലാ രൂപത കമ്മിറ്റി പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

**തീരുമാനങ്ങൾ**

അവകാശസംരക്ഷണയാത്രയ്ക്ക് സമയോചിതമായ സ്വീകരണം കൊടുക്കുക. പാലായിൽ ഒക്ടോബർ 21 ന് നടന്ന സമാപനസമ്മേളന ത്തിൽ എല്ലാ അംഗങ്ങളും മറ്റ് സംഘടനകളിലെ അംഗങ്ങളെയും പങ്കെ ടുപ്പിക്കുക. എല്ലാ യൂണിറ്റുകളിലും രൂപതാ ഭാരവാഹികൾ നേരിട്ട് മീറ്റിം ഗുകൾ സംഘടിപ്പിക്കുക. വിവിധ കമ്മിറ്റികളുടെ കോർഡിനേറ്റേഴ്സായി രാജേഷ് പാറയിൽ, എഡ്വിൻ പാമ്പാറ, ക്ലിന്റ് അരീപ്ലാക്കൽ എന്നിവരെ ചുമതലപ്പെടുത്തി. 101 അംഗങ്ങളടങ്ങിയ സ്വാഗതസംഘത്തെ രൂപീകരിച്ച് ഒക്ടോബർ 12 ന് അവകാശസംരക്ഷണദിനമായി ആചരിക്കുന്നതിനും എല്ലാ യൂണിറ്റുകളിലും അറിയിക്കുന്നതിനും തീരുമാനിച്ചു.

പാലാ രൂപത പ്ലാറ്റിനം ജൂബിലി സ്മാരകകത്തോലിക്കാ കോൺ ഗ്രസ് ഭവനങ്ങൾ ഇനിയും തുടങ്ങാത്ത ഫൊറോനകൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്ന് തീരുമാനമെടുത്തു. അടുക്കളത്തോട്ടം മത്സരത്തിന്റെ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**2. അവകാശസംരക്ഷണദിനം**

ഒക്ടോബർ 12 അവകാശസംരക്ഷണദിനമായി ആചരിച്ചു. യൂണിറ്റു കളിൽ പതാക ഉയർത്തിയും പ്രതിജ്ഞയെടുത്തും സമ്മേളനങ്ങൾ നടത്തി യും ആചരിച്ചു.

**3. കോർകമ്മിറ്റി യോഗം**

അവകാശസംരക്ഷണയാത്ര സുഗമമായി നടക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനു കോർകമ്മിറ്റി പല പ്രാവശ്യം യോഗം ചേർന്നു.

- കഴിയുന്നത്ര ഇടവകകളിൽ നേരിൽ ചെന്ന് വൈദികരേയും അംഗങ്ങളെയും ക്ഷണിക്കുക.
- പബ്ലിസിറ്റിക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
- പ്രാർഥനാസഹായം ആവശ്യപ്പെടുക.
- സ്വീകരണസ്ഥലങ്ങളും അവയുടെ ഉത്തരവാദിത്വവും തീരുമാ നിച്ചുകൊടുക്കുക.

ഒക്ടോബർ 21-ാം തീയതി 12.45 ന് പാലാ രൂപതാതിർത്തിയിൽ വന്ന യാത്രയെ സ്വീകരിച്ച് അരുവിത്തുറ, രാമപുരം ഫൊറോനകളുടെ സ്വീകരണം ഏറ്റുവാങ്ങി 4.30 ന് പാലായിൽഎത്തുന്ന വിധത്തിൽ ക്രമീക രിച്ചു. ളാലം പഴയപള്ളി മൈതാനത്തുനിന്നു റാലിയായി സിവിൽ സ്റ്റേഷൻ വഴി കുരിശുപള്ളിക്കവലയിൽ സമ്മേളനസ്ഥലത്തെത്തി.

സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. യാത്രയുടെ ക്യാപ്റ്റൻ രാജീവ് കൊച്ചുപറമ്പിൽ വിഷയം അവതരിപ്പിച്ചു.

**4. അവകാശസംരക്ഷണയാത്ര**

പാലായിൽ കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നടത്തിയ അവകാശസംരക്ഷണയാത്രയെ കാഞ്ഞിരപ്പള്ളി രൂപതയിലെ യാത്രയ്ക്കു ശേഷം ഒക്ടോബർ 21 ചൊവ്വാഴ്ച 12.45 ന് പാലാ രൂപതാതിർത്തിയായ ചെമ്മലമറ്റത്ത് രൂപതാപ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ജോസ് വട്ടുകുളം ജോൺസൺ വീട്ടിയാങ്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**5. അരുവിത്തുറയിൽ സ്വീകരണം**

അവകാശസംരക്ഷണയാത്രയെ അരുവിത്തുറപ്പള്ളി ജംഗ്ഷനിൽ ഫൊറോനപ്രസിഡന്റ് സാബു പ്ലാത്തോട്ടത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. ഫൊറോന വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്തു. ജോൺസൺ ചെറുവള്ളി, റ്റോമിച്ചൻ തുടങ്ങിയവർ ആശംസകൾ നേർന്നു. രൂപതാഭാരവാഹികൾ സന്നിഹിതരായിരുന്നു.

**6. രാമപുരത്ത് സ്വീകരണം**

ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നയിക്കുന്ന അവകാശസംരക്ഷണയാത്രയെ രാമപുരത്ത് ഫൊറോന പ്രസിഡന്റ് അജോ തുണങ്കലിന്റെ നേതൃത്വത്തിൽ കുരിശുപള്ളി ജംഗ്ഷനിൽ സ്വീകരിച്ചു. സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്ത് മാർ ആഗസ്തീനോസ് കോളജ് പ്രിൻസിപ്പൽ ഡോ. റെജി മേക്കാടൻ മുഖ്യപ്രഭാഷണം നടത്തി. രൂപത, ഫൊറോന, ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**7. സ്വീകരണം**

കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ നടത്തിയ അവകാശസംരക്ഷണയാത്രയെ ഒക്ടോബർ 21 ചൊവ്വാഴ്ച 5 മണിക്ക് പാലാ കുരിശുപള്ളി ജംഗ്ഷനിൽ വച്ച് രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി പൊന്നാട അണിയിച്ച് സ്വീകരിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ആൻസമ്മ സാബു, ജോൺസൺ വീട്ടിയാങ്കൽ, ജോയി കണിപറമ്പിൽ തുടങ്ങിയ രൂപതാ ഫൊറോന ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**8. സമ്മേളനം**

അവകാശസംരക്ഷണയാത്രയുടെ പാലാ രൂപതയിലെ സമാപനസമ്മേളനം കുരിശുപള്ളി ജംഗ്ഷനിൽ നടത്തി. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. പാലാ രൂപത മുഖ്യവികാരി ജനറൽ മോൺ. ജോസഫ് തടത്തിൽ, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, റവ. ഫാ. ഫിലിപ്പ് കവിയിൽ, ഡോ. ജോസുകുട്ടി ഒഴുകയിൽ, ഫാ. ജോസഫ് തടത്തിൽ, ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, ജോൺസൺ വീട്ടിയാങ്കൽ, രാജേഷ് പാറയിൽ, യാത്രയിലെ സ്ഥിരാംഗങ്ങൾ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. രാജീവ് കൊച്ചുപറമ്പിൽ സ്വീകരണത്തിനു നന്ദി പറഞ്ഞുകൊണ്ട് യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു സംസാരിച്ചു.

**9. തിരുവനന്തപുരം സെക്രട്ടേറിയറ്റ് ധർണ**

കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ ക്യാപ്റ്റനായ അവകാശസംരക്ഷണയാത്ര 2025 ഒക്ടോബർ 13 ന് പാണത്തൂരിൽനിന്നു തുടങ്ങി കേരളത്തിലെ 13 രൂപതകളിലും 14 ജില്ലകളിലും കൂടി കടന്ന് 24-ാം തീയതി തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ ധർണയോടും പത്രികസമർപ്പണത്തോടുംകൂടി സമാപിച്ചു.

പാലാ രൂപതയിൽനിന്ന് 400 ൽപ്പരം കത്തോലിക്കാകോൺഗ്രസ് പ്രവർത്തകർ രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി, ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം എന്നിവരുടെ നേതൃത്വത്തിൽ റാലിയിൽ പങ്കെടുത്തു.

ധർണ ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്താ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. താമരശേരി മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണം നടത്തി. രാജീവ് കൊച്ചുപറമ്പിൽ പത്രികസമർപ്പണം നടത്തി.

**10. അടുക്കളത്തോട്ടം മത്സരം 2025**

11-ാമത് അടുക്കളത്തോട്ടമത്സരം 2025 ന്റെ മാർക്കിടീൽ തീയതികൾ
യൂണിറ്റ് തലത്തിൽ: 2025 നവംബർ 5, 6 തീയതികളിൽ
ഫൊറോന തലത്തിൽ: 2025 നവംബർ 8, 9 തീയതികളിൽ
രൂപതാ തലത്തിൽ: 2025 നവംബർ 11, 12, 13 തീയതികളിൽ

*മാർക്ക് വിഭജനരീതി*

ഫലദായകത്വം : 50 ശതമാനം

പുഷ്ടിപ്പ്/കുരുന്ന് : 30 ശതമാനം

ക്രമീകരണമികവ് : 20 ശതമാനം എന്നീ വിധത്തിലായിരിക്കും.

**ഫൊറോനാവാർത്തകൾ**

**1. കടുത്തുരുത്തി**

കത്തോലിക്കാകോൺഗ്രസ് കടുത്തുരുത്തി ഫൊറോനകമ്മിറ്റി പൂഴിക്കോൽ പാരീഷ് ഹാളിൽ നടത്തി. മാന്നാർ യൂണിറ്റ് പ്രസിഡന്റ് ശ്രീ മനോജ് കടവൻകാല അധ്യക്ഷത വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം ഉദ്ഘാടനം ചെയ്തു. ജോർജ് മങ്കുഴിക്കരി, സ്റ്റീഫൻ പാറാവേലി, സലിൽ കൊല്ലംകുടി എന്നിവർ സംസാരിച്ചു.

**2. അരുവിത്തുറ**

ഫൊറോന പ്രസിഡന്റ് സാബു പ്ലാത്തോട്ടം അധ്യക്ഷത വഹിച്ചു. വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ജോൺസൺ ചെറുവള്ളി, ജോൺസൺ വീട്ടിയാങ്കൽ, റ്റോമിച്ചൻ തുടങ്ങിയവർ സംസാരിച്ചു. അവകാശസംരക്ഷണസ്വീകരണം ചർച്ച ചെയ്തു.

**3. കുറവിലങ്ങാട്**

ഫൊറോന പ്രസിഡന്റ് നിധീഷ് നിധീരി അധ്യക്ഷത വഹിച്ചു. ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. ബ്രസ് വെള്ളാരംകാല, സിന്ധു ജരാദ് തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നല്കി.

**4. മുട്ടുചിറ**

ജയ്ഗിരി പാരീഷ്ഹാളിൽ കൂടിയ യോഗത്തിൽ ഫൊറോന പ്രസിഡന്റ് എം.എം. മാത്യു അധ്യക്ഷത വഹിച്ചു. ജയ്ഗിരി വികാരി ഫാ. തോമസ് മലയിൽപുത്തൻപുര ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. സാബു കല്ലിരിക്കുംകാല, സുചിത്ത് മുരിങ്ങോലിൽ തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നല്കി.

**5. തുടങ്ങനാട്**

ഫൊറോന പ്രസിഡന്റ് ജിസ്മോൻ നെല്ലംകുഴിയിൽ അധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. ജോൺസൺ പുള്ളീറ്റ് ഉദ്ഘാടനം ചെയ്തു. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, എഡ്വിൻ പാമ്പാറ, ഷാജി എമ്പ്രായിൽ തുടങ്ങിയവർ ആശംസകൾ നേർന്നു.

**6. പ്രവിത്താനം**

ഫൊറോന പ്രസിഡന്റ് ജോയി ചന്ദ്രൻകുന്നേൽ അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് വേളൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അഡ്വ. ജോൺസൺ വീട്ടിയാങ്കൽ മുഖ്യപ്രഭാഷണം നടത്തി. ജോയി കളപ്പുരയ്ക്കൽ, പ്രമോദ് കാനാട്ട് തുടങ്ങിയവർ സംസാരിച്ചു.

**7. കടനാട്**

ഫൊറോന പ്രസിഡന്റ് ബിനു വള്ളോംപുരയിടം അധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. ജോസഫ് പാനാംപുഴ ഉദ്ഘാടനം ചെയ്തു. ജോസ് മലയിൽ, അൽഫോൻസാ ദാസ്, ലിസി അനിൽ തുടങ്ങിയവർ സംസാരിച്ചു.

**8. പാലാ**

ഫൊറോന പ്രസിഡന്റും രൂപതാ സെക്രട്ടറിയുമായ രാജേഷ് പാറയിൽ അധ്യക്ഷത വഹിച്ചു. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ജോസ് കാക്കല്ലിൽ ഉദ്ഘാടനം നിർവഹിച്ചു.

**9. ഇലഞ്ഞി**

ഫൊറോന പ്രസിഡന്റ് ബേബി ആലുങ്കൽ അധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. ജോസഫ് ഇടത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. റോയി ചുമ്മാർ സംസാരിച്ചു.

**10. ചേർപ്പുങ്കൽ**

ഫൊറോന പ്രസിഡന്റ് ജോർജ് മണിയങ്ങാട്ട് അധ്യക്ഷത വഹിച്ചു. വികാരി വെരി റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. ജോയി കണിപറമ്പിൽ, ജോസഫ് പോൾ, ബേബിച്ചൻ അഴിയാത്ത് തുടങ്ങിയവർ സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**1. മൂന്നിലവ്**

സീറോമലബാർ സഭ സമുദായ ശക്തീകരണവർഷത്തോടനുബന്ധിച്ച് 'സമുദായ ശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. വികാരി റവ. ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സെക്രട്ടറി  ആൻസമ്മ സാബു സെമിനാർ നയിച്ചു. യൂണിറ്റ് പ്രസിഡന്റ് വർഗീസ് ജോർജ് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ലീഗൽ ഫോറം കൺവീനർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ മുഖ്യപ്രഭാഷണം നടത്തി.

**2. പുതിയ യൂണിറ്റ്**

കടപ്ലാമറ്റം ഇടവകയിൽ പുതിയ യൂണിറ്റ് തുടങ്ങി. യോഗത്തിൽ രൂപതപ്രസിഡന്റ് എമ്മാനുവൽ നിധീരി, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ വികാരി റവ. ഫാ. ജോസഫ് മുളഞ്ഞനാൽ തുടങ്ങിയവർ നേതൃത്വം നൽകി. കമ്മിറ്റി പ്രസിഡന്റ് അഡ്വ. സജീവ് മാത്യു കുത്തിവ ളച്ചതിൽ, സെക്രട്ടറി: ഫ്രാൻസിസ് ജോസഫ് വെടിക്കുന്നേൽ, ട്രഷറർ: ബിനോയ് ജോർജ് കാരുവേലിൽ.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ലീഡേഴ്സ് മീറ്റ് – പാലാ റീജിയൻ**

പി.എസ്.ഡബ്ല്യുഎസിന്റെ നേതൃത്വത്തിൽ പാലാ റീജിയനിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടയും കർഷകദള ഫെഡറേഷനു കളുടെയും ഭാരവാഹികൾക്കായി നേതൃത്വശില്പശാല സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യുഎസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ. പാലാ അഗ്രിമ ഹാളിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ അധ്യക്ഷത വഹിച്ചു. പാലാ സോണൽ ഡയറക്ടർ ഫാ. ഐസക് പെരിങ്ങാമല, സോണൽ കോർഡിനേറ്റർമാ രായ സൗമ്യ ജയിംസ്, ആലീസ് ജോർജ് എന്നിവർ പ്രസംഗിച്ചു. ഡോ അലക്സ് കാവുകാട്ട്, സിബി മാത്യു കണിയാംപടി തുടങ്ങിയവർ ക്ലാസ്സ് നയിച്ചു. ജിജി സിന്റോ, റീജ ടോം, ടോണി സണ്ണി, ഷിൽജോ തോമസ്, ടോണി ജോസഫ്, തുടങ്ങിയവർ നേതൃത്വം കൊടുത്തു. പാലാ റീജിയണി ന്റെ ഭാഗമായ ചേർപ്പുങ്കൽ, കൊഴുവനാൽ, ഭരണങ്ങാനം, പ്രവിത്താനം, കടനാട്, രാമപുരം, പാലാ കത്തീഡ്രൽ ഫൊറോനകളിൽനിന്നുള്ള സംഘാംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

**ഭരണങ്ങാനം ഇൻഫാം വിജ്ഞാനവ്യാപനകേന്ദ്രം ആദരവ്**

സാമൂഹികപ്രവർത്തനമികവിന് കേരള കത്തോലിക്കാമെത്രാൻ സമിതി നൽകുന്ന സീറോ മലബാർ സഭ സോഷ്യൽ മിനിസ്ട്രി 'സ്പന്ദൻ 2025' അവാർഡ് ലഭിച്ച, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേലിനെ ഭരണങ്ങാനം ഇൻഫാം വിജ്ഞാന വ്യാപനകേന്ദ്രം ആദരിച്ചു. പാലാ സാന്തോം ഫുഡ് ഫാക്ടറി, കേരള ഗ്രോ സ്റ്റോർ, അഗ്രിമ കാർഷിക നേഴ്സറികൾ, അഗ്രിമ ഇക്കോ ഷോപ്പുകൾ, അഗ്രിമ ഓപ്പൺ മാർക്കറ്റ് തുടങ്ങിയ അനേകം സാമൂഹികപ്രവർത്തന

ങ്ങൾക്കു സമർത്ഥമായ നേതൃത്വം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തോമസച്ചൻ അവാർഡിന് അർഹനായത്. 27ന് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഭരണങ്ങാനം വെട്ടുകല്ലേൽ ആർക്കേഡിൽ ഇൻഫാം ഓഫീസിനു സമീപമുള്ള ഹാളിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ഇൻഫാം ജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ തോമസച്ചനെ പൊന്നാടയണിയിച്ച് ആദരിച്ചു. യോഗത്തിൽ പ്രൊഫസർ കെ.പി. ജോസഫ് അധ്യക്ഷത വഹിച്ചു. ചാക്കോ സി. പൊരിയത്ത് ആശംസ അർപ്പിച്ചു.

**കാർഷിക സ്പ്രേയിങ് ഡ്രോൺ മൈക്രോ ന്യൂട്രിയന്റ് സ്പ്രേ**

നബാർഡിന്റെ അംഗീകാരത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ട് ചെയ്യുന്ന ഫാത്തിമാപുരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ കാർഷിക സ്പ്രേയിങ് ഡ്രോൺ ഉപയോഗിച്ച് കല്ലറ പഞ്ചായത്തിൽ ആനിച്ചാംകുഴി പാടശേഖരത്തിൽ മൈക്രോ ന്യൂട്രിയന്റ് സ്പ്രേ ചെയ്തു. പ്രോഗ്രാം ഉദ്ഘാടനം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ കൊട്ടുകാപ്പള്ളിയിൽ നിർവഹിച്ചു, കല്ലറ പഞ്ചായത്ത് പ്രസിഡന്റ് ജോണി തോട്ടുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നബാർഡ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് മാനേജർ റെജി വർഗീസ്, കടുത്തുരുത്തി ADA സ്വപ്ന റ്റി. ആർ, കല്ലറ കൃഷി ഓഫീസർ രശ്മി എസ് നായർ, നിരവധി പാടശേഖരഭാരവാഹികൾ, ഫാത്തിമാപുരം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ & ഡയറക്ടേഴ്സ്, ഓഹരി ഉടമകൾ എന്നിവർ പങ്കെടുത്തു.

**പള്ളം ബ്ലോക്ക് എഫ്.പി.ഒ. റെഡി റ്റു കുക്ക് സ്റ്റാൾ, കാർഷിക നേഴ്സറി, ഇക്കോ ഷോപ്പ്, മീറ്റ് & ഫിഷ് സ്റ്റാൾ**

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ട് ചെയ്യുന്ന അയർക്കുന്നം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പള്ളം ബ്ലോക്ക് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് മാർക്കറ്റിങ്ങ് കോ ഓപ്പറേറ്റീവ് സൊസൈറ്റി പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന റെഡി റ്റു കുക്ക് - പഴം, പച്ചക്കറി സ്റ്റാളിന്റെയും അനുബന്ധസംരംഭങ്ങളുടെയും സംയുക്ത ഉദ്ഘാടനം അഡ്വ.ചാണ്ടി ഉമ്മൻ എം.എൽ.എ നിർവഹിച്ചു. അയർക്കുന്നം പുതുമന ബിൽഡിങ്ങിലുള്ള സൊസൈറ്റി ഹാളിൽ നടന്ന സമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. ടോമിച്ചൻ കെ ജോസഫ് അധ്യക്ഷത വഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടം പദ്ധതിരേഖ അവതരിപ്പിച്ചു. പള്ളം എഫ്.പി.ഒ

പ്രസിഡന്റ് ജയിംസ് പുതുമന, പഞ്ചായത്ത് പ്രസിഡന്റ് സീന ബിജു നാരായണൻ, ജില്ലാ പഞ്ചായത്തംഗം റെജി എം. ഫിലിപ്പോസ്, ബ്ലോക്ക് വൈസ് പ്രസിഡന്റ് രജനി അനിൽ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ സാബു പുതുപ്പറമ്പിൽ, ലിസമ്മ ബേബി, സുജാത ബിജു, ഗ്രാമ പഞ്ചായത്തംഗം ഷീനാ മാത്യു, വിവിധ രാഷ്ട്രീയകക്ഷിനേതാക്കളായ പി.പി. പത്മനാഭൻ, ജോയി കൊറ്റം, ജോസഫ് ചാമക്കാല, സിബി താളിക്കല്ല്, ജെ. സി. തറയിൽ, രവിക്കുട്ടൻ പാണിശ്ശേരിൽ, എഫ്.പി.ഒ സെക്രട്ടറി കെ. കെ. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. നാഷണൽ കോ ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ - എൻ.സി.ഡി.സി.ന്റെ നേതൃത്വത്തിൽ ക്ലസ്റ്റർ ബെയ്സ്ഡ് ബിസിനസ് ഓർഗനൈസേഷൻ-സി.ബി.ബി.ഒ-ആയ പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെയാണ് അയർക്കുന്നത്ത് പള്ളം ബ്ലോക്ക് തല എഫ്.പി.ഒ ആരംഭിച്ചത്. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽപ്പെടുത്തി എഫ്.പി.ഒ യിലെ വനിതകൾക്കായി അനുവദിച്ചതാണ് റെഡി റ്റു കുക്ക് - പഴം പച്ചക്കറി സ്റ്റാൾ. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ-എം.പി.ഐ-യുടെ മാംസോൽപന്നങ്ങളും മൽസ്യഫെഡിന്റെ ഉൽപ്പന്നങ്ങളും വിഷരഹിതമായ നാടൻ ഭക്ഷ്യോൽപന്നങ്ങളും പച്ചക്കറി തൈകൾ തുടങ്ങി നാടൻ, വിദേശ ഫലവൃക്ഷ തൈകളും ഇവിടെ ലഭ്യമാണ്.

**'കാൻവേ' കർഷക ഉൽപാദകകമ്പനി ലാഭവിഹിതം വിതരണം ചെയ്തു**

നബാർഡിന്റെ അംഗീകാരത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ട് ചെയ്യുന്ന കാഞ്ഞിരമറ്റം അഗ്രോ പ്രൊഡ്യൂസർ കമ്പനി-കാൻവേയുടെ ആറാമത് വാർഷിക പൊതുയോഗവും ഓഹരിയുടമകൾക്കുള്ള ലാഭവിഹിതവും വിതരണം ചെയ്തു. നബാർഡ് ജില്ലാ മാനേജർ റെജി വർഗ്ഗീസ് സമ്മേളനം ഉദ്ഘടനം ചെയ്തു. കാഞ്ഞിരമറ്റം മാർ സ്ലീവാ പാരീഷ്ഹാളിൽ നടന്ന സമ്മേളനത്തിൽ 'കാൻവേ' കമ്പനി ചെയർമാൻ ജോസ് തോമസ് കളരിക്കൽ അധ്യക്ഷനായിരുന്നു. കർഷകദള ഫെഡറേഷൻ രക്ഷാധികാരികൂടിയായ കാഞ്ഞിരമറ്റം പള്ളി വികാരി ഫാ. ജോസഫ് മണ്ണനാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, കർഷകദളഫെഡറേഷൻ ഡയറക്ടർ ഫാ. ജോസഫ് മഠത്തിപ്പറമ്പിൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് മാത്തുക്കുട്ടി ഞായർകുളം, 'കാൻവേ' ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ടോം ജേക്കബ് ആലയ്ക്കൽ, ഡയറക്ടർ ബോർഡംഗങ്ങളായ ഡാന്റീസ് കൂനാനിക്കൽ, ജയ്മോൻ പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

**വിദഗ്ധസന്ദർശനങ്ങൾ**

അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) പ്രൊജക്റ്റ് ഡയറക്ടർ ശ്രീമതി മിനി ജോർജും സംഘവും അഗ്രിമ സെൻട്രൽ നഴ്സറി, പാലാ സാൻതോം ഫുഡ് ഫാക്ടറി എന്നിവ സന്ദർശിച്ചു വിലയിരുത്തലുകൾ നടത്തി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക സഹായം വിതരണം ചെയ്തു.

**കോഴിക്കുഞ്ഞുങ്ങളുടെ വിതരണം**

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം കാമ്പസ് പാലായിൽവച്ച് ഉയർന്നയിനം BV3 80 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴിക്കുഞ്ഞുങ്ങൾ, മുട്ടത്താറാവ്, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടന്നു.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതിപ്രകാരം ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തിവരുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വളരെ സഹായമായി.

**അവലോകനയോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായസംഘങ്ങളുടെ അവലോകനമീറ്റിങ്ങുകൾ വിവിധ ഇടവകതലത്തിൽ നടത്തപ്പെട്ടു. അവലോകന മീറ്റിങ്ങിൽ പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷിസംബന്ധമായ ക്ലാസുകൾ എന്നിവ നടന്നു.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയം സഹായസംഘങ്ങളുടെ ഇടവക - ഫൊറോന തലത്തിലുള്ള വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളോടനുബന്ധിച്ചു വിവിധ ഫൊറോന, ഇടവക തലങ്ങളിൽ ഓണാഘോഷങ്ങളും വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**അടിയന്തര കൗൺസിൽ & സോണൽ സംയുക്തയോഗം**

ഒക്ടോബർ 16 നു വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ സന്നിധിയിലേക്കുള്ള തീർത്ഥാടനപദയാത്ര, മെമ്പർഷിപ്പ് കാമ്പയിൻ എന്നിവയുടെ ചർച്ചയ്ക്കായി DCMS പാലാരൂപത സമിതിയുടെ അടിയന്തര രൂപത കൗൺസിലും, സോണൽ മീറ്റിങ്ങും ഞായറാഴ്ച (28/9/2025) ഉച്ചകഴിഞ്ഞു 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ രൂപതപ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. രൂപത വികാരിജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണവും DCMS അസി. ഡയറക്ടർ ആമുഖപ്രസംഗവും നടത്തി.

**രാമപുരം-തുടങ്ങനാട് സോണൽ മീറ്റിങ്**

മെമ്പർഷിപ്പ് കാമ്പയിന്റെയും വാഴ്ത്തപ്പെട്ട തേവർപമ്പിൽ കുഞ്ഞച്ചന്റെ തീർത്ഥാടന വിളംബരജാഥ, പദയാത്ര എന്നിവയുടെയും ഭാഗമായി ഒക്ടോബർ 5 ന് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാ പള്ളിയിൽ വികാരി റവ.ഫാ. ബർക്കുമൻസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ സോണൽ മീറ്റിങ് കൂടുകയുണ്ടായി. രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗം ഉദ്ഘാടനം ചെയ്തു. സോണൽ ഡയറക്ടർ ഫാ. എബ്രഹാം കുഴിമുള്ളിൽ സ്വാഗതം ആശംസിച്ചു. DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ സംസാരിച്ചു. രാമപുരം സോണൽ സെക്രട്ടറി ശ്രീമതി ബിജി ജോസഫ് കൃതജ്ഞത അർപ്പിച്ചു.

**ചേർപ്പുങ്കൽ സോണൽ മീറ്റിങ്**

മെമ്പർഷിപ്പ് കാമ്പയിന്റെയും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തീർത്ഥാടന വിളംബരജാഥ, പദയാത്ര എന്നിവയുടെയും ഭാഗമായി ഒക്ടോബർ 5 ന് ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാപ്പള്ളി പാരിഷ് ഹാളിൽ വികാരി റവ. ഫാ. മാത്യു തെക്കേലിന്റെ അധ്യക്ഷതയിൽ സോണൽ മീറ്റിങ് കൂടുകയുണ്ടായി. പാലാ രൂപത വികാരിജനറാൾ മോൺ. റവ. ഫാ.സെബാസ്റ്റ്യൻ വേത്താനത്ത് യോഗം ഉദ്ഘാടനം ചെയ്തു. ചേർപ്പുങ്കൽ സോണൽ ഡയറക്ടർ ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ സ്വാഗതം ആശംസിച്ചു. DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ സംസാരിച്ചു. ചേർപ്പുങ്കൽ സോണൽ സെക്രട്ടറി ശ്രീമതി സാലി രാജു കൃതജ്ഞത അർപ്പിച്ചു.

**കുറവിലങ്ങാട് സോണൽ മീറ്റിങ്**

മെമ്പർഷിപ്പ് കാമ്പയിന്റെയും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തീർത്ഥാടന വിളംബരജാഥ, പദയാത്ര എന്നിവയുടെയും ഭാഗമായി ഒക്ടോബർ 11 ന് മർത്ത്മറിയം ഫൊറോനാപ്പള്ളി പാരിഷ്ഹാളിൽ ആർച്ചുപ്രീസ്റ്റ് വെരി. റവ. ഫാ. തോമസ് മേനാച്ചേരിയുടെ അധ്യക്ഷതയിൽ സോണൽ മീറ്റിങ് കൂടുകയുണ്ടായി. പാലാ രൂപതവികാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗം ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് സോണൽ ഡയറക്ടർ ഫാ. തോമസ് താന്നിമലയിൽ സ്വാഗതം ആശംസിച്ചു. DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ സംസാരിച്ചു. കുറവിലങ്ങാട് സോണൽ സെക്രട്ടറി ശ്രീമതി പെണ്ണമ്മ ജേക്കബ് കൃതജ്ഞത അർപ്പിച്ചു.

**അരുവിത്തുറ സോണൽ മീറ്റിങ്**

മെമ്പർഷിപ്പ് കാമ്പയിന്റെയും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തീർത്ഥാടന വിളംബരജാഥ, പദയാത്ര എന്നിവയുടെയും ഭാഗമായി ഒക്ടോബർ 11 ന് അരുവിത്തുറ സെന്റ് ജോർജ്ജ് ഫൊറോനാപ്പള്ളി പാരിഷ് ഹാളിൽ വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേലിന്റെ അധ്യക്ഷതയിൽ സോണൽ മീറ്റിങ് കൂടുകയുണ്ടായി. പാലാ രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗം ഉദ്ഘാടനം ചെയ്തു. അരുവിത്തുറ സോണൽ ഡയറക്ടർ ഫാ. ലിബിൻ പാലായ്ക്കത്തടത്തിൽ സ്വാഗതം ആശംസിച്ചു. DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ സംസാരിച്ചു. DCMS രൂപതകമ്മിറ്റിയംഗം ശ്രീ ജോയ് മാത്യു കൃതജ്ഞത അർപ്പിച്ചു.

**തീർഥാടന വിളംബരജാഥ**

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് ഒക്ടോബർ 13, 14 തീയതികളിൽ രൂപതയിലെ വിവിധ ഫൊറോനകളിലേക്കു തീർഥാടന വിളംബരജാഥാ നടത്തി. രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS അസി. ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കി.

**ഒക്ടോബർ 13 തിങ്കളാഴ്ച**

ഒക്ടോബർ 13 തിങ്കളാഴ്ച രാവിലെ 8 മണിക്ക് പാലാ രൂപതാ ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവ് വിളംബരജാഥ ഉദ്ഘാടനം ചെയ്തു.

വിളംബരജാഥായ്ക്ക് പ്രവിത്താനം, കടനാട് ഫൊറോനാപ്പള്ളി കളിൽ വികാരിയച്ചന്മാരുടെയും, DCMS യൂണിറ്റ് പ്രതിനിധികളുടെയും ഇടവകാംഗങ്ങളുടെയും പ്രാർത്ഥനയോടെ സ്വീകരണം നൽകി.

തുടർന്ന് നീലൂർ പള്ളിയിലും, മൂലമറ്റം ഫൊറോനാപ്പള്ളിയിലും മൂലമറ്റം ടൗണിലും മുട്ടം പള്ളിയിലും വികാരിയച്ചന്മാരുടെയും ഇടവ കാംഗങ്ങളുടെയും ഡി.സി.എം.എസ്. പ്രവർത്തകരുടെയും നേതൃത്വത്തിൽ സ്വീകരണം നൽകി.

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാളിനോടനു ബന്ധിച്ച് DCMS പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് നടത്തിയ വിളംബര ജാഥയ്ക്ക് മേലുകാവുമറ്റം പള്ളിയിലും വാകക്കാട് പള്ളിയിലും വികാരിയച്ച ന്മാരും ഇടവകാംഗങ്ങളും ചേർന്ന് അവിസ്മരീണയമായ സ്വീകരണങ്ങൾ നൽകി. തുടർന്ന് അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി എന്നിവിടങ്ങളിലും സ്വീകരണം നൽകി. ഭരണങ്ങാനത്ത് വി.അൽഫോൻസാമ്മയുടെ കബറിട ത്തിങ്കലും ഭരണങ്ങാനം ഫൊറോനാപ്പള്ളിയിലും വികാരിയച്ചന്മാരും ഇട വകാംഗങ്ങളും ചേർന്നു സ്വീകരണം നൽകി. പാലാ കുരിശുപള്ളിയിൽ അവസാനിച്ച ജാഥയിൽ പാലാ ളാലം കത്തീദ്രൽ പള്ളികളിലെ വികാ രിയച്ചന്മാർ, അസി. വികാരിയച്ചന്മാർ എന്നിവരുടെ സാന്നിധ്യത്തിൽ വി കാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് സമാപനാ ശീർവാദം നൽകി.

**ഒക്ടോബർ 14 ചൊവ്വാഴ്ച**

ഒക്ടോബർ 14 ചൊവ്വാഴ്ച രാവിലെ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽനിന്നാരംഭിച്ച വിളംബരജാഥ ഷലോം ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആശീർവദിച്ചു. തുടർന്ന് ജാഥയെ കൊഴു വനാൽ, ചേർപ്പുങ്കൽ, കടപ്ലാമറ്റം ഫൊറോനകളിൽ വികാരിയച്ചന്മാരും DCMS യൂണിറ്റ് പ്രവർത്തകരും ഇടവകാംഗങ്ങളും സ്കൂൾകുട്ടികളും ചേർന്ന് ആദരപൂർവം സ്വീകരിച്ചു.

തുടർന്ന് മരങ്ങാട്ടുപിള്ളി പള്ളിയിലും കുറവിലങ്ങാട് ഫൊറോനാ പ്പള്ളിയിലും DCMS യൂണിറ്റ് ഡയറക്ടർമാരുടെയും DCMS യൂണിറ്റ് പ്രവർത്ത

കരുടെയും നേതൃത്വത്തിൽ സ്വീകരണം നൽകി. കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി ഫൊറോനാപ്പള്ളികളിൽ വികാരിയച്ചന്മാരും ഇടവകാംഗങ്ങളും DCMS യൂണിറ്റ് പ്രവർത്തകരും ചേർന്നു സ്വീകരിച്ചു.

തുടർന്ന് മരങ്ങോലി, പിറവം, സേവ്യർപുരം, മുത്തോലപുരം ഇടവകകളിലും ഇലഞ്ഞി ഫൊറോനപ്പള്ളിയിലും വികാരിയച്ചന്മാരും ഇടവകാംഗങ്ങളും DCMS യൂണിറ്റ് പ്രവർത്തകരും ചേർന്നു സ്വീകരണം നൽകി. കൂത്താട്ടുകുളം ഫൊറോനാപ്പള്ളിയിലും വികാരിയച്ചനും, ഇടവകാംഗങ്ങളും ചേർന്നു സ്വീകരണം നൽകി. തുടർന്ന് തീർത്ഥാടനവിളംബരജാഥ വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയിൽ സമാപിച്ചു. വികാരി വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. തോമസ് വെട്ടുകാട്ടിൽ, DCMS യൂണിറ്റ് പ്രവർത്തകർ, ഇടവകയിലെ മറ്റംഗങ്ങൾ എന്നിവർ ചേർന്നു സ്വീകരിച്ചു.

വിളംബരജാഥയെ DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, രൂപത ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപതകമ്മിറ്റിയംഗം ശ്രീ ജോയ് മാത്യു, ശ്രീ സണ്ണി പി. എം., കൗൺസിൽ - സോണൽ സമിതിയംഗങ്ങൾ തുടങ്ങിയവർ അനുഗമിച്ചു.

**തീർത്ഥാടനപദയാത്ര**

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് ഒക്ടോബർ 16 നു DCMS രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ പദയാത്ര നടത്തുകയുണ്ടായി. പദയാത്ര വെള്ളിലാപ്പള്ളി ജങ്ഷനിൽനിന്നും RVM സ്കൂൾ ജങ്ഷനിൽനിന്നുമാണ് ആരംഭിച്ചത്. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപം വഹിച്ചു. രൂപത വികാരി ജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി എന്നിവർ പദയാത്രയ്ക്കു നേതൃത്വം നല്കി. രൂപത വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, രൂപത ഓർഗനൈസർ ശ്രീ ബേബി ആന്റണി, DCMS രൂപത കമ്മിറ്റിയംഗങ്ങൾ എന്നിവരും DCMS പ്രവർത്തകരും പദയാത്രയെ അനുഗമിച്ചു.

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ തിരുസ്വരൂപവുമായി എത്തിയ പദയാത്രയെ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഏറ്റുവാങ്ങി സ്വീകരിച്ചു. ഫൊറോന

പ്പള്ളി വികാരി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, വൈസ് പോസ്റ്റുലേറ്റർ ഫാ. തോമസ് വെട്ടുകാട്ടിൽ, പള്ളികമ്മിറ്റിയംഗങ്ങൾ, DCMS യുണിറ്റ് - മേഖലഭാരവാഹികൾ എന്നിവർ ചേർന്ന് കുഞ്ഞച്ചന്റെ തിരുസ്വരൂപം മാല യിട്ടു സ്വീകരിച്ചു. തുടർന്ന് DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ദിവ്യബലി അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. ആയിരത്തോളം ആളുകൾ പങ്കെടുത്ത തീർത്ഥാടനപദയാത്രയ്ക്ക് രൂപതഭാരവാഹികളായ ഫെമിന സിബിച്ചൻ, ബേബി ആന്റണി സണ്ണി പി. എം, ബിന്ദു ആന്റണി, ജോയ് മാത്യു എന്നിവർ നേതൃത്വം നല്കി.

**നന്ദിയുടെ ഒരുവാക്ക്**

വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് DCMS പാലാ രൂപതസമിതിയുടെ നേതൃത്വത്തിൽ രൂപത വികാരിജനറാൾ മോൺ. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, DCMS രൂപത അസി. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപതപ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, മറ്റു ഭാരവാഹികൾ, രൂപത കമ്മിറ്റിയംഗങ്ങൾ, കൗൺസിൽ യൂണിറ്റ് - സോണൽ പ്രവർത്തകർ ചേർന്നു നടത്തിയ വിളംബരജാഥയ്ക്ക് പാലാരൂപതയിലെ വിവിധ ഫൊറോനകളിലും ഇടവകകളിലും നൽകിയ സ്വീകരണത്തിന് DCMS രൂപതസമിതിയുടെ അകൈതവമായ നന്ദി അർപ്പിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**1. മെഡിസിറ്റി -കെയർ ഹോം പ്രൊജക്ട്**

മെഡിസിറ്റി -കെയർ ഹോം പ്രൊജക്ട് രൂപതയിലെ സ്പെഷ്യൽ സ്കൂളുകളിൽ നടത്തപ്പെട്ടു.

**2.വയോജനദിനം**

ഈ വർഷത്തെ വയോജനദിനത്തി വിവിധ സ്കൂളുകളിലും കോളേജുകളിലും വിവിധ സെമിനാറുകൾ നടത്താൻ തീരുമാനമായി.

**3. എക്സിക്യൂട്ടീവ് മീറ്റിങ്**

സ്പെഷ്യൽ സ്കൂൾ, ഓൾഡ് ഏജ് ഹോം എന്നിവരുടെ എക്സിക്യൂട്ടീവ് മീറ്റിങ് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. കെ.എൽ.എം ഓഫീസ് സ്റ്റാഫ് ട്രെയിനിങ്**

18-10-2025 ശനിയാഴ്ച എറണാകുളം പി.ഒ.സിയിൽ വച്ചു നടന്ന ട്രെയിനിങ് പ്രോഗ്രാമിൽ ഓഫീസ് സ്റ്റാഫ് പങ്കെടുത്തു.

**2. കെ.എൽ.എം. മീഡിയ പേഴ്സൺ ട്രെയിനിംഗ് പ്രോഗ്രാം**

18-10-2025 ശനിയാഴ്ച എറണാകുളം പി.ഒ.സി വച്ച് നടന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ പാലാ രൂപത കെ.എൽ.എം ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ക്ലാസ്സ് നയിച്ചു. മീഡിയ പേഴ്സൺ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

ഒക്ടോബർ 5,12,19,26 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ -അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച രാവിലെ 11.30 നു നടന്നു.

**ഗാന്ധിജയന്തിദിനാചരണം**

അഡാർട്ടും ഗാന്ധി സെൻറർ പാലായും സംയുക്തമായി ഗാന്ധിജയന്തിദിനാചരണം നടത്തി. രാവിലെ പുഷ്പാർച്ചനയിൽ തുടങ്ങി ഉച്ചയ്ക്കുള്ള സമ്മേളനത്തിൽ അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് കെ. ജെ. എബ്രഹാം സന്ദേശം നൽകി അഡാർട്ട് സീനിയർ കൗൺസിലർ ജോയി കെ. മാത്യു, മരിയ ആനി പോൾ തുടങ്ങിയവർ പ്രസംഗിച്ചു.

**ബോധവൽക്കരണക്ലാസുകൾ**

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ബോധവൽക്കരണക്ലാസ് നയിച്ചു.

**അവേയർനസ് ക്യാമ്പയിൻ**

കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്.എസ്.എസ് സ്കൂളിലെ കുട്ടികളുടെയും, അധ്യാപകരുടെയും നേതൃത്വത്തിൽ അഡാർട്ട് ക്ലബ്ബിന്റെ സഹകരണത്തോടെ ആൻറി ഡ്രഗ് അവേയർനസ് ക്യാമ്പെയിൻ സംഘടിപ്പിച്ചു അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**അഡാർട്ട് സന്ദർശനം**

1. പ്ലാശനാൽ സെന്റ് ആന്റണീസ് എച്ച്.എസ്. സ്കൂളിലെ സ്കൗട്ട്, ഗൈഡിങ്, അഡാർട്ട് ക്ലബ് കുട്ടികൾ അഡാർട്ട് സന്ദർശിക്കുകയും തുടർന്ന് അവർക്കുവേണ്ടി സീനിയർ കൗൺസിലർ ജോയി കെ. മാത്യു ലഹരിവിരുദ്ധബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

2. മണിമലക്കുന്ന് നഴ്സിങ് കോളജ് ബി.എസ്.സി നേഴ്സിങ് ആറാം സെമസ്റ്റർ കുട്ടികളും അധ്യാപകരും അഡാർട്ട് സന്ദർശിക്കുകയും. തുടർന്ന് അഡാർട്ട് ഡയറക്ടർ ഫാ ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ മാത്യു എന്നിവർ ക്ലാസ് നയിക്കുകയും ചെയ്തു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരത്തിന്റെ ഫലം പ്രസിദ്ധീകരിച്ചു.

| വിഭാഗം | 1 | 2 | 3 |
|---|---|---|---|
| എ | ആൽബർച്ച് റിജോ കുറവിലങ്ങാട് | സിയന്നസിസ് ടൈറ്റസ് മുത്തോലി | ആൻട്രീസ ഫ്രാൻസിസ് |
| ബി | കരോൾ ജോസഫ് പാദുവ | ലിസ്മരിയ അരുവിത്തുറ | ആഗ്നസ് റിജോ കുറവിലങ്ങാട് |
| സി | ആൻജന ജോണി കുന്നോന്നി | റോസ്മി ജിയോ അരുവിത്തുറ | സിയ സണ്ണി കൊണ്ടാട് |
| ഡി | ഡിന്റാ ഫ്രാൻസിസ് കുറവിലങ്ങാട് | സി. ടെസ്സി തേവർകുന്നേൽ SABS, അഡോറേഷൻ ഹോസ്റ്റൽ അരുണാപുരം, പാലാ | ജെസ്സി മാത്യു മാനത്തൂർ |

| | | | |
|---|---|---|---|
| ഇ | ബിന്നി സ്കറിയ<br>കാഞ്ഞിരമറ്റം | ലിസി മാത്യു<br>മാവടി | ബാബുമോൾ<br>ഭരണങ്ങാനം |
| എഫ് | മേരി വർഗീസ്<br>കാളികാവ് | സെലിൻ ജോസഫ്<br>കാഞ്ഞിരത്താനം | എത്സി ബേബി<br>ഇടമറുക് |

വിജയികൾക്ക് അഭിനന്ദനങ്ങൾ! സംസ്ഥാനതലമത്സരം 2025 നവംബർ 9-ാം തീയതി ആലുവയിൽ വച്ചു നടക്കും.

**പരിശീലനക്ലാസ്**

സംസ്ഥാനതലമത്സരത്തിന് അർഹത നേടിയവർക്കായി ഒക്ടോബർ 20-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ പരിശീലനക്ലാസ് നടത്തി.

**ലോഗോസ് ഫാമിലി ക്വിസ്**

രൂപതാതല ലോഗോസ് ഫാമിലി ക്വിസ് മത്സരം 2025 നവംബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 2 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചുനടക്കും. ഫൊറോനതലവിജയികളാണ് മത്സരത്തിൽ പങ്കെടുക്കുക.

**ബൈബിൾ ക്ലാസ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ കഴിഞ്ഞ ക്ലാസ് ഒക്ടോബർ 11 ന് നടന്നു. അടുത്ത ക്ലാസ് നവംബർ 8 ന് നടക്കും.

**സർട്ടിഫിക്കറ്റ് വിതരണം**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾകോഴ്സിന്റെ കഴിഞ്ഞ ബാച്ച് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് 2025 ഒക്ടോബർ 11-ാം തീയതി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രൂപതാ വികാരി ജനറാൾ വെരി. റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് വിതരണം ചെയ്തു.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## ഇവാഞ്ചലൈസേഷൻ

**1.** ഒക്ടോബർ 1 തിങ്കളാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽ പാലാ രൂപത 43-മത് ബൈബിൾ കൺവൻഷന്റെ എക്സിക്യൂട്ടീവ് മീറ്റിങ് നടന്നു. വികാരി ജനറാൾ മോൺ. വെരി റവ. ഫാ.സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത്, ശ്രീ ജോർജ് കുര്യൻ ഞാവള്ളിൽ, സണ്ണി പള്ളിവാതുക്കൽ, ഷിജു അഗസ്റ്റിൻ വെള്ളപ്ലാക്കൽ, ബാബു പോൾ പെരിയപ്പുറം, ബിനു ജേക്കബ് വാഴപ്പറമ്പിൽ, ബൈജു ജോസഫ് ഇടമുളയിൽഎന്നിവർ പങ്കെടുത്തു.

**2.** ഒക്ടോബർ 2 ന് പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ചുനടന്ന അധ്യാപകരുടെ സമ്മേളനത്തിൽ ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജോസഫ്അരിമറ്റത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു.

**3.** ഇവാഞ്ചലൈസേഷൻ ഹോസ്പിറ്റൽ മിനിസ്ട്രിയുടെ ഭാഗമായി ഒക്ടോബർ 14 ന് കൂത്താട്ടുകുളം ദേവമാതാ ഹോസ്പിറ്റലിൽ രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. കോർഡിനേറ്റർ സെബാസ്റ്റ്യൻ പൈലി, സെക്രട്ടറി സി. ജെയ്സി CMC എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)
**ഫാ. ആൽബിൻ പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ സെന്റ് തോമസ് കത്തീദ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ 2 മണിവരെ കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ദാശുശ്രുഷ നടത്തപ്പെടുന്നു. കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രുഷകൾക്ക് സോണൽ സബ് സോണൽ – അംഗങ്ങൾ നേതൃത്വം നൽകി. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് എല്ലാ വെള്ളിയാഴ്ചകളിലും വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. 2025 ഒക്ടോബർമാസത്തിൽ ഫാ. മനോജ് (ജോസഫ്) വടക്കേടത്ത് CFM, ബ്രദർ എം.എം. ജെറാൾഡ്, ഫാ. മാത്യു ഓലിക്കൽ, ഫാ. ജോർജ് പുല്ലുകാലായിൽ എന്നിവർ ഓരോ ആഴ്ചയിലും വചന ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാകരിസ്മാറ്റിക് നവീകരണസുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഒക്ടോബർ 7 ന് കടുത്തുരുത്തി സബ്സോണിൽ മാന്നാർ സെന്റ് മേരീസ് മൗണ്ട് ദൈവലയത്തിൽ വച്ച് ഉപവാസമധ്യസ്ഥപ്രാർത്ഥന നടത്തി. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഫാ. ജോൺസൺ തുണ്ടിയിൽ (KCSC കോ –ഓർഡിനേറ്റർ) ജൂബിലി സന്ദേശം നൽകി.

3. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻധ്യാനം നടത്തുന്നു.

4. ഒക്ടോബർമാസത്തിലെ എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

5. ഒക്ടോബർ 4 ശനി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് കുടുംബസംഗമവും കെ.സി.എസ്.എൽ. നേതൃത്വം പാലാ സോൺ സന്ദർശനവും ഒന്നിച്ചു നടത്തപ്പെട്ടു.

**6. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ സമയംവീതം 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന എൽ.എസ്.എസ്. സെമിനാർ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് എല്ലാ ഞായറാഴ്ചകളിലും രണ്ടു മണിമുതൽ 5 മണിവരെയും നടന്നുകൊണ്ടിരിക്കുന്നു.

**7. രാത്രി ആരാധന**

ഒക്ടോബർ 25 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മ തീർത്ഥാടനദേവാലയത്തിൽവച്ച് രാത്രി ആരാധന നടത്തപ്പെട്ടു. ഫാ. നോബിൾ തോട്ടത്തിൽ HGN (ഗുഡ് ന്യൂസ് ധ്യാനകേന്ദ്രം, പാമ്പാടി) വചന ശുശ്രൂഷയും ആരാധനയും നയിച്ചു. ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**8. ദിവ്യകാരുണ്യ ആരാധന**

ഒക്ടോബർ ഒന്നിന് പൈക സെന്റ് ജോസഫ്സ് ദൈവാലയത്തിലും ഒക്ടോബർ 11 ന് മുട്ടുചിറ ഹോളിഗോസ്റ്റ് ദൈവാലയത്തിലും 14 ന് ഇലഞ്ഞി സബ് സോണിൽ മരങ്ങോലി സെൻ മേരീസ് ദൈവാലയത്തിലും 20 ന് മുട്ടം ടൗൺ മർത്ത്മറിയം ദൈവാലയത്തിലും 21 ന് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിലും ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. ഈ ശുശ്രൂഷകൾക്ക് ഫാ. ജോസഫ് അരിമറ്റത്ത്, സോൺ - സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**9. കരിസ്മാറ്റിക് പ്രേഷിതസംഗമം**

ഒക്ടോബർ 15 ന് വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന ദേവാലയത്തിൽ വച്ച് കരിസ്മാറ്റിക്പ്രേഷിതസംഗമം നടത്തപ്പെട്ടു. ഫാ. ജോസഫ് അരിമറ്റത്ത് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് സോൺ - സബ് സോൺ അംഗങ്ങളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽബിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ ഒക്ടോബർ 5-ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

ഒക്ടോബർ 7 ചൊവ്വാഴ്ച പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**കൗൺസലിങ്**

ഒക്ടോബർ 15, 28 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

**ജയിൽസന്ദർശനം**

സി.എം.എൽ പുത്തൻപള്ളി അംഗങ്ങളും ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളും സംയുക്തമായി ഒക്ടോബർ 20ാം തീയതി പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും ബോധവൽക്കരണസെമിനാറും വിവിധതരം കലാപരിപാടികളും സംഘടിപ്പിച്ചു.

**യൂണിറ്റ് സമ്മേളനം**

ഒക്ടോബർ 25ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ഒക്ടോബർ 11 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

ഒക്ടോബർ 12 മുതൽ 18 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3.** നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, ജൂലൈ 21 ന് ആരംഭിച്ചത് മൗണ്ട് നെബോയുടെ യൂട്യൂബ് ചാനലിൽ തുടരുന്നു.

**4.** ഡയറക്ടർ ഫാ തോമസ് വാഴചാരിക്കൽ സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 4 വരെ ജഗദൽപുർ DBS സമർപ്പിതസമൂഹത്തിലെ സിസ്റ്റേഴ്സിനായി ധ്യാനം കൊടുത്തു.

**5.** അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ & നെബോ ടീം സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 3 വരെ നെയ്യാറ്റിൻകര രൂപതയിലെ നെല്ലിമൂട് കാഞ്ഞിരംകുളം ദിവ്യകാരുണ്യ ഇടവകയിൽ ഇടവകജനത്തിനായി സായാഹ്നധ്യാനം കൊടുത്തു.

**6.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm:

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 നവംബർ 9 ഞായർ 5 pm - 15 ശനി, 9 am :

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ഡിസംബർ 26 വെള്ളി 5 pm – 2026 ജനുവരി 1 വ്യാഴം, 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

## ഫ്രാൻസിസ്കൻ അല്മായ സഭ

പാലാ രൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു.

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത, വിവിധ റീജിയൻ, യൂണിറ്റ് സമിതികളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഭരണങ്ങാനം അസിസ്സി ധ്യാനകേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 09 തീയതി (09-10-2025) വ്യാഴാഴ്ച വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളും രൂപതാ വാർഷികവും സാമൂചിതമായി നടത്തപ്പെട്ടു. SFO രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ വാർഷകസമ്മേളനത്തിൽ ബ്രദർ ജെയിംസ് ജോസഫ് ചെറ്റാലിൽ മുഖ്യപ്രഭാഷണവും രൂപത സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. ആന്റണി വെച്ചൂർ OFM. Cap: അനുഗ്രഹപ്രഭാഷണവും നടത്തി. തുടർന്ന് തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധ കുർബാനയും സ്നേഹവിരുന്ന് നടത്തപ്പെട്ടു. ഫാ. ആദർശ് വടക്കേടത്ത് OFM. Cap:, ഫാ. ജിതിൻ വടക്കുംമുറി OFM. Cap: എന്നിവർ വിശുദ്ധ കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. രൂപത ഭാരവാഹികളായ Tissy Raju, Tomy K Mathew, Tomy Xaviour, C. J Thomas, Annakutty Thomas, Tomy Thomas, V T Mathai, C J Kurian എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

കുളമാവ് നാടുകാണി Shallwood ( ഷാൾവുഡ്) Assissi Capuchin ആശ്രമത്തിൽ വച്ച് വിശുദ്ധ ഫ്രാൻസിസ് അസ്സിസി രചിച്ച 'സൂര്യകിർത്തനം' ന്റെ 800-ാം വാർഷികം 02-10-2025 വ്യാഴാഴ്ച സമുചിതമായി ആഘോഷിച്ചു. SFO പാലാ രൂപതയിലെ സ്പിരിചൽ അസിസ്റ്റന്റ്മാർ, റീജൻ പ്രസിഡന്റ്മാർ, രൂപത ഭാരവാഹികൾ, എന്നിവർ പ്രസിദ്ധ പരിപാടിയിൽ സംബന്ധിച്ചു. വിശുദ്ധന്റെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനം അസീസി ആശ്രമ ദേവാലയത്തിൽ വച്ച് 2025 ഒക്ടോബർ മൂന്നാം തീയതി നടന്ന സ്വർഗ്ഗപ്രവേശാനുസ്മരണ പ്രാർത്ഥനകളിലും തുടർന്ന് നടന്ന ആഘോഷ പരിപാടികളിലും SFO അംഗങ്ങൾ പങ്കെടുത്തു.

ഫാ. ആന്റണി വെച്ചൂർ OFM. Cap: (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

17-10-2025 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടറച്ചന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു. മീറ്റിങ്ങിൽ ഡി.എഫ്.സിയുടെ തുടർപ്രവർത്തനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്നു ചർച്ചകൾ നടത്തി.

1. മീഡിയ സെമിനാർ
2. പത്രപ്രചാരണമാസാചരണം

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

## ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി

19.10.2025 ൽ ഇൻഫാം പാലാ കാർഷിക ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഒരു യോഗം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിലിന്റെ അധ്യക്ഷതയിൽ നടത്തി. സെക്രട്ടറി തോമസ് മറ്റം സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് ദേശീയകമ്മിറ്റിയംഗം മാത്യു മാമ്പറമ്പിൽ പ്രസംഗിച്ചു. ഫൊറോനാതലത്തിൽ സമ്മേളനത്തിൽ വിളിച്ചുചേർത്തു പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനും അംഗത്വം 1000 ആയി ഉയർത്തുന്നതിനും പാലായിൽ ജൂബിലിസമ്മേളനം നടത്തുന്നതിനും യോഗം തീരുമാനിച്ചു. ആയതിനുവേണ്ട കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുകയും വിവിധ ഫൊറോനാതലത്തിലുള്ള പ്രവർത്തനങ്ങളുടെ ചുമതല അതാതു പ്രദേശങ്ങളിൽനിന്നുള്ള എക്സി. കമ്മിറ്റിയംഗങ്ങൾക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. അരുവിത്തുറ ഇടവകാംഗമായ ശ്രീ ജോജോ പ്ലാത്തോട്ടത്തിനെ പുതിയ എക്സി. കമ്മിറ്റിയംഗമായി തിരഞ്ഞെടുത്തു. ജോസ് ജോർജ് വടക്കേൽ നന്ദി പറഞ്ഞു. എക്സി. കമ്മിറ്റിയംഗങ്ങളായ ജോസഫ് പി.സി. പന്തിരുപറയിൽ, ജസ്റ്റിൻ സെബാസ്റ്റ്യൻ ഇടയോടിയിൽ, സെബാസ്റ്റ്യൻ കാര്യപ്പുറം, ബേബി പന്തപ്പള്ളിൽ, സെബാസ്റ്റ്യൻ ജോർജ് മുണ്ടയ്ക്കൽ തറപ്പേൽ എന്നിവർ പങ്കെടുത്തു.

## സംസ്ഥാന കമ്മിറ്റി ഡയറക്ടേഴ്സ് മീറ്റ്

പാറത്തോട് മലനാട് കോൺഫെറൻസ് ഹാളിൽവച്ച് 16.10.2025 ൽ കൂടിയ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഡയറക്ടേഴ്സ് മീറ്റിലും പാലാ കാർഷികജില്ലയിൽനിന്ന് ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, സെക്രട്ടറി തോമസ് മറ്റം എന്നിവർ പങ്കെടുത്തു. ഇൻഫാമിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വിവിധങ്ങളായ പരിപാടികളും പദ്ധതികളും നടപ്പിലാക്കുന്നതിന് യോഗം തീരുമാനം എടുത്തു. ഓരോ കാർഷിക ജില്ലയിലും ജൂബിലിസമ്മേളനങ്ങൾ നടത്തുന്നതിനും ജില്ലകളിൽ ഇൻഫാമിന്റെ അംഗത്വം കുറഞ്ഞത് 1000 എങ്കിലും ആക്കുന്നതിനും യോഗം തീരുമാനിച്ചു.

## ഇൻഫാം നിർമ്മിച്ചു നല്കിയ വീട് കൈമാറി

വയനാട്ടിലെ വിലങ്ങാട്പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ വീടു നഷ്ടപ്പെട്ട കുടുംബത്തിന് 15 ലക്ഷം രൂപ മുടക്കി ഇൻഫാം നിർമ്മിച്ചു

നൽകിയ വീടിന്റെ വെഞ്ചരിപ്പും താക്കോൽദാനവും ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ നടത്തി. കെ.സി.ബി.സി. വില ങ്ങാട് പുനരധിവാസഫണ്ടിലേക്ക് ഇൻഫാമിന്റെ വകയായി 65 ലക്ഷം രൂപ സംഭാവന നൽകുകയും ചെയ്തു. കെ.സി.ബി.സി. വിലങ്ങാട് പുന രധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന 66 ഭവനപദ്ധതിയിലാണ് ഇൻഫാം വീടുനിർമ്മിച്ചു നൽകിയത്. നാഷണൽ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ദേശീയ കമ്മിറ്റിയംഗങ്ങളായ മാത്യു മാമ്പറമ്പിൽ, സണ്ണി അരഞ്ഞാണിപുത്തൻപുര എന്നിവർ പാലായിൽനിന്നു പങ്കെടുത്തു.




## OCTOBER 2025

| | | |
|---|---|---|
| 1-7 | | ഉജ്ജയിൻ |
| 8 | 3.00 pm | ബിഷപ്സ് ഹൗസിൽ Needy Church Fund മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 9 | 4.30 pm | കടുത്തുരുത്തി ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 10 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | ചെമ്മലമറ്റം സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങൾക്കു തുടക്കം കുറിച്ചു. |
| 11 | 11.00 am | കയ്യൂർ ഇടവകയിൽ പ്രാരംഭകൂദാശകർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. |
| 11-12 | | ചക്കാമ്പുഴ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 13 | 8.00 am | ബിഷപ്സ് ഹൗസിൽ DCMS ന്റെ നേതൃത്വത്തിൽ കുഞ്ഞച്ചൻ വിളംബരജാഥ ഫ്ളാഗ് ഓഫ് ചെയ്തു സന്ദേശം നൽകി. |
| | 3.00 pm | PSWS ഗവേണിങ് ബോഡി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 14 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | മെഡിസിറ്റിയിൽ PDI മീറ്റിങ്ങിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 15 | 11.30 am | വലവൂർ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. |
| | 3.00 pm | സമകാലിക ക്രൈസ്തവവിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കോർപ്പറേറ്റ് മാനേജ്മെന്റ് സംഘടിപ്പിച്ച കേരളത്തിലെ വിവിധ സഭകളുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സന്ദേശം നൽകി. |
| 16 | 10.00 am | രാമപുരത്ത് കുഞ്ഞച്ചന്റെ തിരുനാളിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 5.00 pm | കോട്ടയം എം.ഡി സെമിനാരിയിൽ ശങ്കരപുരി ഗ്ലോബൽ എക്യുമെനിക്കൽ ഫോറം സംഘടിപ്പിച്ച മാർ ക്രിസോസ്തോം സ്മൃതിസംഗമത്തിൽ അധ്യക്ഷത വഹിച്ചു. |
| 17 | 10.00 am | പെരിയപ്പുറം ഇടവകയിൽ ഫാ. ജോസഫ് പുത്തൻപുരയിലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയകർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| 18-21 | | കല്യാൺ |
| 22 | 10.30 am | മണ്ണയ്ക്കനാട് ഡോ. വി. ജെ. ഫിലിപ്പ് വലിയമ്യാലിയിലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്കു നേതൃത്വം നല്കി. |
| | 11. 00 am | കുര്യത്ത് Preachers of Divine Mercy പുതുതായി നിർമ്മിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നടത്തി. |
| 23 | 03.00 pm | ആദരണീയയായ ഇന്ത്യൻ പ്രസിഡന്റ് ദ്രൗപദി മുർമു സംബന്ധിച്ച സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |
| 24 | 10.00 am | കൂടല്ലൂർ ഇടവകയിൽ ഫാ. തോമസ് വേങ്ങയിലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയകർമ്മങ്ങൾ നടത്തി. |

| | | |
|---|---|---|
| | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 25 | 10.00 am | ബിഷപ്സ് ഹൗസിൽ പാലാ രൂപത 43-ാം ബൈബിൾ കൺവെൻഷൻ പോസ്റ്റർ പ്രകാശനം ചെയ്തു. |
| | 4.30 pm | വലവൂർ ഇടവകയിൽ സ്നേഹഗിരി സിസ്റ്റേഴ്സിന്റെ മഠം വെഞ്ചരിച്ചു. |
| 26 | 6.00 pm | കോതനല്ലൂർ ഇടവകയുടെ 1200-ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. |
| 28 | 10.00 am | കിഴതടിയൂർ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 30 | 10.30 am | അമലഗിരി ബി.കെ. കോളേജ് ഓഡിറ്റോറിയത്തിൽ ദീപികദിനപത്രത്തിന്റെ 139-ാമത് സ്ഥാപകവാർഷികാഘോഷച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു. |
| 31 | 4.00 pm | നമ്പ്യാകുളം ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |

30.10.2025







ദീപികദിനപത്രത്തിന്റെ 139-ാമത് സ്ഥാപകവാർഷികാഘോഷങ്ങൾക്ക്
അധ്യക്ഷത വഹിച്ച് സംസാരിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

09.10.2025

ഹോം പാലാ

കടുത്തുരുത്തി CML ശാഖ



വലവൂർ

15.10.2025



സ്നേഹസ്മരണയ്ക്ക്



# ഫാ. ജോസഫ്

## പുത്തൻപുര

നമ്മുടെ പ്രിയപ്പെട്ട ജോസഫ് പുത്തൻപുര അച്ചൻ (88) 2025 ഒക്ടോബർ 14 ചൊവ്വാഴ്ച നിര്യാതനായി. സ്കറിയ-ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1937 ജൂലൈ 7ന് ജനിച്ച അച്ചൻ ഹൈസ്കൂൾവിദ്യാഭ്യാസം നാമക്കുഴി ഗവ. ഹൈസ്കൂളിൽ പൂർത്തിയാക്കി. തുടർന്ന് പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. കർമ്മലഗിരി, മംഗലപ്പുഴ സെമിനാരികളിൽനിന്ന് തത്ത്വശാസ്ത്ര- ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1963 ഡിസംബർ 3ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പിലൂടെ പാലാ രൂപത വൈദികനായി ഉയർത്തപ്പെട്ടു. തുടർന്ന് തിടനാട്, മുട്ടുചിറ എന്നീ ഇടവകകളിൽ സഹവികാരിയായും അയ്യമ്പാറ, അടുക്കം, നരിയങ്ങാനം, അറുനൂറ്റിമംഗലം, സിബിഗിരി (മുട്ടം) ഇടവകകളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. 1977 - 1981 കാലഘട്ടത്തിൽ കുമ്മണ്ണൂർ പ്രീസ്റ്റ് ഹോമിന്റെയും ഓർഫനേജിന്റെയും മാനേജർ ആയി. തുടർന്ന് മുത്തോലപുരം, മണ്ണാറപ്പാറ, ചെമ്മലമറ്റം, കോതനല്ലൂർ, കാഞ്ഞിരമറ്റം എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. 2013- 2020 വർഷങ്ങളിൽ മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിന്റെ ഡയറക്ടറായി. 15.02.2020 ൽ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ച അച്ചൻ മോനിപ്പള്ളിയിൽ സ്നേഹഭവനിൽ ചാപ്ലയിനായി സേവനം ചെയ്തു. 22.02.2025 മുതൽ മെഡിസിറ്റിയിലെ കാസ ദെൽ ക്ലേരോയിൽ വിശ്രമത്തിലായിരുന്ന അച്ചൻ ഒക്ടോബർ 14ന് നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു. മൃതസംസ്കാരശുശ്രൂഷ 17.10.2025 വെള്ളിയാഴ്ച രാവിലെ 9.00 ന് അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തു പിതാവിന്റെ കാർമികത്വത്തിൽ ഭവനത്തിൽ ആരംഭിച്ച്, അഭിവന്ദ്യ മാർ ജോസഫ് കൊല്ലംപറമ്പിൽ പിതാവിന്റെ സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമികത്വത്തിൽ പെരിയപ്പുറം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു

സ്നേഹസ്മരണയ്ക്ക്



## സി. ജറീമി പുവക്കോട്ട് CMC

ജയ്ഗിരി (79)

| | | |
|---|---|---|
| ഇടവക | : | ജയ്ഗിരി |
| ജനനം | : | 19.11.1946 |
| നിത്യവ്രതം | : | 10.07.1971 |
| മരണം | : | 27.09.2025 |
| മൃതസംസ്കാരം | : | രാമപുരം |

സേവനമനുഷ്ഠിച്ചഭവനങ്ങൾ

മുത്തോലി, കരൂർ, മണലിയാൽ, പിഴക്, ലൂർദ്മാതാ,പേരൂർ, കുറവിലങ്ങാട്, കടപ്ലാമറ്റം, നീറന്താനം, രാമപുരം

സ്നേഹസ്മരണയ്ക്ക്



## സി. മലാക്കിയ മണ്ണൂർ CMC

മണ്ണൂർ (88)

| | | |
|---|---|---|
| ഇടവക | : | മുത്തോലി |
| ജനനം | : | 13.11.1936 |
| നിത്യവ്രതം | : | 28.05.1962 |
| മരണം | : | 08.10.2025 |
| മൃതസംസ്കാരം | : | മുത്തോലി |


സേവനമനുഷ്ഠിച്ചഭവനങ്ങൾ

വെള്ളികുളം, വിളക്കുമാടം, കുറവിലങ്ങാട്, മുട്ടുചിറ, രാമപുരം, മുണ്ടാങ്കൽ, തിടനാട്, ഉള്ളനാട്, മുരിക്കുംവയൽ, അന്തിനാട്, മുത്തോലി

സ്നേഹസ്മരണയ്ക്ക്

# റവ. ഫാ. ഡോ. തോമസ്

## വേങ്ങയിൽ



പ്രിയപ്പെട്ട തോമസ് വേങ്ങയിൽ അച്ചൻ (93) 2005 ഒക്ടോബർ 20ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1932 ഒക്ടോബർ 15ന് ജനിച്ച അച്ചൻ 17.03.1957 ൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പിലൂടെ പാലാ രൂപതയിൽ അഭിഷിക്തനായി. 1957 - 1961 കാലഘട്ടത്തിൽ കുറവിലങ്ങാട് പള്ളിയിൽ സഹവികാരിയായി ശുശ്രൂഷ ചെയ്ത അച്ചൻ 1961- 1963 വരെ കവീക്കുന്ന് പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു. തുടർന്ന് സൗത്ത് അമേരിക്കയിലെ ജോർജ് ടൗൺ രൂപതയിൽ അജപാലനശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ടു. അവിടെ ധനതത്ത്വശാസ്ത്രത്തിലും സാമൂഹിക ശാസ്ത്രത്തിലും ബിരുദാനന്തരബിരുദം നേടിയ അച്ചൻ ധനതത്ത്വശാസ്ത്രത്തിൽ പി. എച്ച്.ഡി. കരസ്ഥമാക്കി. തുടർന്ന് ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്നു ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ സമ്പാദിച്ചു. 1970 മുതൽ ഗുവാം ഗവർണറുടെ സാമ്പത്തിക ഉപദേഷ്ടാവായി നിയമിക്കപ്പെട്ടു. 1981 മുതൽ ഫ്ളോറിഡയിലെ പാം ബീച്ച് രൂപതയിലെ ന്യൂ ഗിൽ സ്കൂളിന്റെ ചെയർമാനായും വിവിധ ഇടവകകളിൽ പുരോഹിതശുശ്രൂഷകനായും സേവനം ചെയ്തു. 2009 ൽ മാതൃ ഇടവകയായ കൂടല്ലൂരിൽ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച അച്ചൻ 2016 മുതൽ വിശ്രമത്തിനായി കേരളത്തിലായിരുന്നു. 2025 ഒക്ടോബർ 20ന് അച്ചൻ അന്ത്യയാത്ര പറഞ്ഞു. മൃതസംസ്കാരശുശ്രൂഷ ഒക്ടോബർ 24 ചൊവ്വാഴ്ച 10 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമികത്വത്തിലുള്ള വിശുദ്ധ കുർബാനയോടുകൂടി കൂടല്ലൂർ സെന്റ് ജോസഫ്സ് ദേവാലയസെമിത്തേരിയിൽ സംസ്കരിച്ചു.

സ്നേഹസ്മരണയ്ക്ക്



### സി. ഗ്രേയ്സ് വാഴചാരിക്കൽ DST (79)

| | | |
|---|---|---|
| ഇടവക | : | പയസ്മൗണ്ട് |
| ജനനം | : | 16.11.1946 |
| നിത്യവ്രതം | : | 22.06.1981 |
| മരണം | : | 11.10.2025 |
| മൃതസംസ്കാരം | : | കുറവിലങ്ങാട് |

[illegible]

അരുവിത്തുറ, ഒഡിഷ, പാലക്കാട്, പാലാ, കുറവിലങ്ങാട്, കളത്തൂക്കടവ്, മണിയന്താനം, കുറിച്ചിത്താനം

സ്നേഹസ്മരണയ്ക്ക്



### സി. ജോസ് കാതറൈൻ FCC

കൊട്ടുകാപ്പള്ളി പുതുമന (95)

| | | |
|---|---|---|
| ഇടവക | : | മീനച്ചിൽ |
| ജനനം | : | 05.01.1930 |
| നിത്യവ്രതം | : | 17.11.1952 |
| മരണം | : | 18.10.2025 |
| മൃതസംസ്കാരം | : | പാലാ കത്തീഡ്രൽ |

[illegible]

[illegible]

25.10.2025







വിശുദ്ധ കുർബാന നൽകുവാൻ സഹായിക്കുന്ന സന്ന്യാസിനിമാർക്കുള്ള
പരിശീലനക്ലാസ്സിൽ സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

26.10.2025



പാലാരൂപത 43-ാ മത്
ബൈബിൾ കൺവെൻഷൻ
പോസ്റ്റർ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
പ്രകാശനം ചെയ്യുന്നു.

26.10.2025





കോതനല്ലൂർ ഇടവകയുടെ 1200-ാം
വാർഷികം ഉദ്ഘാടനം ചെയ്ത്
സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

11.10.2025

12.10.2025

## ഇടയനടുത്ത സന്ദർശനം - ചക്കാമ്പുഴ ഇടവക















2025
NOVEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St.Thomas Press, Palai and Published by Fr. Kurian Mukkamkuzhiyil